
കൃപയുടെ
കനൽ വഴികൾ
ഡോ. മൈക്കിൾ കാരിമറ്റം

# കൃപയുടെ കനൽ വഴികൾ

## ഡോ. മൈക്കിൾ കാരിമറ്റം



# കൃപയുടെ കനൽ വഴികൾ

## ആമുഖം

*"നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്"* (ജെറ. 29, 11).

ഇതൊരു ജീവചരിത്രമല്ല, ആത്മകഥയുമല്ല, കടന്നുപോന്ന ക്ലേശങ്ങളുടെ കനൽ വഴികളിൽ കർത്താവു കൈപിടിച്ച് നടത്തിയ ചില അനുഭവങ്ങളുടെ ഓർമ്മക്കുറിപ്പുകൾ മാത്രം. ജനിച്ച് ഒൻപതു മാസം പ്രായമായപ്പോൾ മലബാറിലേക്കുള്ള കുടിയേറ്റം. ഒരു വയസ്സു തികയുന്നതിനു മുമ്പേ ആരംഭിച്ച മാരക രോഗങ്ങൾ. ആയിരങ്ങളുടെ ജീവനപഹരിച്ച മലേറിയ, ശരീരം മുഴുവൻ വിണ്ടുകീറിയ കരപ്പൻ, മറ്റു രോഗങ്ങൾ. ബാല്യം മുതൽ അനുഭവിച്ച കൊടിയ ദാരിദ്ര്യം. കഠിനാധ്വാനം, അതു വരുത്തിവെച്ച രോഗങ്ങൾ. ക്ഷയം, ഹൃദ്രോഗം, എല്ലാം അവസാനിച്ചു എന്നു തോന്നിയ നിമിഷങ്ങൾ. കഴിയുന്നതും വേഗം ഈ ജീവിതം അവസാനിച്ചാൽ മതിയെന്നു കരുതി പ്രാർത്ഥിച്ച അവസരങ്ങൾ.

ദാരിദ്ര്യവും കഠിനാധ്വാനവും വരുത്തിവച്ച അപകർഷബോധം. സഹപാഠികളെല്ലാം വൃത്തിയായ വസ്ത്രം ധരിച്ച് അലസമായി കളിച്ചും ചിരിച്ചും സാവകാശം സ്കൂളിൽ പോകുമ്പോൾ ഞാൻ കീറിയ ഷർട്ടും റബർ പാലിന്റെ കറപുരണ്ട കൈകളുമായി ഓടിക്കിതച്ച് സ്കൂളിൽ എത്തുമ്പോഴേക്കും സമയം വൈകിയതിനാൽ ക്ലാസ്സിനു പുറത്തുനിൽക്കാൻ കൽപ്പിക്കുന്ന ശിക്ഷ. തിരിഞ്ഞു നോക്കുമ്പോൾ ബാല്യകാലത്തു മാതാപിതാക്കളുടെ സ്നേഹമല്ലാതെ സന്തോഷ കരമായ അധികമൊന്നും കാണാനില്ല. എന്നാലും, കഠിനാധ്വാനത്തിന്റെ നടുവിലും, സാമാന്യം നന്നായി പഠിക്കാനും പരീക്ഷയ്ക്ക് സ്കൂളിൽ മൂന്നാം സ്ഥാനം കിട്ടാനും ദൈവം സഹായിച്ചു.

അതേ, ദൈവം സഹായിച്ചു നടത്തിയതിന്റെ സാക്ഷ്യം മാത്രമേ എനിക്കു പറയാനുള്ളു. ദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും അപകർഷബോധത്തിന്റെയും പടുകുഴിയിൽ നിന്നു കർത്താവു പൊക്കിയെടുത്ത്, സ്വപ്നത്തിൽ പോലും കാണാൻ കഴിയാത്തത്ര അനുഗ്രഹങ്ങൾ കൊണ്ട് എന്നെ നിറച്ചു.

കുന്നോത്ത് മൈനർ സെമിനാരിയിൽ തുടക്കം (1959-61). ആലുവാ കർമ്മലഗിരിയിൽ തത്വശാസ്ത്ര പഠനം (1961- 64). തുടർന്ന് റോമിലെ പ്രൊപ്പഗാന്താ കോളേജിൽ ദൈവശാസ്ത്ര പഠനം (1964- 68). വൈദികനായതിനു ശേഷം, ബൈബിൾ പഠനത്തിനു ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിട്യൂട്ടിൽ ബൈബിൾ പഠനം (1968-71). ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് ബിരുദം (1972-79). പതിനഞ്ചു വർഷത്തെ പഠനത്തിനുശേഷം നാട്ടിൽ തിരിച്ചെത്തി. ആറുമാസം (1979) ചെമ്പേരി ഇടവകയിൽ ജോലി. രണ്ടര വർഷം പി ഓ സി. യിൽ ബൈബിൾ വിവർത്തനം (1980-82). പതിനഞ്ചു വർഷം തലശ്ശേരി രൂപതയിൽ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ ഉത്തരവാദിത്വം (1982-97). തുടർന്ന് ഡിവൈൻ ബൈബിൾ കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പലായി നാലുവർഷം (1998-2002). അവസാനമായി തൃശൂർ മേരി മാതാ മേജർ സെമിനാരിയിൽ ബൈബിൾ അധ്യാപകനായി ഇരുപതു വർഷം (2002-2022). എൺപതു വയസ്സു പൂർത്തിയായതിനാൽ ഔദ്യോഗികമായ ജോലികളിൽനിന്നു വിരമിച്ച് തലശ്ശേരി രൂപതയിലെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം (2022 മുതൽ). തിരിഞ്ഞുനോക്കുമ്പോൾ നന്ദി മാത്രമേ പറയാനുള്ളൂ ദൈവത്തിനും ദൈവം എന്റെ ജീവിതത്തിലേക്ക് കടത്തിവിട്ട നിരവധി നല്ല മനുഷ്യർക്കും.

വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിൽ നിന്ന് മറ്റുള്ളവർക്കും പ്രചോദനമാകാം എന്നു കരുതുന്ന ചിലതുമാത്രം ഇവിടെ കുറിക്കുന്നു. *"മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു"* (ഏശ. 49, 15-16). ഈ പ്രവാചക വചനം എന്നോടു പറയുന്നതാണെന്ന് അനുഭവം എന്നെ പഠിപ്പിച്ചു. ഇതിന്റെ അർത്ഥം അനുഭവിച്ചറിഞ്ഞതിന്റെ ചില ഓർമ്മക്കുറിപ്പുകൾ മാത്രമാണിത്. ഇതു വായിക്കുന്ന നിങ്ങൾക്കും സമാനമായ അനുഭവങ്ങൾ ഉണ്ടായിരിക്കാം. ജീവിതത്തെ ദൈവം നയിച്ച ആ അനുഭവങ്ങൾ ഓർമ്മിച്ചെടുക്കാൻ സഹായകമാകും എന്ന പ്രതീക്ഷയാണ് ഈ ഓർമ്മക്കുറിപ്പുകൾ പ്രസിദ്ധീകരിക്കാൻ പ്രേരണയായത്. ദൈവം അനുഗ്രഹിക്കട്ടെ.

# അദ്ധ്യായം 1

**വലിച്ചെടുത്ത തീക്കൊള്ളി:** അടുപ്പിൽനിന്നു വലിച്ചെടുത്ത തീക്കൊള്ളിയാണു ഞാൻ. കത്തിച്ചാമ്പലാകാൻ ഏറെ താമസമുണ്ടായിരുന്നില്ല. ഒരു ബോധക്ഷയത്തിന്റെയും പക്ഷാഘാതത്തിന്റെയും (stroke) വക്കിലെത്തിയ എന്നെ ജോർജ് കോവൂർ ഡോക്ടറിന്റെ കൈകളിലൂടെ കർത്താവു വലിച്ചെടുത്തു. ജൂൺ 20, 2000 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് വീണ്ടും മരണ നിദ്രയിലേക്ക് ആണ്ടു പോകാൻ ഒരുങ്ങിയപ്പോൾ പിന്നെയും പൊക്കിയെടുത്തു. പാതാള വാതിൽക്കൽ നിന്നല്ല, മരണഗർത്തത്തിൽ നിന്നുതന്നെ. എന്തിനുവേണ്ടി? എന്താണ് അവിടുത്തെ പദ്ധതി?

ഞാൻ രൂപംകൊടുക്കുന്ന പദ്ധതികളെല്ലാം ചീട്ടുകൊട്ടാരം പോലെ അവിടന്നു തട്ടിത്തകർക്കുന്നു. എന്തിനെന്നറിയാതെ കാത്തിരിക്കുകയാണു ഞാൻ. വേദനകളില്ല, ദുഃഖങ്ങളില്ല, പശ്ചാത്താപമോ നഷ്ടബോധമോ ഇല്ല. ഒരു നിസ്സംഗത, ശൂന്യത, വ്യർത്ഥത. അർഹിക്കാത്ത പരിഗണനയും അളക്കാനാവാത്ത സ്നേഹവും കൊണ്ട് സുഹൃത്തുക്കൾ വീർപ്പുമുട്ടിക്കുന്നു. അറിയാതെ കണ്ണുകളിൽ ഉറവ പൊട്ടുന്നു. എന്തിനെന്നറിയാതെ, നിർത്താനാവാതെ, തുടച്ചിട്ടും തുടച്ചിട്ടും തീരാതെ അശ്രുധാരയൊഴുകുന്നു. തലയൊരു കണ്ണീർ തടാകമായതുപോലെ. ദുഃഖത്തിന്റെയോ നിരാശയുടെയോ അല്ല, നന്ദിയുടേയും സന്തോഷത്തിന്റെയും.

മനസ്സ് എപ്പോഴും പ്രവർത്തനനിരതമാണ്. എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു വായാടി. ആരോടാണ് സംസാരിക്കുന്നത്, എന്താണ് സംസാരിക്കുന്നത് എന്നൊന്നും ഞാൻ പലപ്പോഴും ശ്രദ്ധിക്കാറില്ല. ഉള്ളിൽ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരിക്കുന്നു എന്ന കാര്യത്തെക്കുറിച്ചുപോലും മിക്കപ്പോഴും ഞാൻ ബോധവാനല്ല. എന്നാലും ഉറക്കത്തിലും ഉണർവിലും ഞാൻ സംസാരിക്കുന്നു. ചിലപ്പോൾ എന്നോട്. ചിലപ്പോൾ കൂട്ടുകാരോട്. ചിലപ്പോൾ വിരോധികളോട്. ബോധാവസ്ഥയിൽ സ്വീകരിക്കാനും അംഗീകരിക്കാനും ഞാൻ വിസമ്മതിക്കുന്ന കാര്യങ്ങൾ ഈ ഉപബോധാവസ്ഥയിൽ പറഞ്ഞുകൊണ്ടിരിക്കും. ദിവാസ്വപ്നങ്ങളായിരിക്കാം – കളിയിലും പാട്ടിലും പ്രസംഗത്തിലും ഒന്നും കാര്യമായ ഒരു പ്രാഗൽഭ്യവുമില്ലാത്ത ഞാൻ ഇവയിലൊക്കെ ഗംഭീരമായ വിജയം വരിക്കുന്നതായി സ്വയം വിഭാവനം ചെയ്യും. ശത്രുക്കളുമായി ചിലപ്പോൾ ശക്തമായ വാഗ്വാദത്തിൽ ഏർപ്പെടും. കഴിഞ്ഞ കാലത്തെ

ചില അനുഭവങ്ങൾ മനസ്സിൽ ഏൽപ്പിച്ച മുറിവിന്റെ പൊറ്റൻ പൊളിച്ചു നീറ്റലും വേദനയും ആസ്വദിക്കും. ചിലപ്പോൾ അപകർഷബോധം എന്നെ കീഴടക്കും. പ്രത്യേകിച്ചും സെമിനാരിയിൽ ചേരുന്നതുവരെയുള്ള കാലഘട്ടത്തിലെ (4 മുതൽ 17 വയസ്സു വരെ) അനുഭവങ്ങൾ. ഇതെല്ലാം ചാറ്റൽ മഴ പോലെ മനസ്സു മന്ത്രിച്ചു കൊണ്ടിരിക്കും.

നോക്കൂ, നിന്നെ ഒന്നിനും കൊള്ളില്ല. നീ എത്ര ശ്രമിച്ചാലും ഒട്ടും നന്നാകാനും പോകുന്നില്ല. ഇല്ലായ്മകളും കഴിവുകേടുകളും കുറ്റങ്ങളും പാപങ്ങളും എല്ലാം എന്റെ മേൽ വലിയ ഒരു ഭാരമായി ഇരിക്കും. ലോറിയുടെ അടിയിൽപ്പെട്ടതുപോലെ പിടയും. കഴിഞ്ഞതൊക്കെ ഒരു ചലച്ചിത്രത്തിലെന്നപോലെ മനസ്സ് മുന്നിൽ കൊണ്ടുവന്ന് എന്റെ മുഖത്ത് ചളിവാരിയെറിയുമ്പോൾ ഉറുമ്പിൻ കൂട്ടത്തിൽപെട്ട പുഴുവിനെപ്പോലെ ഞാൻ പിടയും. ഇതാണു പലപ്പോഴും മനസ്സിന്റെ ക്രൂരമായ വികൃതി. എന്നാൽ ഇതു മാത്രമല്ല. ചെയ്യാൻ സാധിച്ച നല്ല കാര്യങ്ങളും മനസ്സിന്റെ മറ്റൊരു കോണിൽനിന്നു പൊങ്ങിവരും. ബാല്യംമുതലേ ചെയ്ത കഠിനാധ്വാനം. സാഹചര്യങ്ങൾ പ്രതികൂലമായിരുന്നിട്ടും പഠനത്തിൽ പിന്നിലാകാതിരുന്നത്. മാരകമായ രോഗങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടത്. മനംപൊട്ടിക്കരയുന്ന പലരുടെയും കണ്ണീരൊപ്പാൻ കഴിഞ്ഞത്. അതോടൊപ്പം ചിലപ്പോഴെല്ലാം കയ്യിലും ഹൃദയത്തിലും മുറിവേറ്റത്. ദൈവവചനം പഠിക്കാനും കുറച്ചൊക്കെ പറഞ്ഞു കൊടുക്കാനും കഴിഞ്ഞത്. ഇങ്ങനെ പലതും. ഈ സംസാരത്തിനിടയിൽ ദൈവത്തിന് അധികമൊന്നും സ്ഥാനം ലഭിക്കാറില്ല?

അല്ല അതു സത്യമല്ല. ഇതിന്റെയെല്ലാം നടുവിൽ, ഉള്ളിന്റെയുള്ളിൽ (എന്റെ കണ്ണുനിറയുന്നു, ഹൃദയം പിടയുന്നു?) ഞാൻ അറിയാതെ, കേൾക്കാതെ, ശബ്ദമോ രൂപമോ ഇല്ലാതെ എന്നെ നയിക്കുന്ന ശക്തിയായി അവിടുന്ന് ഉണ്ടായിരുന്നു. വാചാലമായി പ്രാർത്ഥിക്കാൻ എനിക്ക് അറിയില്ല. അരമിനിറ്റുകൊണ്ടു പ്രാർത്ഥന തീരും. വ്യക്തിപരമായി പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ മുകളിൽ പറഞ്ഞ വ്യാപാരങ്ങളിൽ മനസ്സുമുഴുകും. ചിലപ്പോൾ നെടുവീർപ്പുകൾ ഉയരും. അവന്റെ രൂപം ഞാനൊരിക്കലും കണ്ടിട്ടില്ല; ശബ്ദം ഒരിക്കലും കേട്ടിട്ടില്ല. കൃത്യമായ ഒരു നിർദ്ദേശവും വ്യക്തമായി എനിക്കു ലഭിച്ചിട്ടില്ല. ഇരുട്ടിൽ തപ്പിത്തടയുമ്പോൾ ഒരു കൈത്തിരിയായി അവൻ പ്രത്യക്ഷപ്പെട്ടിട്ടുമില്ല. ഒരു വചനം പോലും വായിച്ച് മനസ്സിൽ ഉറപ്പിക്കാനായി ചൂണ്ടിക്കാണിച്ചുതന്നിട്ടില്ല. എന്നിട്ടും ഞാൻ

അറിയുന്നു. അവൻ ദൂരത്തെങ്ങുമല്ല. എന്നെ അനാഥനായി വിട്ടുകള ഞ്ഞിട്ടില്ല, സഹായകനായി എന്റെ കൂടെയുണ്ട് എന്ന് കടന്നുപോന്ന വഴികളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഞാൻ അറിയുന്നു. ഇതായിരിക്കുമോ *"നിനക്ക് എന്റെ പിൻഭാഗം കാണാം, മുഖം കാണാനാവില്ല"* (പുറപ്പാട് 33, 23) എന്ന മോശയോട് പറഞ്ഞതിന്റെ അർത്ഥം!

തല തുരന്നതിനുശേഷം സ്വയം സംഭാഷണത്തിൽ കാതലായ മാറ്റം വന്നതായി കാണുന്നു. നിഷേധാത്മക ചിന്തകൾ കുറഞ്ഞു. അപകർഷബോധം തെല്ലൊന്നു ശമിച്ചു. മുടി വടിച്ചുമാറ്റിയപ്പോൾ രോമം കത്രിക്കുന്നവരുടെ മുമ്പിൽ കുഞ്ഞാടിനേപ്പോലെയായി. അവന്റെ സജീവസാന്നിധ്യം അപ്പോഴും നേരിട്ട് അനുഭവിക്കാനായില്ല. എന്നാൽ ഒരുപറ്റം സഹോദരങ്ങളും മക്കളും ചുറ്റിലുമുണ്ടായിരുന്നു. അനേകായിരങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നു എന്ന വാർത്ത അത്രയും പേർ എന്നെ സ്നേഹിക്കുന്നു എന്ന തിരിച്ചറിവായി മാറിയപ്പോൾ ഹൃദയത്തിൽ നന്ദി നിറഞ്ഞു കവിഞ്ഞ് കണ്ണുകളിലൂടെ നീർച്ചാലായി ഒഴുകി. വേദനയും ദുഃഖവും നിരാശയുമൊക്കെയായി തെറ്റിദ്ധരിക്കപ്പെട്ടെങ്കിലോ എന്നു കരുതി തിരിഞ്ഞു കിടന്നു. മുഖം പൊത്തി. ജീവിതത്തിൽ ആദ്യമായിട്ടാണ് ഈ തിരിച്ചറിവുണ്ടാകുന്നത്. നന്ദിയുടെയും സന്തോഷത്തിന്റെയും വേലിയേറ്റം ഏകാന്തതയുടെയും അപകർഷബോധത്തിന്റെയും കോട്ടകൾ തകർത്തു.

ഇന്നു ഞാൻ സ്വതന്ത്രനാണ്. എന്റെ സംരക്ഷണത്തിനായി ഞാൻ തന്നെ പടുത്തുയർത്തിയ കോട്ടകളും അണിഞ്ഞിരുന്ന കവചകുണ്ഡലങ്ങളും എനിക്കു നഷ്ടപ്പെട്ടു. അനേകം പേർ സഹോദര ങ്ങളായി, മക്കളായി, ഹൃദയത്തെ കടന്നാക്രമിച്ചു കീഴടക്കി പങ്കുവച്ചു. ഞാൻ ഒരു ഭീരുവായിരുന്നു. വികാരങ്ങളെ ഭയന്നിരുന്നു. ബന്ധങ്ങൾ ബന്ധനങ്ങളാകുമെന്നു ഭയന്ന് സകലരെയും ഒരു വിളിപ്പാടകലെ നിർത്തുമായിരുന്നു. പുറത്തേക്കൊഴുകാൻ വേണ്ടി അലയടിച്ചുയരുന്ന വികാരതരംഗങ്ങൾ ഹൃദയഭിത്തികളെ അടിച്ചുലക്കുമ്പോഴും എന്റെ ഏകാന്തതയിൽ ഞാൻ ഉറച്ചുനിന്നു. ഉണ്ടാകുന്ന വിള്ളലുകൾ ഉടനെ അടച്ചും ബലഹീനം എന്ന് തോന്നുന്ന ഭാഗങ്ങൾ അപ്പപ്പോൾ ശക്തിപ്പെടുത്തിയും, അടുക്കാതെയും എന്നാൽ അത്ര അകലാതെയും ഞാൻ പിടിച്ചുനിന്നു. എന്നാൽ ഇപ്പോൾ അതിനു കഴിയുന്നില്ല.

വികാരങ്ങൾ ദൈവം നൽകിയ ദാനമാണെന്ന തിരിച്ചറിവ് വലിയൊരു സ്വാതന്ത്ര്യത്തിന്റെ മേഖല തുറന്നു തന്നു. നേരായ വഴിയിലൂടെ തുറന്നുവിട്ടാൽ അത് വലിയൊരു ശക്തിയാകും എന്നു

പണ്ടേ ബുദ്ധികൊണ്ട് അറിയാമായിരുന്നെങ്കിലും ഇന്ന് അത് ഒരു അനുഭവജ്ഞാനമായി മാറി. അനുവദിക്കാത്ത മേഖലകളിലേക്കും ഒഴുകിയിറങ്ങാനുള്ള പ്രവണതകൾ ഇല്ലെന്നല്ല. മനസ്സിന്റെ സകല മേഖലകളെയും വിഷലിപ്തമാക്കാൻ കഴിവുള്ള കാളകൂടം ഏതോ കോണിൽ സൂക്ഷിച്ചിട്ടുണ്ട്. പത്തിയടക്കി പതിയിരിക്കുന്ന കാളിയൻ എപ്പോഴാണ് വീണ്ടും പത്തിവിടർത്തി പുറത്തുവരിക എന്നറിയില്ല. എന്നാലും ഭയമില്ല, അവനെക്കാൾ ശക്തനാണ് നാഥൻ.

ദൈവം സ്നേഹമാണ്. എത്രയോ ആയിരം തവണ ഞാൻ ആവർത്തിച്ചു പറയുകയും തൊണ്ട കീറി കുരയ്ക്കുകയും ചെയ്ത സത്യം! എന്നാൽ സ്നേഹിക്കാനും സ്നേഹം പ്രകടിപ്പിക്കാനും ഉള്ളിൽ നിന്ന് പ്രചോദനമുണ്ടാകുമ്പോൾ മനസ്സ് വിഹ്വലമാകും. സംശയം, ഭയം, അപകർഷം എല്ലാംകൂടി കവചം സൃഷ്ടിക്കും. ആമയെപ്പോലെ സ്വയം നിർമ്മിച്ച തോടിനുള്ളിലേക്കു തല വലിക്കും, ഇതാണു വിശുദ്ധിയെന്ന് കരുതും. എന്നാൽ, സ്നേഹിക്കുന്നിടത്തേ ദൈവമുള്ളൂവെന്ന്, അഥവാ പരസ്പരം ബന്ധിക്കുന്ന സ്നേഹം തന്നെയാണ് ദൈവമെന്ന് അറിയാൻ എത്ര വൈകി! *"എത്രവൈകി ഞാൻ എന്റെ ദൈവമേ, നിന്റെ സ്നേഹമറിയാൻ, നിന്നെ സ്നേഹിക്കുവാൻ!"* തികച്ചും ആകസ്മികമായി കണ്ടുമുട്ടിയ വ്യക്തികൾ - നീയാണ് അവരെ എന്റെ ജീവിതത്തിലേക്ക് കടത്തിവിട്ടത് എന്നു ഞാനറിയുന്നു. മതി! എനിക്ക് തൃപ്തിയായി. ഒരു രൂപവും കാണേണ്ട, ഒരു ശബ്ദവും കേൾക്കണം എന്നുമില്ല. പ്രത്യേകമായ ഒരു വരവും വേണ്ട, ഇതു മാത്രം മതി. നീ എന്നോടുകൂടിയുണ്ടെന്ന ബോധ്യം, എന്റെ ജീവിതത്തിലേക്കു നീ കടത്തിവിടുന്ന വ്യക്തികൾക്ക് ഒരു പോറൽപോലും ഏൽപ്പിക്കാതെ സ്നേഹിക്കാനും കാത്തുസൂക്ഷിക്കാനും വേണ്ട കൃപ. എനിക്കിതു മതി. ഹൃദയത്തിൻറെ അടിത്തട്ടിൽ ഉറഞ്ഞുകൂടി ചിലപ്പോഴൊക്കെ മനസ്സിനെ മലിനമാക്കുന്ന വിഷം നീ എടുത്തുമാറ്റണം. സ്വാർത്ഥം തേടാതെ സ്നേഹിക്കാൻ നീ ഇനിയും എന്നെ പഠിപ്പിക്കണം.

എഴുതാൻ തുടങ്ങിയപ്പോൾ ഉദ്ദേശിച്ചത് ഇതൊന്നും ആയിരുന്നില്ല. എന്നോടു തന്നെ ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്നതു പ്രാർത്ഥനയാക്കി മാറ്റേണ്ടത് എങ്ങിനെയെന്ന് എഴുതിവയ്ക്കാനാണു ശ്രമിച്ചത്. അതിപ്പോൾ ഇങ്ങനെയായി.

# അദ്ധ്യായം 2

**പാതാള വാതിൽക്കൽ നിന്ന്:** *"എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക! എന്റെ അന്തഃരംഗമേ, അവിടത്തെ വിശുദ്ധനാമത്തെ പുകഴ്ത്തുക. എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക! അവിടന്ന് നൽകിയ അനുഗ്രഹമൊന്നും മറക്കരുത്. അവിടന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു. നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു. അവിടുന്നു നിന്റെ ജീവനെ പാതാളത്തിൽനിന്നു രക്ഷിക്കുന്നു; അവിടുന്നു സ്നേഹവും കരുണയുംകൊണ്ടു നിന്നെ കിരീടമണിയിക്കുന്നു. നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെടാൻവേണ്ടി, നിന്റെ ജീവിതകാലമത്രയും നിന്നെ സംതൃപ്തനാക്കുന്നു"* (സങ്കീ. 103, 1-5).

തലയിൽ നടത്തിയ ഓപ്പറേഷന്റെ തുന്നിക്കെട്ടുകൾ അഴിച്ച്, വിശ്രമത്തിനു നിർദ്ദേശവുമായി തൃശ്ശൂർ ഹാർട്ട് ഹോസ്പിറ്റലിൽ നിന്ന് പറഞ്ഞയക്കുമ്പോൾ ഡോക്ടർ ജോർജ് കോവൂർ ഓർമിപ്പിച്ചതാണ് ഈ സങ്കീർത്തന ഭാഗം. ജീവനെ പാതാളത്തിൽ നിന്ന് രക്ഷിച്ചതാണ്, ഇനി കുറച്ചുകാലം വിശ്രമിക്കണം, അത് നഷ്ടമാക്കരുത്, പൂർവാധികം ശക്തിയോടെ കർത്താവിന്റെ വയലിൽ വേല ചെയ്യാനുള്ള ഒരുക്കമായി കാണണം. അത്ഭുതകരമായ ഒരു രോഗസൗഖ്യമാണ് അച്ചന് ദൈവം നൽകിയിരിക്കുന്നത്. വിശ്രമകാലം കഴിയുമ്പോൾ ഓർമ്മശക്തി വർദ്ധിക്കും. കാഴ്ചയും ഉൾക്കാഴ്ചയും കൂടുതൽ സൂക്ഷ്മമാകും. വചനം ശക്തമായി പ്രഘോഷിക്കാൻ കഴിയും. അച്ചനെപ്പോലെ ഒരു കത്തോലിക്കാ പുരോഹിതനെ ഞാൻ കണ്ടിട്ടില്ല. വചനത്തോടുള്ള ആഭിമുഖ്യവും അതിലുള്ള അവഗാഹവും പഠിപ്പിക്കുന്നതിലുള്ള വ്യക്തതയും ലാളിത്യവും താൽപര്യവുമെല്ലാം തികച്ചും വ്യത്യസ്തമാണ്. ഇതെല്ലാം കൂടുതൽ ശക്തമാകും. ഏതാണ്ട് ഇങ്ങനെയൊരു ഉപദേശവും നൽകിയാണ് എന്നെ പറഞ്ഞയച്ചത്.

കർത്താവ് നൽകിയ അനുഗ്രഹങ്ങൾ രണ്ടുവിധത്തിലാണ് സങ്കീർത്തകൻ കാണുന്നത്, ജീവനെ പാതാളത്തിൽ നിന്നു രക്ഷിക്കുന്നു, അകൃത്യങ്ങൾ ക്ഷമിക്കുന്നു. രണ്ടും എന്റെ ആഴമേറിയ അനുഭവങ്ങൾ തന്നെ. പാതാളത്തിൽ നിന്ന് പൊക്കിയെടുത്ത അനുഭവം. മൃതരുടെ ലോകമാണ് പാതാളം. അവിടെ ജീവനില്ല, പ്രകാശമില്ല, യാതൊരു ചലനവുമില്ല. അന്ധകാരം, നിതാന്തനിശബ്ദത, നിത്യശൂന്യത. പാതാളത്തെ സംബന്ധിച്ച് ബൈബിൾ അവതരിപ്പിക്കുന്ന കാഴ്ചപ്പാടുകളിൽ ഒന്നുമാത്രമാണിത്. ഉറവ വറ്റി വരണ്ട് ഉണങ്ങിയ

നദി, തിരിച്ചുവരാതെ കടന്നുപോകുന്ന ശ്വാസം, പുഴുക്കൾക്ക് ഇരയാകുന്ന ശരീരം, മണ്ണിനടിയിൽ നിശ്ചലമായി കിടക്കുന്ന ശവം, പ്രതീകങ്ങൾ ഏറെയുണ്ട്.

**മാരകമായ രോഗത്തിൽനിന്ന്:** പാതാള വാതിൽക്കൽ നിന്ന് എന്നെ ദൈവം തിരിച്ചു കൊണ്ടുവന്നു, ഒന്നല്ല അനേകം തവണ. 1943 ഏപ്രിൽ മാസത്തിലാണ് മാതാപിതാക്കൾ ഒൻപത് മാസം പ്രായമായ എന്നെയും കൊണ്ട് മലബാറിലേക്ക് കുടിയേറിയത്. കോഴിക്കോടുനിന്ന് ഏകദേശം 50 കിലോമീറ്റർ വടക്കുകിഴക്കായി പെരുംകൈത എന്ന ഒരു കുഗ്രാമത്തിൽ വാസമുറപ്പിച്ചു. തഴ തഴച്ചു വളരുന്ന ചതുപ്പുനിലം. കൈത പെരുകുന്ന സ്ഥലത്തിന് പെരുംകൈത എന്ന പേരു വന്നു. തഴയും കൈതയും ഒന്നു തന്നെ. ചില കുടുംബങ്ങൾ തലേവർഷം ആ പ്രദേശത്ത് കുടിയേറിയിരുന്നു. ആദ്യകാല കുടിയേറ്റത്തിന്റെ സകല ദുരിതങ്ങളും ഞങ്ങൾ അനുഭവിച്ചു. പെരുംകൈതയിൽ കുടിൽ കെട്ടി താമസമാക്കി. ഏറെ താമസിയാതെ മഴക്കാലമായി. എന്നെ സംബന്ധിച്ച പ്രധാനപ്പെട്ട സംഭവം ദേഹം മുഴുവൻ ചൊറി നിറഞ്ഞു എന്നതാണ്. അതിൽ ത്തന്നെ മാരകമായ രോഗമല്ലെങ്കിലും എന്നെ അതു പാതാള വാതിൽക്കലെത്തിച്ചു. തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയറ്റു. അടുത്തെ ങ്ങും ആശുപത്രിയില്ല. മരുന്നോ വൈദ്യനോ ഇല്ല. ഏക ആശ്രയം "പാറയ്ക്കൽ വൈദ്യൻ" എന്നറിയപ്പെട്ടിരുന്ന ഒരു നാട്ടുവൈദ്യനാണ്. കുളത്തുവയൽ മേഖലയിലെ ആദ്യകാല കുടിയേറ്റക്കാരിൽ അനേ കരുടെ ജീവൻ രക്ഷിച്ച ആ നല്ല മനുഷ്യന് ദൈവം നിത്യാശ്വാസം നൽകട്ടെ!

ഏക മകനെ മരണത്തിനു വിട്ടുകൊടുക്കാൻ ചാച്ചനും അമ്മച്ചിയും തയ്യാറായിരുന്നില്ല. സ്വന്തം ജീവൻ കൊടുത്തും മകന്റെ ജീവൻ രക്ഷിക്കണം. അതിനു ചാച്ചൻ തയ്യാറായി. വൈദ്യൻ ഒരു കഷായത്തിന് കുറിച്ചു. ഏതാനും ചില അങ്ങാടി മരുന്നും കുറച്ചു പച്ചമരുന്നും എല്ലാം സംഘടിപ്പിച്ചു. ഒന്നു മാത്രം കിട്ടിയില്ല, ചെത്തിപ്പൂ. ആരോ പറഞ്ഞു വലിയ പുഴയുടെ നടുവിൽ ഒരു തുരുത്തിൽ പൂത്തു നിൽക്കുന്ന ചെത്തിയുണ്ട്. ദിവസങ്ങളായി നിർത്താതെ തിമിർത്തു പെയ്യുന്ന മഴയിൽ പുഴ കരകവിഞ്ഞു ഒഴുകുകയാണ്. പിന്നീട് പെരുവണ്ണാമുഴിയിലും കക്കയത്തും അണകൾ കെട്ടി വരുതിയിൽ നിർത്തിയിരിക്കുന്ന കുറ്റ്യാടി പുഴയെയാണ് ഞങ്ങൾ "വലിയ പുഴ" എന്ന് വിളിക്കുക. അതിശക്തമായ ഒഴുക്ക്, വലിയ ചുഴികൾ, കലങ്ങിമറിഞ്ഞ് കണ്ണിൽ കണ്ടതെല്ലാം വാരി വിഴുങ്ങി ഭ്രാന്തമായി കുതിച്ചൊഴുകുന്ന പുഴയുടെ നടുവിലെ തുരുത്തിൽ തലയുയർത്തി

നിൽക്കുന്ന ചെത്തിയുടെ നെറുകയിൽ ചുവന്ന പൊട്ട് ചാച്ചൻ കണ്ടു. ചാച്ചൻ ഒരു നീന്തൽ വിദഗ്ധനൊന്നുമല്ല. ഒരു സാധാരണ മനുഷ്യൻ. കൂട്ടിനാരുമില്ല. ഏതായാലും സാഹസത്തിനു മുതിർന്നു, വളരെ ദൂരം കരയിലൂടെ മുകൾ ഭാഗത്തേക്ക് നടന്നിട്ട് പുഴയിൽ ഇറങ്ങി ഒഴുക്കിനെ സാവധാനം മുറിച്ചു നീന്തി തുരുത്തിലെത്തി. ചെത്തിപ്പൂ പറിച്ചെടുത്തു കടിച്ചുപിടിച്ച് തിരിച്ചു നീന്തി. കരയടുത്തത് ഒരു കിലോമീറ്റർ താഴെ. ചെത്തിപ്പൂവിന്റെ ഫലമോ, കഷായത്തിന്റെ ഗുണമോ, ചാച്ചന്റെ ആത്മത്യാഗ സന്നദ്ധതയ്ക്ക് ദൈവം നൽകിയ കൃപയോ, ഹൃദയമുരുകി കണ്ണിലൂടെ ചാലുകീറി ഒഴുക്കിയ അമ്മയുടെയും (ചാച്ചന്റെ അമ്മ) അമ്മച്ചിയുടെയും കണ്ണീരൊപ്പിയ ദൈവത്തിന്റെ കരുണയോ, വെറുമൊരു കൃമിയെ പോലെ, താമസിയാതെ കൃമികൾക്ക് ഇരയാകാൻ പോകുന്ന എന്റെ ദയനീയ അവസ്ഥയിലുള്ള അവിടുത്തെ കരളലിവോ, എന്തായാലും ഞാൻ ജീവിച്ചു. *"ഞാൻ നിന്റെ അടുക്കലൂടെ കടന്നുപോയപ്പോൾ നീ ചോരയിൽകിടന്നുരുളുന്നതായി കണ്ടു നിന്നോട് പറഞ്ഞു ജീവിക്കുക"* (എസെ. 16, 6).

**മലേറിയ എന്ന മഹാമാരി:** മലബാർ കുടിയേറ്റത്തിന്റെ ആരംഭ കാലത്ത് ആയിരങ്ങളുടെ ജീവൻ അപഹരിച്ച മഹാമാരിയാണ് മലേറിയ. അതിന്റെ പിടിയിൽ നിന്നു രക്ഷപ്പെട്ടതു ദൈവത്തിന്റെ പ്രത്യേക കൃപ കൊണ്ടു മാത്രമാണ്. അയൽപക്കത്തു പലരും മരിച്ചു. അമ്മച്ചിക്കും എനിക്കും മലേറിയ ബാധിച്ചു. അന്ന് എനിക്ക് പ്രായം രണ്ടു വയസ്സ്. പാതാളവാതിലിൽ നിന്ന് പൊക്കിയെടുത്ത ദൈവം വീണ്ടും മലേറിയയുടെ മലവെള്ളപ്പാച്ചിലിൽ അകപ്പെടാൻ അനുവദിച്ചു. ജീവൻ വീണ്ടും നഷ്ടപ്പെട്ടേക്കും എന്നു മാതാപിതാക്കന്മാർ ഭയന്നു. മലമ്പനിക്ക് അന്നുള്ള ഏക ഔഷധം കൊയ്നായാണ്. ഔൺസ് അടയാളം രേഖപ്പെടുത്തിയ കുപ്പികൾ അയൽക്കാരിൽ നിന്നെല്ലാം ശേഖരിച്ചു ചാക്കിൽ കെട്ടി ആരെങ്കിലും ഒരാൾ വാടകരയോ കോഴിക്കോടോ ഉള്ള ആശുപത്രിയിൽപോയി മരുന്ന് വാങ്ങിക്കൊണ്ടുവരും. പാറയ്ക്കൽ വൈദ്യന്റെ കഷായവും കുടിക്കും. കൊയിനായോ കഷായമോ, വഴി ഏതെന്ന് അറിയില്ല, മലേറിയയുടെ ചുഴിയിൽ നിന്നും തമ്പുരാൻ വീണ്ടും എന്നെ പൊക്കിയെടുത്തു. *"കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ്"* (ജ്ഞാനം 16, 12) എന്നെ സുഖപ്പെടുത്തിയത് എന്ന് ഇന്നു ഞാൻ തിരിച്ചറിയുന്നു. അമ്മച്ചിയും മലേറിയയുടെ പിടിയിൽ നിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു.

തുടർന്ന് പല വർഷങ്ങളിലേക്ക് ആക്രമണം ആവർത്തിച്ചെങ്കിലും ഞങ്ങളെ ഇരുവരെയും കർത്താവു മലേറിയായ്ക്കു വിട്ടുകൊടു

ത്തില്ല. പക്ഷേ വയറിന്റെ വലതുഭാഗത്ത് എന്തോ ഒന്ന് തടിച്ചു കിടന്നിരുന്നു. മൂന്നാം ക്ലാസിൽ എത്തുന്നതുവരെ ഇതായിരുന്നു എന്റെ അവസ്ഥ. അതിനാൽ '*പനിക്കണ്ട*' എന്ന പരിഹാസപ്പേരും കിട്ടി. കല്ലിച്ചുപോയ പിത്താശയമായിരുന്നു അത് എന്ന് പിന്നീടാണ് മനസ്സിലായത്. അവിടുന്ന് ചെവി ചായ്ച്ച് എൻറെ അമ്മച്ചിയുടെയും അമ്മയുടെയും (വലിയമ്മ) നിലവിളി കേട്ടു. എനിക്ക് നിലവിളിക്കാൻ പോലും അറിയില്ലായിരുന്നു. *"ഭീകരമായ ഗർത്തത്തിൽ നിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവിടുന്ന് എന്നെ കരകയറ്റി"* (സങ്കീ. 40, 2).

**സമ്പന്നതയുടെ ബാല്യം:** *"ഞാൻ ദരിദ്രനും പാവപ്പെട്ടവനുമാണ്; എങ്കിലും കർത്താവിന് എന്നെപ്പറ്റി കരുതലുണ്ട്"* (സങ്കീ. 40, 17)

കടന്നുപോന്ന വഴികളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഈ സങ്കീർത്തന വാക്യം എന്റെ ഭൂത-വർത്തമാനകാലാനുഭവങ്ങളെ മുഴുവൻ ചുരുക്കി അവതരിപ്പിക്കുന്നതായി തോന്നും. *"ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ; ദൈവരാജ്യം നിങ്ങളുടേതാണ്"* (ലൂക്ക 6, 20) എന്ന യേശു വചനം സ്വീകരിക്കാൻ എനിക്ക് പ്രയാസമായിരുന്നു; ഗ്രഹിക്കുക ദുഷ്കരവും. കാരണം ദാരിദ്ര്യം ഒരു ഭാഗ്യമായിട്ടല്ല എനിക്ക് അനുഭവപ്പെട്ടിരുന്നത്, മറിച്ച് ശരീരത്തിന്റെയും മനസ്സിന്റെയും ശക്തി മുഴുവൻ ചോർത്തി, അന്തസ്സും അഭിമാനവും നശിപ്പിച്ച്, അനേകരുടെ പരിഹാസപാത്രവും അവജ്ഞാവിഷയവുമാക്കി, അപകർഷ ബോധത്തിന്റെ അടിത്തട്ടിലേക്കു വലിച്ചിറക്കുന്ന ശാപമായിട്ടാണ്. അപകർഷ ബോധത്തിന്റെയും ആത്മനിന്ദയുടെയും നേർച്ചുഴിയിൽ നിന്നു വളരെ സാവകാശമാണ് നാഥൻ എന്നെ പൊക്കിയെടുത്തത്. ഇന്നും പൂർണമായും മോചിതനാണെന്നു പറയാനാവില്ല.

എനിക്ക് ഒമ്പതു മാസം പ്രായമുള്ളപ്പോഴാണ് മാതാപിതാക്കൾ മലബാറിലേക്കു കുടിയേറിയത്. മാരകരോഗങ്ങളും വന്യമൃഗങ്ങളുടെ ഉപദ്രവവും കൃഷിനാശവും കുടുംബത്തെ ആകെ തളർത്തിക്കളഞ്ഞു. നെല്ലു നടാനായി കണ്ടം ഒരുക്കുന്നതിനിടയിൽ ചളിയിൽ താണുപോയ ചാച്ചനെ കൂട്ടുകാർ ഒരുതരത്തിൽ വലിച്ചു കയറ്റി രക്ഷപ്പെടുത്തി. പക്ഷേ അതിനുശേഷം കഠിനമായ നെഞ്ചുവേദന കാരണം കാര്യമായ പണിയൊന്നും എടുക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. എന്നാലും വിവേകത്തോടെ കാര്യങ്ങൾ നിയന്ത്രിച്ചും കൂലിക്കാരെ കൊണ്ട് പണിയെടുപ്പിച്ചും വലിയ ബുദ്ധിമുട്ടില്ലാതെ കുടുംബം നടത്തിക്കൊണ്ടുപോന്നു. എനിക്ക് ഓർമ്മ വയ്ക്കുമ്പോൾ താരതമ്യേന നല്ല നിലയിലാണ് കഴിയുക. കഴുത്തിൽ സ്വർണ്ണമാലയും, വിരലുകളിൽ മോതിരവും, കാലിൽ ഷൂസും, നല്ല വിലയുള്ള നിക്കറും, ബുഷ് കോട്ടും

ഒക്കെ അണിഞ്ഞു ഞാൻ പള്ളിയിൽ പോയിരുന്നത് മറ്റു കുട്ടികൾക്ക് അസൂയക്ക് കാരണമായിരുന്നു.

കപ്പ കൃഷിയായിരുന്നു ചാച്ചന്റെ പ്രധാന തൊഴിൽ. സ്വന്തം പറമ്പിലും അയൽക്കാരുടെ പാട്ടത്തിനെടുത്ത പറമ്പിലും എല്ലാം കപ്പിയിടും. ഒരു വർഷം 3000 രൂപയ്ക്കു കപ്പ വിറ്റത് ഓർക്കുന്നു. അന്നൊക്കെ രണ്ടു വർഷത്തിലൊരിക്കൽ നാട്ടിനു പോകും. ബന്ധുക്കളെയും സുഹൃത്തുക്കളെയുമൊക്കെ സന്ദർശിക്കും. മലബാറിലേക്കു പോയിട്ട് ഒരു കോട്ടവും സംഭവിച്ചില്ല എന്നു നടപ്പിലും എടുപ്പിലും നിന്ന് വ്യക്തമാക്കുമായിരുന്നു. ഒരിക്കൽ തൊടുപുഴ നിന്ന് പ്രവിത്താനത്തിനു ടാക്സി പിടിച്ചു പോയത് ഓർക്കുന്നു. അത് 1946 ലായിരുന്നു. മാലയും മോതിരവും മോടിയായ വസ്ത്രവുമൊക്കെ മറ്റുള്ളവരെ കാണിക്കുക എനിക്കു വലിയ ഹരമായിരുന്നു. ഷൂസിട്ട കാൽ ഉയർത്തി ചവിട്ടി ശബ്ദമുണ്ടാക്കുക, ഞാൻ വലിയൊരു സമ്പന്നന്റെ മകനാണെന്നു കാണിക്കുക, മറ്റുള്ളവരുടെ മുമ്പിൽ അങ്ങിനെ ഞെളിഞ്ഞു നടക്കുക, ഇതൊക്കെ 4-5 വയസ്സുള്ളപ്പോഴത്തെ ഒരു വിനോദമായിരുന്നു.

രണ്ടാംക്ളാസിൽ പഠിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം ഇതിനു മാറ്റം വരുത്തി. ഞായറാഴ്ച കുർബാനയുടെ സമയത്ത് അയൽപക്കത്തുള്ള ഒരു പയ്യനും ഞാനും മാല ഷർട്ടിനു പുറത്തിട്ട് ആരുടെ മാലയാണ് വലുതെന്ന് തർക്കിച്ചു. അത് പള്ളിയുടെ ഒരു കോണിൽ സൂക്ഷിച്ചുവച്ചിരുന്ന രൂപക്കൂടിനകത്തു കയറി ഇരുന്നുകൊണ്ടായിരുന്നു. മാമോദീസായ്ക്ക് ഉപയോഗിക്കുന്ന ഒരു വലിയ സ്റ്റീൽ പാത്രം രൂപക്കൂടിനടുത്ത് ഒരു സ്റ്റാൻഡിൽ വച്ചിരുന്നു. തർക്കം മൂത്ത് എങ്ങനെയോ എന്റെ മാലയാണു വലുതെന്നു സ്ഥാപിക്കാനായി ഉയർത്തിയ കൈ അറിയാതെ സ്റ്റാൻഡിൽ തട്ടി വലിയൊരു ശബ്ദത്തോടെ പാത്രം താഴെ വീണു. എല്ലാവരും തിരിഞ്ഞു നോക്കിയപ്പോൾ ഷർട്ടിനു പുറത്തു മാലയുമിട്ടു ഭയന്നു നിൽക്കുന്ന ഞാൻ. കൂട്ടുകാരൻ തന്ത്രപൂർവ്വം മുങ്ങിക്കളഞ്ഞു. വികാരിയച്ചൻ പിടിച്ചു തല്ലും എന്ന് ഭയന്നെങ്കിലും ഒന്നും സംഭവിച്ചില്ല. ആ സംഭവം തന്നെ ആരും ശ്രദ്ധിച്ചതുമില്ല. പക്ഷേ വലിയൊരു ബോംബുസ്ഫോടനം പോലെ ആ ശബ്ദം ഇപ്പോഴും കാതിൽ മുഴങ്ങുന്നു.

അന്നു വീട്ടിൽ ചെന്ന ഉടനെ മാലയും മോതിരവും ഊരി അമ്മച്ചിയെ ഏൽപ്പിച്ചു. എനിക്കിതു വേണ്ടാ. കാരണം ഒന്നും പറഞ്ഞില്ല. എനിക്ക് ഒരു സ്വർണവും വേണ്ട എന്നായിരുന്നു വാശി. കാരണം ആ സ്വർണ്ണമാലയാണല്ലോ പള്ളിയിലെ ദുരന്തത്തിന്റെ

കാരണമായത്. ഏതായാലും നിർബന്ധത്തിനു വഴങ്ങി ചുവന്ന ചരടിൽ കോർത്ത ഒരു സ്വർണ കാശുരൂപം കുറെ കാലത്തേക്കു കഴുത്തിൽ കെട്ടിയിരുന്നു. എന്നാണെന്ന് ഓർക്കുന്നില്ല, കാശു രൂപം വെന്തിങ്ങക്കു വഴിമാറി. പിന്നെ ഒരു സ്റ്റീൽ ചെയിനും കുരിശും. ആ സംഭവത്തിനുശേഷം സ്വർണ്ണം അണിഞ്ഞിട്ടില്ല. മാത്രമല്ല സ്വർണ്ണം അണിഞ്ഞു നടക്കുന്നവരെ കാണുമ്പോൾ അറപ്പും അവജ്ഞയും അനുഭവപ്പെടാറുണ്ട്. സ്വർണ്ണമാല കാണുന്നത് തന്നെ അലർജിയായി മാറി, അത് ആരുടെ കഴുത്തിലാണെങ്കിലും. ഇന്നും അതിൽ നിന്ന് പൂർണ്ണമായ മോചനം ലഭിച്ചിട്ടില്ല, ലഭിക്കണം എന്നു വലിയ ആഗ്രഹവുമില്ല. വ്യക്തികളെ അവജ്ഞയോടെ നോക്കാറില്ലെങ്കിലും സഭാ നേതാക്കളിൽ പോലും കാണുന്ന ഈ സ്വർണഭ്രമം എനിക്കു സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

# അധ്യായം 3

**ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക്:** *"സ്വർഗ്ഗത്തിൽ അങ്ങല്ലാതെ ആരാണ് എനിക്കുള്ളത്? ഭൂമിയിലും അങ്ങേയെ അല്ലാതെ ആരെയും ഞാനാഗ്രഹിക്കുന്നില്ല"* (സങ്കീ. 73, 25).

മൂന്നാം ക്ലാസിൽ എത്തിയപ്പോഴേക്കും വീട്ടിലെ സാമ്പത്തിക നില താളം തെറ്റി. കപ്പയ്ക്കു വിലയില്ലാതായി. ആർക്കും വേണ്ട. ഉള്ളതു മുഴുവനും കടം വാങ്ങിയതും മുടക്കി കൃഷി ചെയ്ത ഇരുപത് ഏക്കറിൽപ്പരം കപ്പ കൃഷി ഭീമനഷ്ടമായി. പറിച്ചു വെട്ടിയുണങ്ങാനുള്ള പണിക്കൂലിക്കുപോലും വില തികയില്ല. ഒരു വർഷം കപ്പ പറിക്കാതെയിട്ടു. പറിച്ചതു മുഴുവൻ മഴയിൽ കുതിർന്ന് അഴുകി ചീഞ്ഞുനാറി. ഇതു വലിയൊരു വഴിത്തിരിവായിരുന്നു. സമൃദ്ധിയിൽ നിന്ന് പെട്ടെന്നു ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി. ഇതിനു മറ്റൊരു കാരണവുംകൂടി ഉണ്ടായിരുന്നു.

കായികാധ്വാനത്തിന് ആരോഗ്യമില്ലാതെ വന്നതിനാൽ ചാച്ചൻ മറ്റൊരു സ്വയംതൊഴിൽ കൂടി കണ്ടുപിടിച്ചിരുന്നു. ചീട്ടുകളി. പൊതുവേ ലാഭകരമായിരുന്നു എന്നാണറിവ്. രാവിലെ എട്ടു മണിയാകുമ്പോൾ വീടുവിട്ടാൽ രാത്രിയിൽ എപ്പോഴെങ്കിലുമാണ് തിരിച്ചെത്തുക. അപ്പോഴേക്കും ഞങ്ങൾ, കുഞ്ഞുങ്ങൾ, ഉറങ്ങിക്കഴിഞ്ഞിരിക്കും. വീട്ടിലും പറമ്പിലും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചു നിർദ്ദേശങ്ങൾ നൽകിയിട്ടു രാവിലെ വീണ്ടും യാത്രയാകും. ഇതിന് പെട്ടെന്നു മാറ്റം വന്നു. ഒരു ദിവസം വാക്കത്തിക്കു മൂർച്ച കൂട്ടാൻ വേണ്ടി ഞാൻ കൊല്ലന്റെ അടുക്കൽ ചെന്നു. അന്ന് എനിക്ക് ഏഴു വയസ്സ്. കൊല്ലന് എന്നെ പരിചയമില്ല. ഏതാണ് ഈ കുട്ടി എന്ന് അടുത്തു നിന്നയാളോട് അയാൾ ചോദിച്ചു. ഓ, ഇതാ ചീട്ടു കളിക്കാരൻ കുട്ടിയുടെ മകനല്ലേ. ഉടനെ വന്നു മറുപടി. ചീട്ടുകളി മോശമായ ഒരു കാര്യമാണെന്ന് എനിക്ക് അറിയില്ലായിരുന്നു. ഇന്നത്തെ ക്രിക്കറ്റ് താരങ്ങളെയോ ഫുട്ബോൾ താരങ്ങളെയോ ഒക്കെ പോലെ എന്തോ ബഹുമതി ആണെന്നു ഞാൻ കരുതി. അതിനാൽ വീട്ടിൽ വന്നയുടനെ ഈ സംഭാഷണം വള്ളിപുള്ളി വിടാതെ അമ്മച്ചിയോടു പറഞ്ഞു. ചാച്ചൻ അന്ന് ഒരു തീരുമാനമെടുത്തു. എന്റെ ജീവിതവും പ്രവൃത്തിയും മക്കൾക്കു ചീത്ത പേരിനു കാരണമാകരുത്. ഒരു പ്രതിജ്ഞ. അന്ന് ചീട്ടുകളി നിർത്തി. പിന്നീട് ഒരിക്കലും പണം വെച്ചു ചീട്ടുകളിക്കാൻ പോയിട്ടില്ല.

കൃഷിയിലെ തകർച്ചയും മറ്റു വരുമാനത്തിന്റെ അഭാവവും കൂടിയായപ്പോൾ ദാരിദ്ര്യം രൂക്ഷമായി. അരിയുടെ ദൗർലഭ്യം പ്രശ്നം കൂടുതൽ ഗുരുതരമാക്കി. ആ കാലഘട്ടത്തിൽ സ്കൂളിൽ കിട്ടിയിരുന്ന പൊടി കലക്കി തിളപ്പിച്ച പാൽ ആർത്തിയോടെ കുടിച്ചിരുന്നത് ഓർക്കുന്നു. വയറുനിറയെ ചോറു കിട്ടുന്നതു ക്രിസ്തുമസ്, ഈസ്റ്റർ, ഓണം മുതലായ ചുരുക്കം ദിവസങ്ങളിൽ മാത്രമായി. കപ്പ, ചേമ്പ്, ചേന, കിഴങ്ങ്, വാഴയ്ക്ക തുടങ്ങി മറ്റനേകം വിഭവങ്ങൾ കൊണ്ടും വിശപ്പടക്കാൻ കഴിയുമായിരുന്നെങ്കിലും ചോറില്ലാത്തതുമൂലം പട്ടിണിയാണെന്നായിരുന്നു ധാരണ. ഓണവും ക്രിസ്തുമസും മാസംതോറും വന്നിരുന്നെങ്കിൽ എന്ന് ആശിച്ചിരുന്നു.

നാലാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് വീട്ടുകാര്യങ്ങളിൽ ഉത്തരവാദിത്വമേറ്റെടുക്കാൻ നിർബന്ധിതനായത്. ആഴ്ചതോറും കിട്ടുന്ന റേഷൻ വാങ്ങുക എന്നത് എന്റെ കടമയായിത്തീർന്നു. അതുവരെ മറ്റാരെക്കൊണ്ടെങ്കിലും വാങ്ങിപ്പിക്കുകയായിരുന്നു പതിവ്. ഒരിക്കൽ എന്റെ ഒരു കസിൻന്റെ കൂടെ ഞാനും പോയി. റേഷൻ കിട്ടിയ അരിക്കുള്ള പണം ഞാൻ തന്നെ കൊടുത്തു. അരി അളന്നു വാങ്ങി; തലയിലേറ്റി വീട്ടിൽ കൊണ്ടുവന്നു. അന്ന് എനിക്കു പ്രായം ഒൻപതു വയസ്സ്. ഇതൊരു വലിയ സാഹസമായി ഞാൻ കരുതി; വീട്ടിലുള്ളവരും അങ്ങനെ തന്നെ വിചാരിച്ചു. ഇനി ആരെയും ആശ്രയിക്കാതെ ആഴ്ചതോറും ഉള്ള റേഷൻ ഞാൻ വാങ്ങിക്കൊണ്ടു വന്നുകൊള്ളും എന്ന ഒരു തീരുമാനവുമായി. വീട്ടിൽനിന്ന് ഏകദേശം മൂന്നു കിലോമീറ്റർ അകലെയാണ് സ്കൂൾ, അവിടെനിന്ന് വീണ്ടും ഒരു കിലോമീറ്റർ ദൂരെയാണ് റേഷൻ കട. നാലുമണിക്ക് സ്കൂൾ വിട്ടതിനുശേഷം ചെന്നാൽ കട അടച്ചുപോയെന്നുവരും. അടച്ചില്ലെങ്കിൽ തന്നെ വാങ്ങി വീട്ടിൽ എത്തുമ്പോഴേക്കും രാത്രിയാകും. അതിനാൽ അന്നത്തെ അധ്യാപകനായിരുന്ന മാത്യു മാഷ് ഒരു ഔദാര്യം ചെയ്തു തന്നു. റേഷൻ വാങ്ങുന്ന ദിവസം ഒരു പീരിയഡ് നേരത്തെ ക്ലാസ്സിൽ നിന്നു പോകാൻ എന്നെ അനുവദിച്ചു. അരി വാങ്ങാനുള്ള സഞ്ചിയുമായി ക്ലാസ്സിൽ വരുന്നതും ക്ലാസുകൾ തീരുന്നതിനു മുൻപേ ഇറങ്ങിപ്പോകുന്നതുമൊക്കെ ഒരു മാന്യതയായി ആദ്യം കരുതി. എന്നാൽ പിന്നീടതു വലിയൊരു അപകർഷബോധത്തിനു കാരണമായി. മറ്റൊരു കുട്ടിയും ഇങ്ങനെ വലിയ സഞ്ചിയും തൂക്കി ക്ലാസിൽ വരുന്നില്ല. ആരും ചുമടും തലയിലേറ്റി നടക്കുന്നില്ല. എന്തേ എനിക്ക് മാത്രം ഈ വിധി? റേഷൻ വാങ്ങാൻ പോകുന്നത് എന്തോ ഒരു കുറവായി ചാച്ചൻ കരുതിയിരുന്നതായി തോന്നി, അല്ലെങ്കിൽ എന്നെ ഇതിനു നിർബന്ധിക്കുമായിരുന്നില്ല

എന്നും. സന്തോഷത്തോടെ ആരംഭിച്ച തൊഴിൽ പിന്നെപ്പിന്നെ അമർഷത്തോടെയാണ് തുടർന്നത്.

*"അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ"* (2 തെസ്സ. 3, 10) ഞാൻ അഞ്ചാംക്ലാസിൽ പഠിക്കുമ്പോഴാണ് വീട്ടിൽ റബർ വെട്ടിത്തുടങ്ങുന്നത്. അതു രസകരമായ ഒരു പണിയായി എനിക്കു തോന്നി. പത്തു വയസ്സാകുന്നതേയുള്ളൂ, എന്നാലും റബ്ബർ ടാപ്പിംഗ് പഠിക്കണം എന്ന് എനിക്ക് ആഗ്രഹം. ദേവസ്യാ പേരപ്പനാണ് പണി പഠിപ്പിച്ചത്. പേരപ്പൻ തന്നെ എന്റെ കൈപിടിച്ചു രണ്ടു മരം ടാപ്പ് ചെയ്യാൻ സഹായിച്ചു. പിന്നെ തനിയെ പത്തുമരം! അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ഹോബിയായി തുടങ്ങിയത് ആറാം ക്ലാസിൽ ആയപ്പോഴേക്കും തൊഴിലായി. 125 മരം ടാപ്പു ചെയ്ത് പാലെടുത്ത് ഉറയൊഴിച്ചു വച്ചതിനുശേഷമാണ് സ്കൂളിൽ പോവുക. കയ്യിൽ റബർ കറയുണ്ടാകും. പണിയെല്ലാം കഴിഞ്ഞു കുളിച്ചു കാപ്പിയും കുടിച്ചു സ്കൂളിൽ എത്തുമ്പോഴേക്കും പലപ്പോഴും ക്ലാസു തുടങ്ങിയിരിക്കും. താമസിച്ചു വന്നതിന്റെ പേരിൽ ശകാരവും ശിക്ഷയും കിട്ടിയെന്നു വരും.

രാവിലെ ഉറയൊഴിച്ചു വച്ച റബർപാൽ ഷീറ്റായി കഴിയുമ്പോൾ വൈകുന്നേരം അടിച്ചെടുക്കുകയും എന്റെ ഉത്തരവാദിത്വമായിരുന്നു. രണ്ടു കിലോമീറ്ററിലധികം ദൂരെയാണ് ഷീറ്റ് അടിക്കാനുള്ള മെഷീൻ. അത് സ്കൂളിന്റെ അടുത്തുതന്നെയാണ്. ഇതു കഠിനാധ്വാനത്തിന് പുറമേ ഒരു നാണക്കേടിനും കാരണമായി. സ്കൂൾ വിട്ടാലുടനെ ഞാൻ ഓടി വീട്ടിലെത്തും. പുസ്തകം താഴെ വെച്ച്, ഷർട്ടും ഊരിയിട്ട്, റബർഷീറ്റ് തലയിലേറ്റി മെഷീൻപുരയിലേക്കു നടക്കും. സ്കൂൾവിട്ടു വരുന്ന കുട്ടികളെല്ലാം അപ്പോൾ വഴിയിൽ ഉണ്ടാകും. സമപ്രായക്കാരും സഹപാഠികളും കളിച്ചും ഉല്ലസിച്ചും സാവകാശം വീട്ടിലേക്കു നീങ്ങുമ്പോൾ ഞാൻ റബ്ബർ ഷീറ്റും തലയിലേന്തി എതിർ ദിശയിലാണ് യാത്ര. ഇത് പലരുടെയും പരിഹാസത്തിനും കാരണമായി. ആത്മാഭിമാനം പണ്ടേ ചോർന്നു തീർന്ന എനിക്ക് അത് വലിയ ദുഃഖം ഒന്നും ഉണ്ടാക്കിയില്ല. ഉത്തരവാദിത്വബോധത്തിൽ നിന്നുയർന്നുവന്ന ഒരുതരം നിസ്സംഗത എന്നെ ബാധിച്ചിരുന്നു. പക്ഷേ ഒരു ചോദ്യം എപ്പോഴും മനസ്സിൽ അവശേഷിച്ചു, എന്തേ എനിക്കു മാത്രം ഈ വിധി?

ദിവസേനയുള്ള റബർ ടാപ്പിംഗ് ഞാൻ സെമിനാരിയിൽ ചേരു ന്നതു വരെ തുടർന്നു. പരീക്ഷകാലത്തും ഇതിനു മാറ്റം ഉണ്ടായി രുന്നില്ല. പത്താം ക്ലാസിൽ പഠിക്കുമ്പോഴും പരീക്ഷയ്ക്ക് ഒരുങ്ങു

മ്പോൾ പോലും ആ തൊഴിലുകൾ എല്ലാം ചെയ്യേണ്ടിയിരുന്നു. മൂത്ത മകനായതിനാൽ കുടുംബത്തിന്റെ ഉത്തരവാദിത്വഭാരം ഞാനും കൂടെ വഹിക്കേണ്ടതാണെന്ന ചിന്ത മനസ്സിലുണ്ടായിരുന്നു. ഏഴാംക്ലാസിൽ പഠിക്കുമ്പോഴേക്കും കുറച്ചു കമുക് ഉണ്ടായിരുന്നത് കായ്ച്ചു തുടങ്ങി. കമുകിൽ കയറി പാക്ക് പറിക്കുക ആദ്യമാദ്യം ഒരു ഹരമായിരുന്നു. റബർ ടാപ്പിങ്ങിന്റെ കാര്യത്തിലെന്നപോലെ അതും പിന്നീട് ഒരു കടമയായി തീർന്നു. ചാച്ചനിൽ നിന്നാണ് കമുകിൽ കയറാൻ പഠിച്ചത്. ഒരിക്കൽ കാൽത്തള പൊട്ടി പതിനഞ്ചടി ഉയരത്തിൽനിന്നു നേരെ താഴേക്കുപോന്നത് ഓർക്കുന്നു. കൈകളിൽനിന്ന് തൊലി ഉരിഞ്ഞു പോയതല്ലാതെ ദൈവാനുഗ്രഹത്താൽ മറ്റു കുഴപ്പമൊന്നും സംഭവിച്ചില്ല. മരത്തിൽ കയറി ചവറു വെട്ടുക, കപ്പക്കൂടം, ഇഞ്ചിക്കണ്ടം മുതലായവ വെട്ടുക - ഈ തൊഴിലുകളെല്ലാം ഏഴാംക്ലാസിലായപ്പോഴേക്കും പഠിച്ചു കഴിഞ്ഞിരുന്നു.

അടുക്കള ജോലിയിൽ അമ്മച്ചിയെ സഹായിക്കുക സന്തോഷ കരമായ ഒരു കാര്യമായിരുന്നു. വെള്ളം കോരുക, വിറക് പെറുക്കുക, കോടാലികൊണ്ട് വിറകു വെട്ടുക, നെല്ല് കുത്തുക, ഇതൊക്കെ പന്ത്രണ്ടു വയസ്സായപ്പോഴേക്കും പഠിച്ചു. ഒറ്റയ്ക്കും ചിലപ്പോൾ അമ്മച്ചിയുടെ കൂടെയും നെല്ല് കുത്തുന്നതും അരിപൊടിക്കുന്നതും ഒരു ഹരമായിരുന്നു. കപ്പ പറിച്ച കാലായിൽ കപ്പക്കിഴങ്ങു തിരയുക അഞ്ചാം ക്ലാസു മുതലേ ഒരു ഹോബിയായിരുന്നു. അതും, അമ്മച്ചിയുടെ കൂടെ. കാലാപെറുക്കി കിട്ടുന്നത് സ്വന്തമായി സൂക്ഷിക്കാം എന്ന ചാച്ചൻ സമ്മതിച്ചിരുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ അങ്ങനെ അഞ്ചു രൂപ സമ്പാദിച്ചു. അതുകൊണ്ടു സ്കൂളിൽ നിന്നു നടത്തുന്ന വിനോദയാത്രയിൽ പങ്കെടുക്കാം എന്ന് കരുതിയെങ്കിലും ഡിപ്പോസിറ്റു പിൻവലിക്കാനോ യാത്രയിൽ പങ്കെടുക്കാനോ അനുവാദം കിട്ടിയില്ല. കുടുംബ നിക്ഷേപത്തിൽ ആയിരുന്നു ഡിപ്പോസിറ്റ്. അത് എന്നെങ്കിലും തിരിച്ചു കിട്ടിയോ എന്നും ഓർക്കുന്നില്ല!

എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ തെരുവ ചെത്താൻ പഠിച്ചു. ഒരിക്കൽ തെരുവപ്പുല്ല് അരിഞ്ഞു കെട്ടുന്നതിനിടയിലേറ്റ മുറിവിന്റെ അടയാളം ഇപ്പോഴും ഇടതു കൈയുടെ ചെറുവിരലിനറ്റത്തുണ്ട്. പത്താം ക്ലാസിൽ എത്തിയപ്പോഴേക്ക് തെരുവ ചെത്തുക മാത്രമല്ല പുല്ലു കെട്ടായി ചുമന്ന് വാറ്റുപുരയിൽ എത്തിക്കുക, വിറകിന് ആവശ്യമായ മരം മുറിക്കുക, പുല്ലു ചെമ്പിലേക്ക് തള്ളിക്കയറ്റുക, വലിച്ചു പുറത്തിടുക, തുടങ്ങിയ സകല പണികളും ചെയ്യാൻ തുടങ്ങി. പ്രായപൂർത്തിയായവർ ചെയ്യുന്ന ഈ പണികളൊക്കെ ചെയ്യുന്നതുവഴി

ഞാൻ പക്വത പ്രാപിച്ച ഒരാളായെന്ന് എനിക്ക് തന്നെ തോന്നി. പലപ്പോഴും ക്ലാസ്സുള്ള ദിവസങ്ങളിൽ സ്കൂളിൽ പോകാതെ ഇങ്ങനെയുള്ള പണികളിൽ ഏർപ്പെടുമായിരുന്നു; പ്രത്യേകിച്ചും സ്കൂൾ വാർഷിക ദിനത്തോടനുബന്ധിച്ചുള്ള കളികളും മറ്റും നടക്കുന്ന ദിവസങ്ങളിൽ ഞാൻ ഇപ്രകാരമുള്ള വേലകളിൽ വ്യാപൃതനായിരിക്കും. ഈ കഠിനാധ്വാനമാണ് രോഗം കാർന്നുതിന്ന് എന്നെ വെറും ഒരു തൊണ്ടുമാത്രമാക്കി മാറ്റിയത്.

നിലനിൽപ്പിനായുള്ള ശ്രമങ്ങൾ: *"ഞങ്ങൾ അലസരായിരുന്നില്ല ആരിലും നിന്ന് ഞങ്ങൾ അപ്പം ദാനമായി വാങ്ങി ഭക്ഷിച്ചിട്ടില്ല"* (2 തെസ്സ. 3, 7)

അധ്വാനം വർദ്ധിക്കുകയും ആഹാരം കുറയുകയും ചെയ്തപ്പോൾ രോഗം വർദ്ധിക്കാൻ തുടങ്ങി. ആഹാരവുമായി ബന്ധപ്പെടാത്ത രോഗങ്ങളും വീട്ടിൽ പലർക്കും ബാധിച്ചിരുന്നു. രണ്ടാമത്തെ പെങ്ങളെയാണു ചെറുപ്പത്തിലേ ഏറ്റവും കൂടുതൽ രോഗങ്ങൾ ബാധിച്ചത്. പാറയ്ക്കൽ വൈദ്യന്റെ കഷായമാണ് ചികിത്സ. ദേഹമാകെ ചൊറിവന്നു ശരീരം വിണ്ടുകീറി. കഷായത്തിനുള്ള പച്ചമരുന്നിൽ ഒരു മുഖ്യഘടകം കൊടിത്തൂവയായിരുന്നു. വള്ളിയായി പടർന്നു കിടക്കുന്ന ആ ചെടിയുടെ വേരാണ് ആവശ്യമായ മരുന്ന്. അതിന്റെ ഇല ദേഹത്തെങ്ങാനും തൊട്ടാൽ ദേഹമെല്ലാം മണിക്കൂറുകളോളം ചൊറിയും. അതിനാൽ വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യണം. വീട്ടിൽനിന്ന് ഏകദേശം രണ്ടു കിലോമീറ്റർ അകലെയുള്ള ഒരു പാറക്കെട്ടിൽ കൊടിത്തൂവ കണ്ടെത്തി. അവിടെ ധാരാളം ഉണ്ടായിരുന്നു. ആദ്യ ദിവസങ്ങളിൽ ദേഹത്തെല്ലാം ഇല കൊണ്ട് ചൊറിഞ്ഞു. പിന്നെപ്പിന്നെ ഇല ദേഹത്ത് മുട്ടാതെ കൊടിത്തൂവ പറിച്ചെടുക്കുന്ന കാര്യത്തിൽ ഞാൻ ഒരു വിദഗ്ധനായി. വർഷങ്ങളോളം ഈ പച്ചമരുന്ന് വേട്ട തുടരേണ്ടിവന്നു. അതൊരു ഭാരമായി തോന്നിയില്ല, എങ്ങനെയെങ്കിലും ആ കുഞ്ഞിന് അല്പം ആശ്വാസം നൽകണമെന്ന ചിന്തയേ മനസ്സിലുണ്ടായിരുന്നുള്ളൂ.

എട്ടാം ക്ലാസ് മുതൽ ഞായറാഴ്ച ദിവസങ്ങളിൽ ചന്തയ്ക്കു പോക്ക് ഒരു പതിവായി തീർന്നു. വീട്ടിൽനിന്ന് പത്തു കിലോമീറ്റർ അകലെയാണ് പേരാമ്പ്ര ചന്ത. ഞായറാഴ്ച കുർബാനയും കഴിഞ്ഞാണ് പോക്ക്. ചാച്ചന്റെ കൂടെ, തലേന്നു പറിച്ച് പൊളിച്ചൊരുക്കിയ പാക്കു ചുമന്നു കൊണ്ടാണു യാത്ര. പേരാമ്പ്ര ചന്തയിൽ എത്തിച്ചാൽ അല്പം കൂടുതൽ വില കിട്ടും. വീട്ടിലേക്ക് ആവശ്യമായ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങാനുമാകും. കെട്ടെടുത്തു

തലയിൽ വയ്ക്കുമ്പോൾ കാൽമുട്ട് അല്പം വളയും. അല്ലെങ്കിലും, അല്പം വളഞ്ഞു മുന്നോട്ടാഞ്ഞു നടക്കുന്നതു ചുമടു താങ്ങാൻ എളുപ്പമാക്കും എന്നു ഞാൻ കണ്ടുപിടിച്ചു. അതുവഴി നടപ്പിനു വേഗതയും കൂടും. പിന്നീട് അതൊരു സ്വഭാവമായിത്തീർന്നു. നട്ടെല്ലു വളഞ്ഞു പോയില്ലെങ്കിലും ശരീരത്തിനു മൊത്തം ഒരു വളവു ബാധിച്ചത് പോലെയായി. ഞാൻ ഒരു ഗൊറില്ലായെപ്പോലെയാണ് നടക്കുന്നത് എന്ന് ഒരു സുഹൃത്ത് പറഞ്ഞപ്പോഴാണ് അതിനെക്കുറിച്ച് എനിക്ക് ബോധം ഉണ്ടായത്. ബോധപൂർവ്വം ശ്രമിച്ചിട്ടും ഈ വൈകല്യം പൂർണമായി മാറ്റാൻ കഴിഞ്ഞിട്ടില്ല.

പേരാമ്പ്രയ്ക്കു പോകാൻ എനിക്ക് സന്തോഷമായിരുന്നു. താങ്ങാവുന്നതിന്റെ പരമാവധി ചുമടും വഹിച്ചു, പത്തു കിലോമീറ്റർ കുന്നും മലയും കയറിയിറങ്ങി നടക്കണമെങ്കിലും ഹോട്ടലിൽ നിന്ന് ഒരു ഊണ് കിട്ടും. വയറു നിറയെ ചോറും, സാമാന്യം നല്ല കറികളും. ഇതായിരുന്നു മുഖ്യകാരണം. യാത്ര ദുഷ്കരമായിരുന്നു, വർഷകാലത്ത് അപകടകരവും. സാമാന്യം വലിയൊരു പുഴ കടക്കാനുണ്ട്. മഴക്കാലത്ത് കരകവിഞ്ഞൊഴുകുന്ന പുഴയ്ക്കു മുകളിൽ കൂട്ടിക്കെട്ടിയ രണ്ട് തെങ്ങിൻതടികളാണ് പാലം. ഇടയ്ക്ക് രണ്ടിടത്ത് തടികൾ കൂട്ടി ബന്ധിപ്പിക്കാൻ തൂണുകൾ ഉണ്ട്. കൈ പിടിക്കാൻ ഇരുവശത്തും ഓരോ കമ്പി വലിച്ചു കെട്ടിയിട്ടുണ്ട്. എന്നാലും ആളുകൾ ധാരാളം കടന്നുപോകുന്നതിനാൽ പാലം എപ്പോഴും ഇളകിക്കൊണ്ടിരിക്കും. മഴക്കാലത്ത് തലയിലുള്ള ചരക്ക് നനയാതിരിക്കാൻ കുട നിവർത്തി പിടിക്കണം. ഒരു കൈ ചുമടു പിടിക്കാൻ വേണം, ഒരു കൈയിൽ കുട, പിന്നെ എങ്ങനെ കമ്പിയിൽ പിടിക്കും? മൂന്ന് കൈ ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി. കമ്പിയിൽ പിടിക്കാതെ നടന്നാൽ കാൽ തെറ്റി താഴെ വീഴാൻ സാധ്യതയുണ്ട്. കലങ്ങിമറിഞ്ഞ് വലിയ ചുഴികളും ശക്തമായ ഒഴുക്കും മൂലം ഭയാനകമാണു പുഴ. താഴേക്ക് നോക്കിയാൽ തലകറങ്ങും. താഴെ വീണാൽ പിന്നെ ശവം പോലും കിട്ടിയെന്നും വരില്ല. അതിനാൽ കുടപിടിക്കുന്ന കൈകൊണ്ട് ചുമടു താങ്ങി, മറ്റേ കൈ കമ്പിയിൽ പിടിച്ച്, ഭയന്നു വിറച്ച്, പ്രാർത്ഥന ഉരുവിട്ടാണ് പാലം കടന്നിരുന്നത്. ഓർക്കുമ്പോൾ ഇപ്പോഴും കാൽമുട്ടുകൾ കൂട്ടിയിടിക്കുന്നു, എന്നാലും പോകാതിരിക്കാൻ ആവുമായിരുന്നില്ല.

*"ജീവൻ വീണ്ടെടുക്കാനുള്ള മോചനദ്രവ്യമാണ് മനുഷ്യനു സമ്പത്ത്; എന്നാൽ ദരിദ്രനു മോചനത്തിനു മാർഗ്ഗമില്ല"* (സുഭാ. 13, 8)

വർഷങ്ങൾ കഴിയുംതോറും ദാരിദ്ര്യം വർദ്ധിച്ചുവന്നു. ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ കുറച്ച് റബർ ഉണ്ടായിരുന്നതു ടാപ്പ്

ചെയ്യാൻ ആരംഭിച്ചു. പക്ഷേ കണ്ണീരു പോലെ 250 മരത്തിൽ നിന്ന് ശേഖരിച്ചാൽ കഷ്ടിച്ച് ഒരു കിലോ ഷീറ്റാണു കിട്ടുക. അനുകൂലമായ കാലാവസ്ഥയിൽ ഒന്നര കിലോ കിട്ടിയെന്നു വരും. കുരുമുളകു കൊടികൾ എല്ലാം നശിച്ചു പോയിരുന്നു. വരുമാന മാർഗങ്ങൾ വളരെ കുറവ്. കുറച്ചു കശുവണ്ടി, പിന്നെ തന്നാണ്ട് കൃഷികൾ. എല്ലാം കൂടെ ഒരു വിധം വലിയ കഷ്ടപ്പാടു കൂടാതെ മുന്നോട്ടു കൊണ്ടു പോകാൻ കഴിയുമായിരുന്നു. പക്ഷേ മാറാരോഗം എന്ന രീതിയിൽ ചാച്ചനെ ബാധിച്ചിരുന്ന മദ്യപാനം ഏറ്റവും വലിയ പ്രശ്നമായി. മദ്യപനു മറ്റെല്ലാറ്റിനേയുംകാൾ പ്രധാനം മദ്യം തന്നെയാണ്. അതിനു വേണ്ടി എന്ത് ത്യാഗവും നഷ്ടവും സഹിക്കാൻ അവൻ മടിക്കുകയില്ല. മദ്യത്തിനു വേണ്ടി ചിലവഴിക്കുന്ന തുകയുടെ കണക്കു വയ്ക്കുകയുമില്ല.

വരവും ചിലവും പൊരുത്തപ്പെടാതായപ്പോൾ മറ്റൊരു വരുമാന മാർഗ്ഗം കണ്ടെത്തി. സ്ഥലം വിൽക്കുക. തുച്ഛമായ വിലയ്ക്കു കുറെ സ്ഥലം വിറ്റു. പക്ഷേ അതുകൊണ്ടൊന്നും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. എന്നാലും, എത്ര ബുദ്ധിമുട്ടിയാലും, എന്തെല്ലാം വിറ്റായാലും, ഞാൻ തോൽക്കുന്നതു വരെ എന്നെ പഠിപ്പിക്കും എന്നു ചാച്ചൻ ഒരു തീരുമാനമെടുത്തിരുന്നു. എട്ടാം ക്ലാസിൽ എത്തിയ പ്പോഴേക്കും ഈ തീരുമാനത്തിനും ഇളക്കം തട്ടി. അന്നു പ്രതിമാസം ആറു രൂപ സ്കൂളിൽ ഫീസു കൊടുക്കണമായിരുന്നു. ഫീസു മുടങ്ങിയാൽ സ്കൂളിൽ നിന്ന് പുറത്താക്കും. മാസാവസാ നമാണ് എങ്ങനെയെങ്കിലും ഫീസൂ തരപ്പെടുത്തി കിട്ടുക. പാഠപുസ്തകങ്ങൾ വളരെ ശ്രദ്ധിച്ചു സൂക്ഷിച്ചിരുന്നതിനാൽ പകുതി വില യ്ക്കു പിറ്റേവർഷം വിൽക്കാൻ കഴിയുമായിരുന്നു. എന്നാൽ പഴയ പുസ്തകങ്ങൾ എനിക്ക് കിട്ടാനുണ്ടായിരുന്നില്ല. വസ്ത്രത്തിന്റെ കാര്യവും കമ്മിയാണ്. ഒരു മുണ്ടും ഷർട്ടും ആഴ്ച മുഴുവൻ ഉപയോഗിക്കും. ശനിയാഴ്ച അലക്കി ഉണങ്ങും. തേക്കാറില്ല, അതിനുവേണ്ട ഉപകരണം, തേപ്പുപെട്ടി, ഇല്ലായിരുന്നു.

എട്ടാം ക്ലാസിൽ മൂന്നു മൂന്നുമാസം പിന്നിട്ടപ്പോൾ ബഹുമാനപ്പെട്ട വർക്കിയച്ചൻ ഒരു ചെറിയ സ്കോളർഷിപ്പു സംഘടിപ്പിച്ചു തന്നു. പ്രതിമാസം മൂന്നു രൂപ. ഫീസിന്റെ പകുതി ഇളവ്. ഈ കാര്യം ഞാൻ വീട്ടിൽ അറിയിച്ചില്ല. ഇങ്ങനെ മിച്ചം കിട്ടിയ തുക ഒരു ഡപ്പിയിൽ സൂക്ഷിച്ചുവച്ചു. അത് ഉപയോഗിച്ച് കൃത്യസമയത്തു ഫീസ് കൊടുക്കും. വീട്ടിൽ നിന്നു കിട്ടുമ്പോൾ ഡിപ്പിയിൽ നിക്ഷേപിക്കും. ഇങ്ങനെ നാലഞ്ചു മാസം കഴിഞ്ഞപ്പോൾ എനിക്ക് ചെറിയൊരു രോഗം ബാധിച്ചു. താടിയിൽ ഒരു കുരു. അതു വലിയ നീരായി. വായ

തുറക്കാൻ തന്നെ പ്രയാസം. താടിയിൽ ഒരു ഫുട്ബോൾ തൂക്കിയിട്ടതു പോലെയായി. എങ്ങനെയും നീര് കീറി കളഞ്ഞേ മതിയാവൂ. കുളത്തുവയലിൽ ഒരു ചെറിയ ഡിസ്പെൻസറി ഉണ്ട്. പത്ത് രൂപയെങ്കിലും ചിലവാകും എന്നാണു കണക്കുകൂട്ടൽ. ഈ തുക ഉണ്ടാക്കാൻ യാതൊരു മാർഗ്ഗവും കാണാതെ ചാച്ചൻ വിഷമിച്ചിരിക്കുമ്പോൾ ഞാൻ എന്റെ രഹസ്യ ഡപ്പി എടുത്തു കൊടുത്തു. സ്കോളർഷിപ്പിന്റെ കാര്യവും പറഞ്ഞു. ഞാൻ ഒരു പൈസ പോലും അതിൽ നിന്നു ചിലവാക്കിയിരുന്നില്ല. അന്ന് ആദ്യമായി ചാച്ചന്റെ കണ്ണിൽനിന്ന് കണ്ണീരൊഴുകുന്നത് ഞാൻ കണ്ടു. ഓപ്പറേഷൻ നിസ്സാരമായിരുന്നു. ഒരാഴ്ച കൊണ്ട് എല്ലാം സുഖമായി അതിന്റെ ചെറിയൊരു അടയാളം ഇന്നും താടിയുടെ ഇടതുഭാഗത്ത് അവശേഷിക്കുന്നു, അന്നത്തെ ക്ലേശങ്ങളുടെ ഒരു സ്മരണികയായി.

കഷ്ടപ്പാടുകൾ വർദ്ധിച്ചുവന്നതിനാൽ പെങ്ങൾ മേരിയുടെ പഠനം അഞ്ചാം ക്ലാസിൽ വച്ചു നിർത്തി. മനസ്സായിട്ടല്ല, നിവർത്തിയില്ലാഞ്ഞിട്ട്. പിന്നെ, പെൺകുട്ടികൾ അധികം പഠിക്കേണ്ടതില്ല എന്നൊരു മനോഭാവവും ഉണ്ടായിരുന്നു. അപ്പോഴേക്കും ഞങ്ങൾ അഞ്ചു മക്കളായിരുന്നു.

ഒമ്പതാം ക്ലാസ് ഒരുവിധത്തിൽ പൂർത്തിയാക്കി. പത്താം ക്ലാസിൽ, (അന്ന് അതു പതിനൊന്നാം ക്ലാസ് ആയിരുന്നു, സിക്സ്ത്ത് ഫോറം), പോകാൻ യാതൊരു മാർഗ്ഗവുമില്ല. പുസ്തകം വാങ്ങണം, ഫീസ് അടയ്ക്കണം, ഒരു ഷർട്ടും മുണ്ടും എങ്കിലും പുതിയതു വാങ്ങണം. വീട്ടിലെ അവസ്ഥ വ്യക്തമായി അറിയാമായിരുന്ന ഞാൻ സ്വമേധയാ പഠനം നിർത്തി, കൃഷി കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചു. കാണുന്നവരെല്ലാം ചോദിക്കും, എന്തേ പഠനം നിർത്തിയോ? എങ്ങനെയെങ്കിലും പത്താം ക്ലാസ് എങ്കിലും പൂർത്തിയാക്കണ്ടേ? ചോദിക്കുന്നവരിൽ അധ്യാപകരും ഉണ്ടായിരുന്നു. കാര്യമായ ദുഃശീലങ്ങൾ ഒന്നുമില്ലാതെ സാമാന്യം നന്നായി പഠിക്കുന്ന കുട്ടിയാണ് ഞാൻ എന്ന് അറിയാമായിരുന്ന അധ്യാപകർക്കു മനസ്സിലായില്ല എന്തുകൊണ്ടാണു ഞാൻ പഠനം നിർത്തിയത് എന്ന്. ചോദിച്ചതുമില്ല. പഠിക്കണം, പൂർത്തിയാക്കണം എന്ന് ഉപദേശം തന്നു. സഹായത്തിന്റെ പിൻബലമില്ലാത്ത ഉപദേശം. അങ്ങനെ ഒരു മാസം കഴിഞ്ഞു. ജൂലൈ മാസം ആദ്യ ആഴ്ചയിൽ എന്റെ ഒരു സഹപാഠിയും സുഹൃത്തുമായ പൂക്കുളത്തു സെബാസ്റ്റ്യൻ - ഇന്ന് അദ്ദേഹം താമരശ്ശേരി രൂപതയിലെ ഒരു വൈദികനാണ് - വീട്ടിൽ വന്നു പറഞ്ഞു, നിന്നെ ഒന്ന് കാണണമെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞു. എന്തിനാണെന്നു ചോദിച്ചിട്ട് അറിയില്ല എന്നായിരുന്നു മറുപടി. സ്കൂളിൽ പോകാത്ത എന്നെ

എന്തിനു ഹെഡ്മാസ്റ്റർ അന്വേഷിക്കുന്നു? ഏതായാലും പിറ്റേന്ന് രാവിലെ ഹെഡ്മാസ്റ്ററുടെ വീട്ടിലെത്തി. കൈലിമുണ്ടും ബനിയനും ധരിച്ചു വരാന്തയിലെ മേശയ്ക്ക് അടുത്തിരുന്ന് ചൂടു കഞ്ഞി കോരിക്കുടിക്കുന്ന ടിവി തോമസ് സാറിന്റെ ചിത്രം എന്റെ കൺമുന്നിൽ നേരിൽ കാണുന്നതുപോലെ ഇപ്പോളുമുണ്ട്.

എന്താ മൈക്കിളേ സ്കൂളിൽ വരാത്തത്? സാറിന്റെ ചോദ്യം. നിവൃത്തിയില്ലാഞ്ഞിട്ടാണ് സാർ. സത്യം മറച്ചു വെച്ചിട്ടു കാര്യമില്ല എന്ന് മനസ്സിലാക്കി ഞാൻ തുറന്നു പറഞ്ഞു. പഠിക്കണമെന്ന് എനിക്കും പഠിപ്പിക്കണം എന്ന് ചാച്ചനും ആഗ്രഹമുണ്ട്. പക്ഷെ വീട്ടിൽ ഒരു പൈസ പോലും എടുക്കാനില്ല. തിരിച്ചുകൊടുക്കാൻ മാർഗം ഇല്ല എന്ന് അറിയാവുന്നതിനാൽ ആരും കടം തരികയുമില്ല. നല്ല ഒരു മുണ്ടും ഷർട്ടും പോലുമില്ല.

അതൊന്നും സാരമില്ല. എന്തോ മുൻകൂട്ടി ആലോചിച്ചു തീരുമാനിച്ചു വച്ചിരുന്നതു പോലെ തോമസ് മാഷ് പറഞ്ഞു. വേഷം ഇതൊക്കെ മതി. പുസ്തകങ്ങൾ സ്കൂളിന്റെ സ്റ്റോറിൽ നിന്നു വായ്പയായി തരാം. വില കാശുണ്ടാകുന്നതുപോലെ കൊടുത്താൽ മതി, ഞാൻ ഓഫീസിൽ പറഞ്ഞു കൊള്ളാം. നീ വീട്ടിൽ ചെന്ന് അപ്പനെയും കൂട്ടി ഇന്നു തന്നെ സ്കൂളിൽ വന്ന് എന്നെ കാണണം. സ്കൂളിൽ ചേരാൻ ഒരുങ്ങി പോര്.
ഇത്രയേറെ നന്ദിയും സന്തോഷവും അനുഭവിച്ച നിമിഷങ്ങൾ ജീവിതത്തിൽ അധികം ഉണ്ടായിട്ടില്ല. *"നീ എന്റേതാണ്..... നീ എനിക്കു വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനും ആണ്..... ഭയപ്പെടേണ്ട, ഞാൻ നിന്നോട് കൂടെയുണ്ട്"* (ഏശ. 43, 1-5). *"നിന്നെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിന്റെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിനക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി"* (ജറ. 29, 11) എന്നിങ്ങനെയുള്ള ദൈവവചനങ്ങൾ ഒന്നും അന്ന് അറിയില്ലായിരുന്നു. ദൈവമാണിത് ഒരുക്കിത്തന്നതെന്ന ചിന്ത പോലും ഉണ്ടായില്ല. ആ നിമിഷത്തിൽ കുളത്തുവയൽ സെന്റ് ജോർജ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പി വി തോമസ് എനിക്ക് ദൈവിക പദ്ധതിയുടെയും കാരുണ്യത്തിന്റെയും ദൃശ്യരൂപമായി.

ഹെഡ്മാസ്റ്റർ വാക്കു പാലിച്ചു. എനിക്കു പുസ്തകങ്ങൾ കിട്ടി. സ്കൂളിൽ പഠനം തുടരാൻ സാധിച്ചു. ഫീസ് ഇളവ് കിട്ടി. പരീക്ഷയടുത്തു. പരീക്ഷാഫീസ് അടയ്ക്കണം. പത്താം ക്ലാസ് കഴിഞ്ഞു പിരിയുന്ന കുട്ടികൾ അധ്യാപകരോടും മാനേജരോടും കൂടെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുന്ന പതിവുണ്ട്. അതുപോലെതന്നെ ഒരു ചെറിയ ചായ സൽക്കാരവും. ഫോട്ടോയുടെ കോപ്പി എല്ലാവർക്കും

ലഭിക്കും. എല്ലാം കൂടെ അഞ്ചു രൂപ ചിലവു വരും. ഇത് 1958 ലാണ്. പരീക്ഷാഫീസ് അടയ്ക്കാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുമ്പോൾ എങ്ങനെ ഫോട്ടോയ്ക്കും സൽക്കാരത്തിനും പണമുണ്ടാക്കും? അതിനാൽ രണ്ടിൽ നിന്നും മാറി നിൽക്കാം എന്നു തീരുമാനിച്ചു. അന്നു പത്താംക്ലാസിൽ പഠിച്ചിരുന്ന മറ്റൊരു കുട്ടിയും ഇതുപോലൊരു ഗതികേടിൽ ആയിരുന്നു. ഞങ്ങൾ രണ്ടുപേരും കൂടെയാണ് തീരുമാനമെടുത്തത്. ഹെഡ്മാസ്റ്ററോട് പറയാതെ മുങ്ങുന്നത് മര്യാദകേടായി തോന്നിയതിനാൽ നേരിട്ട് ചെന്നു കാര്യം പറഞ്ഞു. എന്തായാലും നിങ്ങൾ പരിപാടികളിൽ പങ്കെടുക്കണം. ഫോട്ടോയുടെ കോപ്പി വേണ്ട എന്നു പറഞ്ഞാൽ മതി. നിങ്ങൾക്കായി പ്രത്യേകം ഒരു ചെലവും വരുന്നില്ലല്ലോ. സാറിനെ ധിക്കരിക്കാൻ മനസ്സ് അനുവദിച്ചില്ല. പക്ഷേ അപകർഷബോധത്താലും ലജ്ജയാലും ഉരുകി ഇല്ലാതായി. വെറും കൃമിയേക്കാൾ നികൃഷ്ട ജീവിയായി സ്വയം അനുഭവപ്പെട്ട നിമിഷങ്ങൾ ആയിരുന്നു അത്. ഫോട്ടോയ്ക്ക് നിന്നുകൊടുത്തു. ചായ സൽക്കാരത്തിൽ പങ്കെടുത്തു എന്നു വരുത്തി. ഉള്ളിൽ നിന്നും ഉയർന്നുവന്ന കണ്ണീർ പ്രവാഹം ചിറപൊട്ടി ഒഴുകുന്നതിനു മുമ്പേ സ്ഥലം വിട്ടു. ആദ്യമായി എടുത്ത ആ ഫോട്ടോയുടെ കോപ്പി സുഹൃത്തുക്കളുടെ കയ്യിൽ കണ്ടു. എനിക്ക് കോപ്പി കിട്ടാത്തതിൽ നിരാശ തോന്നിയില്ല, ആ ഗ്രൂപ്പിൽ നിൽക്കാനുള്ള അർഹത എനിക്കില്ല എന്ന് മാത്രം. ഈ തോന്നൽ ശാപമോക്ഷം കിട്ടാത്ത അനാഥ പ്രേതം പോലെ, അഥവാ ഒരു നിഴൽ പോലെ, നിരന്തരം പിന്തുടരാറുണ്ട്.

# അധ്യായം 4

**വീട്ടുത്തരവാദിത്വങ്ങൾ:** മൂത്തമകനായതിനാൽ വീട്ടിലെ കാര്യങ്ങളിൽ കൂടുതൽ ഉത്തരവാദിത്വം എനിക്കുണ്ടായിരുന്നു. ചാച്ചന്റെ അസുഖവും പ്രത്യേക ജീവിതശൈലിയും മൂലം വളരെ ചെറുപ്പത്തിലെ വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടിവന്നു, അഥവാ ചാച്ചനിലൂടെ ദൈവം എന്നെ പരിശീലിപ്പിക്കുകയായിരുന്നു. തീയിൽ കുരുത്തതു വെയിലത്തു വാടില്ല എന്നാണല്ലോ പഴമൊഴി. വളരെ ചെറുപ്രായത്തിലേ കഠിനാധ്വാനം ചെയ്യാൻ ലഭിച്ച പരിശീലനം കുറെയൊക്കെ രോഗങ്ങൾക്കും ശാരീരിക ദൗർബല്യത്തിനും കാരണമായിഎങ്കിലും പിന്നീടതു വലിയൊരു മുതൽക്കൂട്ടായി, ശരീരത്തിനും മനസ്സിനും കരുത്തു നൽകി; ആരെയും ആശ്രയിക്കാതെയും ആരുടേയും മുമ്പിൽ മുട്ടുമടക്കാതെയും നട്ടെല്ലു നിവർത്തി നടക്കാനും സ്വന്തം കാര്യങ്ങളെല്ലാം തനിച്ചു ചെയ്യാനും കഴിയും എന്ന ഒരു സ്വയംപര്യാപ്തതാബോധവും അതു പ്രദാനം ചെയ്തു. ഈ ബോധം പലപ്പോഴും തെറ്റിദ്ധാരണകൾക്കും സംഘർഷങ്ങൾക്കും അവസരം നൽകിയിട്ടുണ്ടെങ്കിലും അധ്വാനത്തിന്റെ മൂശയിൽ എന്നെ വാർത്തെടുത്ത തമ്പുരാനോടും മാതാപിതാക്കന്മാരോടും എനിക്കു നന്ദിയേ ഉള്ളു.

1957 ഓഗസ്റ്റ് പതിനൊന്നാം തീയതി എനിക്ക് പതിനാറു വയസ്സ് ആരംഭിക്കുകയാണ്. അന്നു രാവിലെ ചാച്ചൻ ചെറിയ പ്രഖ്യാപനം നടത്തി. "ഇന്ന് നിനക്ക് പ്രായപൂർത്തിയായി. വീട്ടിലെ കാര്യങ്ങളുടെ ഉത്തരവാദിത്വം പൂർണമായും നിന്നെ ഏൽപ്പിക്കുകയാണ്. സാധനങ്ങൾ ഇഷ്ടമുള്ളിടത്തു വിൽക്കാം, ഇഷ്ടമുള്ളിടത്തുനിന്നു വാങ്ങാം. കണക്കൊന്നും തരേണ്ടതില്ല. വീട്ടിലെ ആവശ്യങ്ങളൊക്കെ നടത്തണം. എന്തെങ്കിലും സംശയമോ ആവശ്യമോ ഉണ്ടെങ്കിൽ ചോദിക്കാം. എന്നെക്കൊണ്ടു പറ്റുന്ന പണി ഞാൻ ചെയ്തുകൊണ്ടിരിക്കും, പക്ഷേ ഉത്തരവാദിത്വം നിന്റേതായിരിക്കും". ഒട്ടും പ്രതീക്ഷിച്ചതല്ല ഇങ്ങനെയൊരു പ്രഖ്യാപനം. പണം കൈകാര്യം ചെയ്യാൻ സ്വാതന്ത്ര്യം കിട്ടിയതിൽ സന്തോഷം തോന്നി. അതിനുമുമ്പും മിക്കവാറും വിൽക്കൽ വാങ്ങലുകൾ ഞാൻ തന്നെയാണ് നടത്തിയിരുന്നത്. എന്നാൽ പൂർണ ഉത്തരവാദിത്വം ഉണ്ടായിരുന്നില്ല. എട്ടാം വയസ്സിൽ കട്ടുവലിച്ചതു മുതൽ ഏതാണ്ടു മുടങ്ങാതെ തന്നെ ഒളിച്ചും പാത്തും ഞാൻ ബീഡി വലിക്കാറുണ്ടായിരുന്നു. അതിനു ഒരു വിരാമമിട്ടുകൊണ്ട് ചാച്ചൻ പ്രഖ്യാപിച്ചു, "നീ ബീഡി വലിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഞാനും വലിക്കുന്നുണ്ട്. അത് നല്ലതല്ല എന്ന്

അറിയാമെങ്കിലും നിർത്താൻ കഴിയുന്നില്ല. നീ വലിക്കാതിരിക്കുക യാണ് നല്ലത്. എന്നാൽ വലിക്കണമെന്നാണ് നിന്റെ ആഗ്രഹമെങ്കിൽ വാങ്ങി വലിച്ചോ; എന്റേത് മോഷ്ടിക്കാതിരുന്നാൽ മതി. അഥവാ എടുത്താൽ വാങ്ങി വച്ചേക്കണം". ഞാൻ പെട്ടെന്നു പൂർണ്ണവളർച്ചയെത്തിയ ഒരു പുരുഷനായി എന്നൊരു തോന്നൽ.

വളരെ പ്രധാനപ്പെട്ട ഒരു പ്രായോഗിക നിർദ്ദേശവും ചാച്ചൻ തന്നു. അത് പാലിക്കാതെയിരുന്നതു കാരണം പിന്നീടു കൈപ്പേറിയ കണ്ണീർ കുടിക്കേണ്ടിവന്നു. നിർദ്ദേശം ഇതായിരുന്നു ഏതെങ്കിലും ഒരു കടയിൽ സ്ഥിരമായി പറ്റ്പടി ഉണ്ടായിരിക്കുന്നതാണ് നല്ലത്. നിന്റെ കയ്യിൽ പണമുള്ളപ്പോൾ കടം ചോദിക്കണം. പണം കൈവശമുണ്ട് എന്ന് അവർ അറിയരുത്. രണ്ടുമൂന്ന് തവണ ഇങ്ങനെ പരീക്ഷിച്ചു നോക്കണം. കടം തരുന്നില്ലെങ്കിൽ പണം കൊടുത്തു സാധനം വാങ്ങുക. അവരുമായുള്ള ഇടപാട് അന്നു തന്നെ അവസാനിപ്പിക്കുക. വളരെ പ്രധാനപ്പെട്ട ഒരു പ്രായോഗിക നിർദ്ദേശം ആയിരുന്നെങ്കിലും ഞാൻ വകവെച്ചില്ല. കേളോത്ത് വയലിലെ ഒരു കടയിലായിരുന്നു ചാച്ചന് പറ്റ്പടി. സ്വാതന്ത്ര്യം കിട്ടിയ ഞാൻ കുളത്തുവയലിലെ ഒരു കടയിലേക്ക് മാറി. അല്പം വില കൂടുതൽ കിട്ടും, നല്ല ഒരു ചായക്കടയും അവിടെയുണ്ട്, നല്ല നെയ്യപ്പം അവിടെ കിട്ടും. എനിക്കത് വലിയ ഇഷ്ടമായിരുന്നു. ഈ കാരണങ്ങൾ കൊണ്ട് പള്ളിക്കുന്നു കയറി ഇറങ്ങി ഒരു കിലോമീറ്റർ കൂടുതൽ നടക്കുന്നത് ഭാരമായി തോന്നിയില്ല. കുറച്ചുനാളത്തേക്കു കാര്യങ്ങൾ എല്ലാം ഭംഗിയായി നടന്നു. വിൽക്കാൻ സാധനങ്ങൾ ഉണ്ടായിരുന്നു. റബർ, പാക്ക്, കശുവണ്ടി അങ്ങനെ പലതും.

*"ഈ എളിയവൻ നിലവിളിച്ചു, കർത്താവു കേട്ടു. എല്ലാ കഷ്ടതകളിൽ നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു"* (സങ്കീ. 34, 6)

ഈ അവസ്ഥ അധിക കാലത്തേക്ക് നിലനിന്നില്ല. മഴക്കാലമായി, വിൽക്കാൻ ഒന്നുമില്ലാതായി. ചാച്ചൻ നൽകിയിരുന്ന നിർദ്ദേശം ഒരിക്കൽ പോലും ഞാൻ പരീക്ഷിച്ചു നോക്കിയിരുന്നില്ല. ഒരു ദിവസം വിൽക്കാൻ ഒന്നുമില്ല. കൈവശം 50 പൈസയുണ്ട്, വീട്ടിൽ അരിയില്ല, മണ്ണെണ്ണയില്ല, അവശ്യവസ്തുക്കൾ ഒന്നുമില്ല. ആറുമാസത്തിലേറെ ഉണ്ടായിരുന്ന മലഞ്ചരക്കെല്ലാം കൊടുക്കുകയും അവശ്യസാധനങ്ങൾ വാങ്ങുകയും ചെയ്തിരുന്ന കടയിലേക്കു പോയി. അരിയ്ക്കുള്ള സഞ്ചിയും മണ്ണെണ്ണ കുപ്പിയും കയ്യിലെടുത്തു. കടയിൽ ചെന്നു കാര്യം പറഞ്ഞു.

ഒരാഴ്ചത്തെ ആവശ്യത്തിനുള്ള സാധനങ്ങൾ കടമായി തരണം. കടമായി ഒന്നും കൊടുക്കേണ്ട എന്നാണു മുതലാളി പറഞ്ഞിരിക്കുന്നത്, എന്നായിരുന്നു മറുപടി. അത് ഒരു ഇടിവെട്ടു പോലെയായി. മുതലാളി എന്നു പറഞ്ഞയാൾ എന്റെ ഒരു സഹപാഠിയായിരുന്നു. നാല് വയസ്സ് പ്രായം കൂടുതലുണ്ടെന്ന് മാത്രം. സഹപാഠിയുടെ മുമ്പിൽ യാചകനെപ്പോലെ കൈനീട്ടാൻ ആത്മാഭിമാനം അനുവദിച്ചില്ല. കൈവശമുണ്ടായിരുന്ന പൈസ കൊടുത്തു ഒരു കുപ്പി മണ്ണെണ്ണയും വാങ്ങി വീട്ടിലേക്ക് തിരിച്ചു. തലതാഴ്ത്തി മ്ലാനമായ മുഖത്തോടെ ഞാൻ കയറി വരുന്നതു ചാച്ചൻ കണ്ടു, കാര്യം മനസ്സിലായി. ഒരു കുറ്റവും പറഞ്ഞില്ല, ശകാരിച്ചതുമില്ല. അന്ന് വീട്ടിൽ തീ പുകഞ്ഞില്ല. എല്ലാവരും മുഴുപ്പട്ടിണി കിടന്നു. അങ്ങനെ എന്റെ കുടുംബഭരണം പരാജയത്തിലും പട്ടിണിയിലും കലാശിച്ചു. പരാജയവും അപകർഷബോധവും മൂലം അട്ടയെപ്പോലെ ഞാൻ ചുരുണ്ട് ഒന്നുമല്ലാതായി. പിറ്റേന്ന് ചാച്ചൻ കാര്യങ്ങൾ ഏറ്റെടുത്തു. പരിചയക്കാരിൽ നിന്നു കടം വാങ്ങി വീട്ടിലെ കാര്യങ്ങൾ നിർവഹിച്ചു പോന്നു. പക്ഷേ മുന്നോട്ടുപോവുക തീരെ സാധ്യമല്ലാതെ വന്നു. വിൽക്കാൻ ഒന്നുമില്ല. മഴമൂലം റബ്ബർ വെട്ടാനാകുന്നില്ല, കടം കിട്ടാനില്ല, കിട്ടിയാൽത്തന്നെ വീട്ടാൻ മാർഗവുമില്ല. ദാരിദ്ര്യവും പട്ടിണിയും രോഗവും വർദ്ധിച്ചു. ഈ സാഹചര്യത്തിൽ ഞാൻ ഒരു പുതിയ നിർദ്ദേശം ചാച്ചനും അമ്മച്ചിയും പെങ്ങളും അടങ്ങുന്ന കുടുംബസദസ്സിൽ അവതരിപ്പിച്ചു. ഒട്ടും മാന്യമല്ലാത്ത ഒരു തൊഴിൽ - തൽക്കാലത്തേക്ക് - മഴക്കാലവും കടുത്ത ക്ഷാമവും തീരുന്നതുവരെ മാത്രം.

ഞങ്ങൾ താമസിക്കുന്ന പ്രദേശം അന്നു മാഹിക്കുന്ന് എന്നാണ് അറിയപ്പെട്ടിരുന്നത്. ചുറ്റുപാടുമുള്ള വീടുകളിൽ ചാരായം വാറ്റും വിൽപ്പനയും നടന്നിരുന്നതിനാലാണ് ഈ പേരു കിട്ടിയത്. കുറച്ചു നാളത്തേക്ക് വാറ്റി വിൽക്കുക എന്ന പദ്ധതിയാണ് ഞാൻ അവതരിപ്പിച്ചത്. മൂന്നുപേർക്കും ആദ്യം അത് സ്വീകാര്യമായില്ല. പക്ഷേ ജീവിതമാർഗം മറ്റൊന്നും കാണുന്നില്ല. കൂലിപ്പണി എടുക്കാൻ ആരോഗ്യമില്ല, ദാനമോ കടമോ ആയി ആരും ഒന്നും തരില്ല. പട്ടിണികിടന്ന് മരിക്കുന്നതിനേക്കാൾ എന്തെങ്കിലും ഒരു തൊഴിൽ ചെയ്ത് ആഹാരം സമ്പാദിക്കുന്നതാണു നല്ലതെന്ന് ഞാൻ വാദിച്ചു. അവസാനം മനസ്സില്ലാ മനസ്സോടെ അവർ സമ്മതിച്ചു. എവിടെനിന്നോ കടം കിട്ടിയ പണവുമായി പിറ്റേദിവസം കടയിൽ പോയി പാട്ടയും, കലവും, നെല്ലും, വെല്ലവും, അങ്ങനെ വാറ്റിന് ആവശ്യമായതെല്ലാം സംഘടിപ്പിച്ചു. റബ്ബർ വെട്ടാൻ പഠിപ്പിച്ച പേരപ്പൻ തന്നെ വേണ്ട പരിശീലനവും സഹായവും ചെയ്തു തന്നു. ഏതാണ്ട് ആറുമാസ

ത്തോളം വീട്ടിൽ വെച്ചും അങ്ങാടിയിൽ കൊണ്ട്ചെന്നു ചാരായം വിറ്റ് അരി വാങ്ങി, പട്ടിണി കൂടാതെ കഴിയാൻ സാധിച്ചു. സെമിനാരിയിൽ ചേരുന്നതു വരെ ഞാൻ ഈ ബിസിനസ് നടത്തി. സെമിനാരിയിൽ ചേർന്നു മൂന്നുമാസം കഴിഞ്ഞപ്പോൾ ചാച്ചൻ അതു നിർത്തി. ദാരിദ്ര്യം മനുഷ്യനെ എത്രമാത്രം അധഃപ്പതിപ്പിക്കാം എന്ന് നേരിട്ട് അനുഭവിച്ചറിഞ്ഞതിനാൽ ദാരിദ്ര്യത്തെ ഒരു ഭാഗ്യമായി അവതരിപ്പിക്കുന്നത് കേൾക്കുമ്പോൾ വിശ്വസിക്കാനോ അംഗീകരിക്കാനോ എനിക്ക് പ്രയാസമുണ്ടാകുക സ്വാഭാവികം.

ഈ തൊഴിൽ തുടങ്ങുന്നതിനു കുറച്ചു മുമ്പ് മറ്റൊരു ബിസിനസ് ഞാൻ പരീക്ഷിച്ചുനോക്കി. ഏതാനും ആഴ്ച കൊണ്ട് നിന്നു പോയ ഒരു ബിസിനസ്. അന്ന് സി.ആർ.എസ്. വഴി ഇടവകകളിൽ പാൽപ്പൊടി വിതരണം നടക്കുന്നുണ്ടായിരുന്നു. പാവപ്പെട്ടവർക്ക് സൗജന്യമായി നൽകാൻ വേണ്ടി അമേരിക്കയിലെ ക്രൈസ്തവർ അയച്ചുകൊടുക്കുന്നതാണിത്. എന്നാൽ ഈ പാൽപ്പൊടി വിതരണം ചെയ്യുന്ന കാര്യത്തിൽ പല വികാരിയച്ചന്മാരും ചില നിബന്ധനകൾ വച്ചു. കുളത്തുവയലിൽ സ്കൂളിന്റെയും പള്ളിയുടെയും ഒക്കെ പണി നടക്കുന്ന കാലമായിരുന്നു അത്. ഓരോ വീട്ടിലെയും പ്രായപൂർത്തിയായ പുരുഷന്മാർക്കു പ്രതിവർഷം നിശ്ചിത ദിവസങ്ങളിൽ പൊതുപ്പണി തീരുമാനിച്ചിരുന്നു. ഈ പണി എടുത്തു തീർക്കുമ്പോൾ അതിന് അനുപാതികമായി പാൽപ്പൊടി വിതരണം ചെയ്യുക എന്നതാണ് കുളത്തുവയലിലെ അന്നത്തെ വികാരിയച്ചൻ എടുത്ത തീരുമാനം. പള്ളിക്ക് കിട്ടാനുള്ള പണി കിട്ടും, നാട്ടുകാർക്ക് പാൽപ്പൊടിയും. ഇത് സാമാന്യം നല്ല ഒരു സംവിധാനമായി തോന്നാം. പക്ഷേ ഇവിടെ ഇതു ദുരുപയോഗിക്കാൻ സാധ്യതയുണ്ടായിരുന്നു. ഒന്നു രണ്ടു പേർ അതിനായി രംഗത്തു വന്നു കഴിഞ്ഞിരുന്നു.

പണിയെടുക്കാൻ പറ്റാത്തവർ തത്തുല്യമായ തുക പള്ളിയിൽ ഏൽപ്പിച്ചാൽ മതി എന്ന നിബന്ധനയാണ് ദുരുപയോഗപ്പെടുത്തിയത്. പത്തു പണിയെടുക്കാൻ കടപ്പെട്ടയാൾ ആ പണിയെടുക്കാനായി ഒരാളെ ചുമതലപ്പെടുത്തുന്നു. അയാൾ കത്തുമായി വികാരിയച്ചനെ സമീപിച്ചു പണം ഏൽപ്പിക്കുമ്പോൾ അതിന് ആനുപാതികമായ പാൽപ്പൊടി വികാരിയച്ചൻ നൽകുന്നു. പള്ളിയിൽ കൊടുക്കുന്നതിനേക്കാൾ കൂടുതൽ തുക പാൽപ്പൊടി മറിച്ചു വിറ്റാൽ കിട്ടും. ചിലരൊക്കെ ലോഡ് പൂർണമായി മറിച്ചു വിറ്റ് പള്ളിക്കും പള്ളിക്കൂടത്തിനും വേണ്ടി പണമുണ്ടാക്കിയിരുന്നു. എന്നാൽ കുളത്തുവയലിൽ ചെറിയതോതിൽ മാത്രമാണ് അങ്ങനെ വിൽപ്പന നടന്നത്. പെട്ടി പൊട്ടിച്ചു ടിന്നുകൾ മാത്രമേ നൽകിയിരുന്നു. ഒരു ടിൻ

മറിച്ചു വിറ്റാൽ രണ്ട് രൂപ ലാഭം കിട്ടും. അതിനാൽ അതിനായി കുറച്ചുനാൾ വീടുകൾ കയറിയിറങ്ങി കത്തുകൾ വാങ്ങി പള്ളിയിലെത്തിച്ചു പാൽപ്പൊടി വാങ്ങി മറിച്ചുവിറ്റു. പക്ഷേ ഇത് അധികം നീണ്ടു നിന്നില്ല പാൽപ്പൊടി വരവ് നിന്നു, അതോടൊപ്പം ഈ തൊഴിലും. അപ്പോഴാണ് പുതിയ തൊഴിൽ മേഖല തേടിയത്. അന്നു 372 മാർക്ക് വാങ്ങി എസ്എസ്എൽസി പാസായതിനുശേഷമായിരുന്നു ഈ തൊഴിലുകൾ. ഇതിന്റെ മധ്യത്തിൽ നിന്നാണ് തമ്പുരാൻ വിളിച്ചത്.

# അദ്ധ്യായം 5

മാരകരോഗം: 1958-59 കാലഘട്ടത്തിലാണ് അടുത്ത പരീക്ഷണം ഉണ്ടായത്. മരണത്തെ മുഖാമുഖം കണ്ടുഭയന്ന് ആശയറ്റു കഴിഞ്ഞ കാലം. കഠിനാധ്വാനവും പോഷകാഹാരകുറവും ആരോഗ്യം മോശമാകാൻ കാരണമായി. എന്നോ കടന്നുകൂടിയ ആസ്മ രോഗം ശക്തിപ്പെട്ടു. പത്താം ക്ലാസ് പാസ്സായി കഴിഞ്ഞപ്പോൾ അധ്വാനഭാരം കൂടി. നെഞ്ചുവേദന ശക്തമായി. ശരീരം അനുദിനം ക്ഷീണിച്ചു വന്നു. എന്നാലും അധ്വാനത്തിന് കുറവുണ്ടായിരുന്നില്ല. പക്ഷേ, ഏതോ മാരകമായ രോഗം എന്നെ ബാധിച്ചിരിക്കുന്നു എന്ന ചിന്ത എന്നെ പിടികൂടി. കാണുന്നവർക്കെല്ലാം, പ്രത്യേകിച്ച് അയൽക്കാർക്കും എന്നെ പഠിപ്പിച്ച അധ്യാപകർക്കും, ഞാൻ സഹതാപവിഷയമായി. **കോഴിക്കോട് അശോക** ഹോസ്പിറ്റലിൽ നിന്ന് പലതവണ മരുന്നു വാങ്ങി കഴിച്ചിരുന്നു. കടം വർദ്ധിച്ചതല്ലാതെ ഗുണമുണ്ടായില്ല. ഒരു ദിവസം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ടി.വി. തോമസ് സാർ എന്നോടു പറഞ്ഞു, 'നിനക്ക് എന്തോ രോഗമുണ്ട്.. ഇന്ന ദിവസം വരൂ കോഴിക്കോടു സർക്കാർ ആശുപത്രിയിൽ എന്റെ ഒരു സ്നേഹിതൻ ഡോക്ടർ ഉണ്ട്. നല്ല ചികിത്സയ്ക്ക് വേണ്ട ഏർപ്പാടുകൾ ചെയ്തുതരാം'. സാർ എന്റെ കൂടെ വരുമെന്നും വണ്ടിക്കൂലി വഹിക്കുകയും വിദഗ്ധപരിശോധനയ്ക്കു ശേഷം വേണ്ട മരുന്നു വാങ്ങി തരികയും ചെയ്യുമെന്നും ഞാൻ പ്രതീക്ഷിച്ചു. സാർ അതൊന്നും പറഞ്ഞിരുന്നില്ലെങ്കിലും ഒന്നുമില്ലാത്തവന്റെ ആഗ്രഹ ങ്ങളും പ്രതീക്ഷകളും അവനെക്കൊണ്ട് അങ്ങനെയൊക്കെ ചിന്തിക്കാൻ പ്രേരിപ്പിച്ചു.

വീട്ടിൽവന്ന് താൻ കാര്യങ്ങൾ പറഞ്ഞു. എല്ലാവർക്കും സന്തോഷ മായി. പറഞ്ഞ ദിവസം അതിരാവിലെ ഞാൻ സാറിന്റെ വീട്ടിൽ ചെന്നു. 'ഞാൻ ഒരു കത്ത് തരാം. നീ അതുകൊണ്ടുപോയി കൊടുത്താൽ വേണ്ടതെല്ലാം ഡോക്ടർ ചെയ്തു തരും'. ഇതായിരുന്നു തോമസ് സാറിന്റെ സഹായം. എന്റെ പ്രതീക്ഷകളെല്ലാം ഒറ്റയടിക്കു തകർന്നു. വണ്ടിക്കൂലിക്കു പോലും പൈസ കൈവശമില്ല. പിന്നെ ഞാനെങ്ങനെ കോഴിക്കോടിനു കത്തുമായി പോകും. നിരാശനായി ഞാൻ പള്ളിയിൽ പോയിരുന്നു കരഞ്ഞു. അന്ന് ഒരു ആദ്യവെള്ളി യാഴ്ചയായിരുന്നു. കുർബാനയിൽ പങ്കെടുക്കാൻ ചാച്ചൻ പള്ളിയിൽ വരുമ്പോൾ കരഞ്ഞു കലങ്ങിയ കണ്ണുമായി ഇരിക്കുന്ന എന്നെ കണ്ടു. കാര്യം മനസ്സിലാക്കിയപ്പോൾ ആ പിതാവിന്റെ ഹൃദയം പിടഞ്ഞു. എവിടെനിന്നോ അല്പം കാശു സംഘടിപ്പിച്ച് ആ വഴി തന്നെ

എന്നെയും കൂട്ടി പുറപ്പെട്ടു, അന്നു നാട്ടിൽ സുപ്രസിദ്ധനായിരുന്ന കാട്ടിപ്പരുത്തി ഗുരുക്കളുടെ അടുക്കലേക്ക്. ഗുരുക്കളുടെ ചികിത്സയും ഒരു ഗുണവും ചെയ്തില്ല.

ചെയ്യാവുന്ന ചികിത്സയെല്ലാം ചെയ്തു. ഇനി ഒന്നും ചെയ്യാൻ അവശേഷിച്ചിട്ടില്ല. ഒന്നൊഴികെ, മരിക്കാൻ ഒരുങ്ങുക. ഒരു നിസംഗതാഭാവം എന്നെ പിടികൂടി. ചെയ്തുകൊണ്ടിരുന്ന പണികളെല്ലാം കഴിയുന്നതുപോലെ തുടർന്നു, ഏറിയാൽ രണ്ടോ മൂന്നോ മാസം, അതോടെ എല്ലാം അവസാനിക്കും എന്നു കരുതി ആശ്വസിച്ചു കൊണ്ട്. പണ്ടൊക്കെ പള്ളിയിൽ പോകാൻ താല്പര്യമുണ്ടായിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ അതും നഷ്ടപ്പെട്ടു. ദൈവം ചിന്തയിലേക്കു പോലും കടന്നു വരാതെയായി. ഞായറാഴ്ച വൈകുന്നേരം കുർബാനയ്ക്ക് പോകും, പ്രാർത്ഥിക്കാനല്ല, അതിന് മറ്റൊരു കാരണമുണ്ടായിരുന്നു. 1958 അവസാനിച്ചപ്പോഴേക്കും ആരോഗ്യനില കൂടുതൽ വഷളായി. *"പ്രേതമായി തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു"* എന്ന പെരുന്തച്ചന്റെ അവസ്ഥയായി. തികഞ്ഞ നിർവികാരത, ഒന്നും നേടാനും നഷ്ടപ്പെടാനും ഇല്ലാത്ത അവസ്ഥ. എങ്ങനെയും ഈ ജീവിതം ഒന്നു തീർന്നു കിട്ടിയാൽ മതിയെന്ന ആഗ്രഹം. പണിപ്പെട്ട ശ്വാസോച്ഛ്വാസം തന്നെ ഒരു ഭാരിച്ച അധ്വാനമായിരുന്നു. ശ്വാസംമുട്ടൽ കാരണം ഉറക്കമില്ലാത്ത രാത്രികൾ, നടക്കുമ്പോൾ കിതപ്പ്, കിടക്കുമ്പോൾ വിട്ടുമാറാത്ത നെഞ്ചുവേദന. ആത്മഹത്യയെക്കുറിച്ച് അറിയില്ലായിരുന്നു. അന്ന് ദൈവത്തെയും പിശാചിനെയും മരണത്തെയും നരകത്തെയും എനിക്ക് ഭയമില്ലായിരുന്നു. ജീവിതത്തെയാണ് ഞാൻ ഭയന്നത്, അവസാനമില്ലാതെ ഇഴഞ്ഞു നീങ്ങുന്ന ജീവിതത്തെ.

*"ചോരയിൽ കിടന്നുരുളുന്നതുകണ്ടു, ജീവിക്കുക"* എന്ന് എന്നോടു പറഞ്ഞ കർത്താവ് വീണ്ടും എന്റെ ദയനീയതയിലേക്ക് കടന്നു വന്നു. അത് കർത്താവാണെന്ന് ഞാൻ അറിഞ്ഞില്ല. 1959 മാർച്ചു മാസത്തിലാണ് ജീവിതത്തിൽ സാവധാനം ഒരു വഴിത്തിരിവ് ഉണ്ടായത്. അയൽപക്കത്തു താമസിക്കുന്ന കാപ്പിൽ ഔസേപ്പച്ചൻ എന്നൊരാൾ വഴിയായിരുന്നു കർത്താവ് പ്രവർത്തിച്ചത്. എന്നെക്കാൾ പത്തിരുപതു വയസ്സു കൂടുതൽ പ്രായമുള്ള അയാൾ അന്ന് അല്പം യോഗാഭ്യാസം പരിശീലിപ്പിക്കുകയും ചില ധ്യാനമുറകൾ പരീക്ഷിക്കുകയും ചെയ്തിരുന്നു. ഞാൻ പലപ്പോഴും അയാളെ കാണാൻ പോകും, കുറേനേരം സംസാരിച്ചിരിക്കും. ഔസേപ്പച്ചൻ ചേട്ടൻ ഒരു ദിവസം എന്നോട് പറഞ്ഞു, എടാ നീ അല്പം യോഗാഭ്യാസം പരിശീലിച്ചു നോക്ക്, ചിലപ്പോൾ ഗുണം ഉണ്ടായേക്കും. എന്തുഗുണം എന്നറിയില്ല.

ഏതായാലും മുതൽമുടക്കില്ലാത്ത പരിപാടിയല്ലേ ചെയ്തു നോക്കാം എന്നു സമ്മതിച്ചു.

നിർദേശിച്ച വിധം പരിശീലനം ആരംഭിച്ചു. സഹായത്തിന് ഒന്നുരണ്ടു പുസ്തകങ്ങളും തന്നു. ആളൊഴിഞ്ഞ ഒരു വീട് അടുത്തുണ്ടായിരുന്നു. ആരും കാണാതെ, വീട്ടിൽ പോലും ആരും അറിയാതെ, ആ വീട്ടിൽ ഞാൻ പരിശീലനം തുടങ്ങി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ ശ്വാസത്തിനുള്ള തടസ്സത്തിന് കുറവുണ്ടായി, നെഞ്ചുവേദനയും കുറഞ്ഞു. ഒന്നുരണ്ടു മാസം കൊണ്ട് എന്റെ ക്ഷീണവും കുറഞ്ഞു. പുറമേനിന്നു കണ്ടാൽ മാറ്റമൊന്നുമില്ലായിരുന്നെങ്കിലും ഉള്ളിൽ വലിയ മാറ്റങ്ങൾ നടക്കുകയായിരുന്നു. മെയ് മാസമായപ്പോഴേക്കും എന്റെ അസുഖമെല്ലാം മാറി എന്ന് എനിക്ക് തോന്നി, എനിക്ക് മാത്രം.

അപ്പോഴാണു മനസ്സിലേക്കു ശക്തമായ ഒരു ചിന്ത കടന്നു വന്നത്. കൈവിട്ടുപോയ ഒരു ജീവിതമായിരുന്നു എന്റേത്. മരണത്തിനുവേണ്ടി നാളുകൾ എണ്ണിക്കഴിഞ്ഞ എന്നിലേക്ക് ജീവന്റെ തുടിപ്പുകൾ കടത്തിവിട്ട ദൈവത്തിനു വേണ്ടി ഈ ജീവൻ പ്രതിഷ്ഠിക്കണം. എന്നെപ്പോലെ ഹതഭാഗ്യരായവർക്ക് ഏതെങ്കിലും വിധത്തിൽ ഈ ജീവിതം ഒരു സേവനമാകണം. കുറച്ചുപേരുടെയെങ്കിലും കണ്ണീരൊപ്പണം. അന്തസ്സും അഭിമാനവും ഇല്ലാത്തവർക്ക് അല്പം ആത്മാഭിമാനം നൽകണം. പിന്നെ വൈകിയില്ല, വേഗം അന്വേഷണം ആരംഭിച്ചു. പക്ഷേ ഞാൻ പ്രതീക്ഷിച്ചത്ര എളുപ്പമായിരുന്നില്ല ജീവിത സമർപ്പണം.

# അധ്യായം 6

ദൈവവിളിയുടെ തുടക്കം: *"നീർച്ചാൽ തേടുന്ന മാൻപേടയേ പ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു"* (സങ്കീ. 42, 1)

എനിക്കു ലഭിച്ച ദൈവവിളിയെക്കുറിച്ച് ചിന്തിക്കുമ്പോൾ സമ്മിശ്രമായ വികാരങ്ങൾ ആണ് ഉണ്ടാവുക. ആരംഭം വ്യക്തമല്ല. വിളിയിൽ നിലനിൽക്കുന്നത് സംഘർഷങ്ങൾ ഇല്ലാതല്ല. സംശയങ്ങൾ ധാരാളം. പാളം തെറ്റുന്ന സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാലും ഇന്നും അവ്യക്തതകളിലൂടെയും അന്ധകാരത്തിലൂടെയും, അവിശ്വ സ്തതയുടെ മുറിവുകൾ ഉണക്കി, വീഴുന്നിടത്തുനിന്നു പൊക്കിയെ ടുത്തു കൈപിടിച്ച് നടത്തുന്ന കർത്താവിനു സ്തുതി.

വല്യമ്മയാണ് എന്നെ പ്രാർത്ഥനകൾ പഠിപ്പിച്ചത്. വല്ല്യമ്മയുടെ ഇളയ മകന്റെ മൂത്തമകനായിരുന്നു ഞാൻ. എന്നോട് അമ്മയ്ക്ക് എന്തൊ ഒരു പ്രത്യേക താൽപര്യവും സ്നേഹവും ഉണ്ടായിരുന്നു, എനിക്ക് അമ്മയോടും. അമ്മച്ചിയെക്കാൾ അമ്മയോട് ആയിരുന്നു അടുപ്പം. വഴക്കു പറയുകയും തല്ലുകയും ഒക്കെ ചെയ്യുമായിരുന്നു. ചിലപ്പോഴൊക്കെ ഒത്തിരി സങ്കടം തോന്നിയിട്ടുണ്ട്. മൂന്നുപേർ - ചാച്ചനും അമ്മച്ചിയും അമ്മയും - കൂടി ശിക്ഷിക്കാതെ ആരെങ്കിലും ഒരാൾ ശിക്ഷിച്ചാൽ മതിയെന്ന് പറഞ്ഞിട്ടുമുണ്ട്. എന്നാലും അമ്മ യോട് എനിക്ക് വലിയ സ്നേഹമായിരുന്നു. അമ്മ പോകുന്നിടത്തെല്ലാം എന്നെയും കൊണ്ടുപോകും. പള്ളിയിലും പെരുന്നാളിനും ഒക്കെ അമ്മയുടെ കൂട്ടത്തിലാണു പോക്ക്.

വളരെ ചെറുപ്പത്തിലേ അമ്മ എന്നെ പ്രാർത്ഥനകളും നമസ്കാരങ്ങളും എല്ലാം പഠിപ്പിച്ചു. മുപ്പത്തിമൂന്നു പ്രാർത്ഥനകളാണു പഠിക്കാനുണ്ടാ യിരുന്നത്. അഞ്ചു വയസ്സായപ്പോഴേക്കും അതെല്ലാം ഞാൻ പഠിച്ചു. എല്ലാ ദിവസവും വീട്ടിൽ മുതിർന്നവരുടെ പ്രാർത്ഥനയ്ക്കു മുമ്പേ ഞാൻ അതെല്ലാം ചൊല്ലണം എന്ന് അമ്മയ്ക്കു നിർബന്ധമാണ്. അർത്ഥമൊന്നും അറിയാതെയാണ് പഠിച്ചത്. അർത്ഥം അമ്മയ്ക്കും അറിയില്ലായിരുന്നു. ത്രികാലജപം ഒരുദാഹരണമാണ്. പ്രാർത്ഥിക്കാം എന്നു പറഞ്ഞു തുടങ്ങുന്ന പ്രാർത്ഥനയുടെ അവസാനം 'ഈരിപ്പോഴൊക്കിയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു ഞങ്ങൾക്കു തന്നരുളേണമേ' എന്നൊരു

സമാപനവാക്യമുണ്ട്. 'ഈരിപ്പോഴൊക്കെ' എന്നാൽ എന്താണ് അർത്ഥമെന്നു എനിക്കു മനസ്സിലായില്ല. ചോദിക്കുമ്പോൾ അമ്മയ്ക്ക് അരിശം വരും. പറഞ്ഞതനുസരിച്ച് ചൊല്ലിയാൽ മതി ചോദ്യം ഒന്നും വേണ്ട. ഇതായിരുന്നു മറുപടി. 'ഈ ഇരപ്പുകൾ ഒക്കെയും' എന്നതാണ് 'ഈരിപ്പോഴൊക്കെ' ആയതെന്ന് വളരെ കഴിഞ്ഞാണ് എനിക്ക് മനസ്സിലായത്; 'ഇരപ്പുകൾ' യാചനകൾ ആണെന്നും. അർത്ഥം അറിയാതെയാണ് പഠിച്ചതെങ്കിലും വിശ്വാസത്തിന്റെയും ഭക്തിയുടെയും വിത്ത് ഹൃദയത്തിൽ വിതച്ചു കഴിഞ്ഞിരുന്നു.

അമ്മയുടെ വലിയൊരു ആഗ്രഹമായിരുന്നു എന്നെ എത്രയും വേഗം വിശുദ്ധ കുർബാന സ്വീകരിക്കാൻ ഒരുക്കണമെന്നത്. ഒരു വാശിയോടെ തന്നെ അമ്മ എന്നെ പഠിപ്പിച്ചു. അങ്ങനെ ആറാം വയസ്സിൽ രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ കുർബാന സ്വീകരണത്തിന് ഒരുങ്ങിക്കഴിഞ്ഞു. എന്നെ വികാരിയച്ചന്റെ അടുത്തുകൊണ്ടു ചെന്ന് അമ്മ കാര്യം പറഞ്ഞു. ഈ വർഷത്തെ ആദ്യകുർബാന സ്വീകരണത്തിന് ഇവനെയും ഉൾപ്പെടുത്തണം. പത്തു വയസ്സാകാതെ ആദ്യ കുർബാന നൽകില്ല എന്ന പൊതു നയം വികാരിയച്ചൻ വിശദീകരിച്ചതൊന്നും അമ്മയ്ക്ക് സ്വീകാര്യമായില്ല. അച്ചൻ ഇവനോട് ചോദ്യം ചോദിക്ക്, ഉത്തരം പറയുന്നില്ലെങ്കിൽ കുർബാന കൊടുക്കേണ്ട, ഉത്തരം എല്ലാം ശരിയായി പറയുകയാണെങ്കിൽ പിന്നെ എന്താ തടസ്സം? അമ്മയുടെ നിർബന്ധത്തിനു മുന്നിൽ വാക്കുമുട്ടിയ വികാരിയച്ചൻ ചോദ്യങ്ങൾ ചോദിച്ചു. എല്ലാറ്റിനും കൃത്യമായ മറുപടി നൽകിയതിനാൽ അച്ചൻ വഴങ്ങി.

അന്നു മഠവും കന്യാസ്ത്രീകളുമൊന്നും കുളത്തുവയലില്ല. മുതിർന്ന സഹോദരങ്ങളാണ് ആദ്യകുർബാന സ്വീകരണത്തിനു വേണ്ട കാര്യങ്ങളൊക്കെ ഒരുക്കിയത്. കുട്ടികൾക്കെല്ലാം അവർ മുടിയു ണ്ടാക്കി, ഓല വളച്ചുകെട്ടി വാടാമുല്ല പൂക്കൾ കോർത്ത് മനോഹര മായുണ്ടാക്കിയ പുഷ്പകിരീടം. കുർബാന സ്വീകരണം കഴിഞ്ഞു ചായസൽക്കാരം ഉണ്ടായിരുന്നു, അവലും പഴവും ചായയും. ചായ സൽക്കാരം കഴിഞ്ഞിട്ടും തലയിൽ പുഷ്പചക്രവും വെച്ചു വലിയ അഭിമാനത്തോടെ നടന്നു. യേശുവിനെ സ്വീകരിച്ചു എന്നത് വലിയൊരു അനുഭവമായിട്ടൊന്നും ഓർമ്മയിൽ അവശേഷിക്കുന്നില്ല, പുഷ്പ ചക്രവും ചായയും പോലെ. തുടർന്നുള്ള എല്ലാ ശനിയാഴ്ചയും അമ്മയുടെ കൂടെ പള്ളിയിൽ പോകും. കുർബാന കഴിഞ്ഞ് പുറത്തിറങ്ങിയാൽ പള്ളിക്കിണറ്റിൽ നിന്ന് അമ്മ വെള്ളം കോരി തരും. വെള്ളം കുടിച്ചതിനുശേഷമേ തുപ്പാവൂ എന്നാണ് നിയമം.

ചിലപ്പോഴൊക്കെ വെള്ളത്തിനുശേഷം ചായക്കടയിൽ നിന്ന് ചായയും വാങ്ങിത്തരും. കുർബാന സ്വീകരണത്തേക്കാൾ ചായകുടി ആയിരുന്നു എനിക്ക് അന്നിഷ്ടം. ചായ കിട്ടും എന്നതിനാൽ തന്നെ പള്ളിയിൽ പോകാനും കുർബാന സ്വീകരിക്കാനും എനിക്ക് ഉത്സാഹം ആയിരുന്നു. പഞ്ചസാരയിൽ പൊതിഞ്ഞ ഗുളികയാണെങ്കിലും മരുന്ന് അകത്തു ചെന്നാൽ ഗുണമുണ്ടാകുമല്ലോ!

*"ഞാൻ ദൈവസന്നിധിയിൽ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് അവിടുന്ന് എന്റെ ജീവനെ മരണത്തിൽ നിന്നും എന്റെ പാദങ്ങളെ വീഴ്ചയിൽ നിന്നും രക്ഷിക്കുന്നു"* (സങ്കീ.56, 13)

പ്രാർത്ഥനകളെല്ലാം ഞാൻ കണിശമായി ചൊല്ലണം എന്ന് അമ്മയ്ക്ക് വലിയ നിർബന്ധമായിരുന്നു. മുതിർന്നവരുടെ പ്രാർത്ഥനയ്ക്കു മുമ്പേ നമസ്കാരങ്ങൾ എല്ലാം ഉച്ചത്തിൽ ചൊല്ലണം. എന്തെങ്കിലും കുറവോ തെറ്റോ ഉണ്ടായാൽ അമ്മയുടെ ഭാവം മാറും. ഈ പ്രാർത്ഥനകളെല്ലാം മുട്ടിന്മേൽ നിന്ന് ചൊല്ലണം എന്നു നിർബന്ധമായിരുന്നു. അമ്മയുടെ താൽപര്യം കണ്ടിട്ടാവാം പ്രാർത്ഥന എനിക്ക് വലിയ ഇഷ്ടമായിരുന്നു. നിർബന്ധമില്ലെങ്കിലും മുതിർന്നവരുടെ പ്രാർത്ഥനയിലും പങ്കുചേരും. കുറേക്കാലത്തേക്ക് വെളുപ്പിനു മൂന്നര ആകുമ്പോൾ എണീറ്റ് പ്രാർത്ഥിക്കുക അന്ന് വീട്ടിൽ ഒരു പതിവായിരുന്നു. ക്ലോക്കും ടൈംപീസും ഒന്നുമില്ല, കോഴി കൂവുന്നതു കേട്ടാണ് ഉണരുക. ഉണർന്ന് പായയിൽ തന്നെ ഇരുന്നു പ്രാർത്ഥിക്കും, ചാച്ചനും അമ്മയും അമ്മച്ചിയും. ആദ്യം ഈ പ്രാർത്ഥനയെക്കുറിച്ച് എനിക്ക് അറിയില്ലായിരുന്നു. ഒരിക്കൽ ഈ പ്രാർത്ഥന കേട്ടു ഞാൻ ഉണർന്നു. അന്നുമുതൽ എന്നെയും വിളിച്ചുണർത്തണമെന്ന് നിർബന്ധിച്ചു. അങ്ങനെ അതിരാവിലെ ഉണർന്ന് പ്രാർത്ഥിക്കാൻ അമ്മയാണ് പരിശീലനം നൽകിയത്.

അമ്മയോടൊപ്പം പള്ളിയിൽ പോകുന്നത് ഒരു ഹരമായിരുന്നു. മുതിർന്നവർ പള്ളിയിൽ പോകുമ്പോൾ വല്ലപ്പോഴുമൊക്കെ കുർബാന കൈക്കൊള്ളും. എന്താണു കുർബാനയെന്നോ എന്താണ് 'കൈക്കൊള്ളുക' എന്നോ എനിക്കറിയില്ല. ചോദിക്കാൻ മടി. മുതിർന്നവർക്ക് മാത്രം ചെയ്യാവുന്ന ഏതോ ഒരു വലിയ സാഹസം ആയിരിക്കും അത് എന്ന് ഞാൻ കരുതി. തൂണും ഉത്തരവും കഴുക്കോലും ഒക്കെയായി പുല്ലുമേഞ്ഞ ഒരു ഷെഡ് ആയിരുന്നു അന്നത്തെ പള്ളി. മുതിർന്നവർ കൈ എത്തിച്ചാൽ ഉത്തരത്തിൽ തൊടാൻ പറ്റും. 'കൈക്കൊള്ളുക' എന്നു പറഞ്ഞാൽ കുർബാന കഴിഞ്ഞു കൈനീട്ടി ഉത്തരത്തേൽ തൊടുകയായിരിക്കും എന്ന് ഞാൻ

ഊഹിച്ചു. എന്നാൽ ഈ കണ്ടുപിടുത്തം ആരോടും പറഞ്ഞില്ല. പിന്നീടാണ് മനസ്സിലായത് കുർബാന കയ്യിലല്ല നാവിലാണ് കൊള്ളുന്നതെന്ന്.

**അൾത്താരബാലൻ:** ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് സി ജെ വർക്കിയച്ചൻ കുളത്തുവയലിൽ വികാരിയായി വന്നത്. അന്ന് കോഴിക്കോട് രൂപതയുടെ കീഴിലായിരുന്നു മലബാർ മുഴുവൻ. കുർബാന ലത്തീൻ ഭാഷയിലും. കുർബാനയ്ക്കു കൂടാൻ ചില കുട്ടികളെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കാൻ അച്ചൻ തീരുമാനിച്ചു. താല്പര്യമുള്ളവർ അച്ചനെ ചെന്നു കാണാൻ പള്ളിയിൽ വിളിച്ചു പറഞ്ഞു. എനിക്ക് താല്പര്യമായി, വീട്ടിൽനിന്ന് പ്രോത്സാഹനവും കിട്ടി. എട്ടുപേരാണ് തെരഞ്ഞെടുക്കപ്പെട്ടത്. ലത്തീൻ വാക്കുകൾ മലയാളം ലിപിയിൽ അച്ചടിച്ച ചെറിയ പുസ്തകം ഞങ്ങൾക്ക് തന്നു. പ്രാർത്ഥന മുഴുവൻ മനപ്പാഠമാക്കാൻ പറഞ്ഞു. "ഇൻത്രോ ഈബോ ആദ് അൾത്താരേ ദേയി" എന്നു വൈദികൻ പറയുമ്പോൾ "ആദ് ദേവും ക്വിലെത്തിഫിക്കാത്ത് യുവന്തുത്തം മേയാം" എന്ന് ശുശ്രുഷി മറുപടി പറയണം. ഞാൻ "ദൈവത്തിന്റെ ബലിപീഠത്തിലേക്ക് പ്രവേശിക്കും. എന്റെ യൗവനത്തെ സന്തുഷ്ടമാക്കുന്ന ദൈവത്തിന്റെ" എന്നാണ് അർത്ഥം എന്ന് ഏറെക്കാലം കഴിഞ്ഞു ലത്തീൻ പഠിച്ചപ്പോഴാണ് മനസ്സിലായത്. ലത്തീൻ കുർബാനയിൽ ശുശ്രൂഷിക്കു കുറച്ചു പ്രാർത്ഥനകളേ ചൊല്ലാനുള്ളൂ. ഒരു മാസത്തിനകം പരിശീലനം പൂർത്തിയാക്കി. ആദ്യമായി കുർബാനയ്ക്കു കൂടാൻ തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേരിൽ ഒന്ന് ഞാനായിരുന്നു. അത് ഒരു ശനിയാഴ്ചയായിരുന്നു. കുർബാനക്കു അരമണിക്കൂർ മുമ്പേ പള്ളിയിൽ എത്തി വൈദികരുടെ ളോഹ പോലെ നീണ്ട ഒരു ചെങ്കുപ്പായം, അതിനുപുറമേ മുട്ടിനു മുകളിൽ നിൽക്കുന്ന വെള്ള നിറമുള്ള ഒരു മുറിക്കയ്യൻ കുപ്പായം. ഏതാണ്ടു മാലാഖമാരുടെ വേഷം പോലെ, അഥവാ വേഷം കെട്ടിയ കുഞ്ഞു മാലാഖമാരെപ്പോലെ. വൈദികനു മുമ്പേ മദുബഹയിലേക്കു കടന്നു വരിക, പ്രാർത്ഥനകൾ ഉച്ചത്തിൽ സ്ഫുടമായി ചൊല്ലുക, എല്ലാവരുടെയും ശ്രദ്ധ കേന്ദ്രമായിരിക്കുക, എല്ലാം ഒരു ഹരമായിരുന്നു.

അന്ന് ഉപയോഗിച്ചിരുന്ന കുർബാന പുസ്തകം വളരെ വലുതായിരുന്നു. കുർബാന സമയത്തു പുസ്തകം അൾത്താരയുടെ ഒരു ഭാഗത്തുനിന്നു മറുഭാഗത്തേക്കു രണ്ടുതവണ നീക്കണം. ലേഖനം ഇടതുഭാഗത്ത്. വായന കഴിയുമ്പോൾ ശുശ്രൂഷ പുസ്തകം സ്റ്റാൻഡോടു കൂടെ എടുത്ത് മദ് ബഹയുടെ നടുവിൽ സക്രാരിക്കു മുമ്പിൽ ഒരു മുട്ടുകുത്തി ആചാരം ചെയ്ത് അൾത്താരയുടെ

വലതുഭാഗത്തു പ്രതിഷ്ഠിക്കണം. അവിടെ നിന്നാണ് സുവിശേഷ വായന. കുർബാന സ്വീകരണം കഴിയുമ്പോൾ വീണ്ടും പുസ്തകം എടുത്ത് ഇടതുഭാഗത്തു പ്രതിഷ്ഠിക്കണം. ബലിപീഠത്തിനു താഴെ മൂന്നു പടികൾ ഉണ്ട്. ഭാരിച്ച പുസ്തകവുമായി ആ പടികൾ കയറിയിറങ്ങുന്നത് അപകടം പിടിച്ച അഭ്യാസമാണ്. നീണ്ട കുപ്പായത്തോടെ കയറിയിറങ്ങുമ്പോൾ മൂക്കും കുത്തി വീഴാൻ സകല സാധ്യതയുമുണ്ട്. രണ്ടു കൈകൊണ്ടും താങ്ങിയാലും പുസ്തകം പൊക്കിയെടുക്കുക എളുപ്പമല്ല. അതിനാൽ ബഹുമാനപ്പെട്ട വർക്കിയച്ചൻ ഞങ്ങൾക്ക് ഒരു ഇളവ് അനുവദിച്ചു. പുസ്തകം പൊക്കേണ്ട, അച്ചൻ തന്നെ അത് മാറ്റി പ്രതിഷ്ഠിച്ചു കൊള്ളും.

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ബഹുമാനപ്പെട്ട ഫ്രാൻസിസ് വാളായിലച്ചൻ കുളത്തുവയലിൽ അസിസ്റ്റന്റ് ആയി വന്നത്. അച്ചൻ നല്ല ഒരു പാട്ടുകാരനായിരുന്നു. ഒരു അൾത്താര ഗായക സംഘത്തെ രൂപപ്പെടുത്താൻ അച്ചൻ തീരുമാനിച്ചു. സംഘത്തിലേക്ക് എനിക്കും സെലക്ഷൻ കിട്ടിയതു വലിയ അഭിമാനകരമായ ഒരു അനുഭവമായിരുന്നു. പാട്ടു മുഴുവൻ ലത്തീനിലാണ്. 'കീരിയേ എലേയിസോൺ' എന്ന രണ്ടു വാക്കുകൾ ഏതാണ്ട് അഞ്ചു മിനിറ്റ് നേരത്തേക്ക് വലിച്ചു നീട്ടി മൂന്നുതവണ ആവർത്തിക്കും. ഏതു കീരിയേക്കുറിച്ചാണ് ഈ പാടുന്നതെന്ന് അന്നൊന്നും മനസ്സിലായില്ല. കർത്താവേ കരുണയായിരിക്കണമേ എന്നാണ് പാടിയതിന്റെ അർത്ഥം എന്ന് വളരെ കഴിഞ്ഞാണ് അറിഞ്ഞത്. അർത്ഥമറിയാതെ പാടി. താളം പിടിക്കുന്നത് ചൂരൽ കൊണ്ടാണ്. അച്ചൻ ചിലപ്പോൾ മേശയിൽ, ചിലപ്പോൾ തന്റെ ളോഹയിൽ താളമടിച്ചു കൊണ്ടിരിക്കും; താളം തെറ്റിക്കുന്നവന്റെ തുടയിൽ ആയിരിക്കും ചിലപ്പോൾ അടി വീഴുക. ഏതായാലും രസകരമായിരുന്നു ഗായകസംഘത്തിന്റെ പരിശീലനം. അരങ്ങേറ്റം ക്രിസ്തുമസിനായിരുന്നു. അത് അച്ചന്റെ ഉത്തരവാദിത്വത്തിൽ ഉണ്ടായിരുന്ന പെരുവണ്ണാമുഴി കുരിശുപള്ളിയിൽ വച്ചായിരുന്നു.

തലേന്നു വൈകുന്നേരം തന്നെ അച്ചനും ഗായകസംഘവും പള്ളിയിൽ എത്തി. നീന്തൽ അറിയാതിരുന്ന ഞങ്ങളെ ഓരോരുത്തരെ മുതുകിലേറ്റി അച്ചൻ നീന്തി. അടുത്തുള്ള പുഴയിൽ നീന്തലിന്റെ പ്രാഥമിക പാഠങ്ങൾ അന്ന് ഹൃദിസ്ഥമാക്കി. തടിക്കാട്ട് ദേവസ്യ ചേട്ടനായിരുന്നു അന്നു പള്ളിയുടെ ചുമതലക്കാരൻ. നല്ല കള്ളപ്പവും ഇറച്ചി കറിയും അദ്ദേഹം പള്ളിയിൽ കൊണ്ടുവന്നു ഞങ്ങളെ സമൃദ്ധമായി സൽക്കരിച്ചു. പാട്ട് ഞങ്ങൾ ആഘോഷമാക്കി. കീരിയേ നീട്ടി നീട്ടി തൊണ്ട കീറി. ഗ്ലോറിയായും ക്രേദായും എല്ലാം ഗംഭീരമായി.

ഓലമേഞ്ഞ ഷെഡ് ആയിരുന്നു പള്ളി. കുർബാന കഴിഞ്ഞ് ആ ഷെഡ്ഡിൽ തന്നെ കിടന്നുറങ്ങി, കൊച്ചു സാമുവേലിനെപ്പോലെ. വളരെ സന്തോഷപ്രദമായ ദിവസങ്ങളായിരുന്നു അത്. പ്രാർത്ഥനയോടും കുർബാനയോടും ഒക്കെ വലിയ താല്പര്യവും ഭക്തിയും ഉണ്ടായിരുന്നു. പൗരോഹിത്യത്തിലേക്കുള്ള വിളിയുടെ വിത്തുകൾ ആ രണ്ടു വന്ദ്യവൈദികരിലൂടെയാണ് എന്റെ ഹൃദയത്തിൽ വിതച്ചത്.

# അദ്ധ്യായം 7

**വൈദിക ശുശ്രൂഷയിലേക്ക്**: *"പർവതങ്ങളിലേക്കു ഞാൻ കണ്ണുകൾ ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നു വരും? എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്"* (സങ്കീ. 121, 1-2)

ദൈവകൃപയാൽ പത്താം ക്ലാസിലെ പരീക്ഷ എഴുതാൻ കഴിഞ്ഞു. ഫീസ് അടയ്ക്കാൻ കുഞ്ഞുപേരപ്പൻ സഹായിച്ചു. സ്വന്തക്കാരിൽ നിന്ന് ആദ്യമായി കിട്ടിയ ഒരു സഹായം. പരീക്ഷ പൊതുവേ എളുപ്പമായിരുന്നു. പരീക്ഷയ്ക്കായി പഠിക്കാൻ എനിക്ക് അധിക സമയമൊന്നും ഉണ്ടായിരുന്നില്ല. ക്ലാസിൽ കേൾക്കുന്ന കാര്യങ്ങൾ ഗ്രഹിക്കാനും ഓർത്തിരിക്കാനും തമ്പുരാൻ വരം നൽകിയിരുന്നു.

പരീക്ഷയിൽ ജയിച്ചാലും തോറ്റാലും എനിക്ക് ഒരുപോലെയായിരുന്നു . കാരണം എസ്എസ്എൽ സി എന്ന കടമ്പ കടന്നു എന്നല്ലാതെ മുമ്പോട്ടു വഴികൾ ഒന്നുമില്ല. പലരും ചോദിച്ചു, ഇനി എന്ത്? സെമിനാരിയിൽ പോകുന്നോ? മിഷന് പോകുന്നോ? ഇനി എന്താണു പഠിക്കുക? ഒന്നിനും പ്രത്യേക താൽപര്യമുണ്ടായിരുന്നില്ല. സെമിനാരിയും മിഷനും വൈദിക ജീവിതവും ഒന്നും എന്റെ ചിന്താമണ്ഡലത്തിലേക്കു കടന്നുവന്നതേയില്ല. പ്രത്യേകമായ ഒരു താൽപര്യവും ആ ജീവിതത്തോടു തോന്നിയതുമില്ല. എനിക്കു വിധിച്ചിരിക്കുന്നത് മണ്ണിനോടു മല്ലടിക്കാനാണ്. തൂമ്പായും, കോടാലിയും, അരിവാളും, റബ്ബർ കത്തിയും ഒക്കെയാണ് എന്റെ ആയുധങ്ങൾ. അവയൊക്കെ കഴിവിനനുസരിച്ച് ഉപയോഗിച്ചു. ദരിദ്ര കുടുംബത്തിന്റെ ഉത്തരവാദിത്വം കൂടുതൽ സ്വന്തം ചുമലിലേറ്റി.

തുടർന്നു പഠിക്കാൻ സാധ്യത ഇല്ലാതിരുന്നതിനാൽ റിസൾട്ടു വന്ന ദിവസം പ്രത്യേകം ആകാംഷ ഒന്നുമുണ്ടായിരുന്നില്ല. അതിനാൽ പതിവു ജോലികൾ എല്ലാം കഴിഞ്ഞു തികഞ്ഞ നിസ്സംഗതയോടെ അങ്ങാടിക്ക് പോയി. പത്രം ഒന്നു നോക്കിക്കളയാം. എന്താ റിസൾട്ട് എന്നറിയണമല്ലോ. അയൽക്കാരൻ തോമസ്, ഒന്നു മുതൽ പതിനൊന്നുവരെ ഒരുമിച്ചു പഠിച്ച സുഹൃത്ത്, പത്രം കണ്ടു റിസൾട്ട് അറിഞ്ഞ സന്തോഷത്തോടെ മടങ്ങിവരുന്നത് വഴിക്കുവെച്ചു കണ്ടു. ഞാൻ പാസായി, സെക്കൻഡ് ക്ലാസ്സുമുണ്ട്, അവന്റെ സന്തോഷം. എന്റെ നമ്പർ കണ്ടോടാ? നിസ്സംഗമായ എന്റെ ചോദ്യം. "കണ്ടില്ല. ഞാൻ അത്ര ശ്രദ്ധിച്ചില്ല. ഏതായാലും പോയി നോക്ക്".

ഞാൻ പോയി പത്രം നോക്കി. ഫസ്റ്റ് ക്ലാസ്സിൽത്തന്നെ പാസായിട്ടുണ്ട്. അതും എനിക്ക് പ്രത്യേക അനുഭൂതി ഒന്നും പ്രദാനം ചെയ്തില്ല. വീട്ടിലേക്കു മടങ്ങി, ജോലികൾ തുടർന്നു. സർട്ടിഫിക്കറ്റ് ബുക്കു വന്നു 372 മാർക്കുണ്ട്. ഇംഗ്ലീഷിനും കണക്കിനും ഏറ്റവും കൂടുതൽ. എല്ലാം കണ്ടു, സർട്ടിഫിക്കറ്റ് ഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചു. തികഞ്ഞ കഷ്ടപ്പാടുകൾക്കു മധ്യത്തിൽ നിന്നും പഠിച്ച് ഇത്രയും മാർക്കു വാങ്ങി ജയിച്ചതിന്റെ പേരിൽ ആരും എന്നെ അനുമോദിച്ചില്ല, ഞാൻ പോലും. ഇതെല്ലാം അർത്ഥശൂന്യമായ ചില സംഭവങ്ങൾ മാത്രം! അർത്ഥവത്തായി ഒന്നേയുള്ളൂ, വിശപ്പടക്കാൻ ആഹാരം, നാണം മറയ്ക്കാൻ വസ്ത്രം, മഴ നനയാതെ കിടക്കാൻ ഒരിടം. ഇതിനുവേണ്ടിയുള്ള കഠിനാധ്വാനം. എന്നിട്ടും ഇതൊന്നും ലഭിക്കാത്ത നിസ്സഹായാവസ്ഥ. അധ്വാനത്താൽ തകർന്ന, രോഗം കാർന്നുതിന്ന് അസ്ഥി മാത്രമായ ശരീരത്തിൽ അധികമൊന്നും ശക്തിയോ ആവേശമോ അവശേഷിച്ചിരുന്നില്ല. എല്ലാം അവസാനിച്ചു എന്നു കരുതിയിരുന്നപ്പോഴാണ്, മരുഭൂമിയിൽ കുളിർ നീരുറവ എന്നതുപോലെ, ദൈവത്തിന്റെ ചൈതന്യം കടന്നുവന്നത്. ഉണങ്ങി വരണ്ട അസ്ഥികളിൽ നവജീവൻ ത്രസിച്ചു, മാംസം പൊതിഞ്ഞു, ചർമ്മം സജീവമായി. വീണു കിട്ടിയ ജീവിതം ദൈവത്തിനായി മാറ്റിവയ്ക്കാൻ തീരുമാനിച്ചു. വൈദികനാകാനുള്ള വിളി കിട്ടിക്കഴിഞ്ഞപ്പോൾ ദാരിദ്ര്യം വീണ്ടും പ്രശ്നമായി. അയൽപക്കത്ത് ഉണ്ടായിരുന്ന ചെട്ടിപ്പറമ്പിൽ കുഞ്ഞേട്ടന്റെ ഷർട്ട് വായ്പ വാങ്ങിയാണ് ഇന്റർവ്യൂവിന് പോയത്.

സെമിനാരിയിൽ പ്രതിവർഷം 200 രൂപ ഫീസ്, ആറു ജോഡി വസ്ത്രങ്ങൾ, പെട്ടി, കിടക്ക, മറ്റ് ഉപകരണങ്ങൾ, എല്ലാംകൂടി ഭീമമായ ഒരു തുക ചെലവു വരും. അതെങ്ങനെ ഒപ്പിച്ചെടുക്കും? ഫീസ് ഇളവു ചെയ്തു തരാം എന്നു പിതാവ് സമ്മതിച്ചു. എന്നാലും പിന്നെയും നല്ലൊരു തുക വേണം. ഞാൻ തന്നെ ചേർന്ന രണ്ട് ചിട്ടി പകുതി തുകയ്ക്കു പിടിച്ചു 150 രൂപ ഒപ്പിച്ചു. പോരാതെ വന്നതു നല്ല അയൽക്കാർ അഞ്ചും പത്തും വീതം തന്നു സഹായിച്ചു. ഓലിക്കൽ (ആലക്കകത്ത്) ചാക്കോചേട്ടനാണ് ഏറ്റവും കൂടുതൽ സഹായിച്ചത്. ബഹുമാനപ്പെട്ട വർക്കിയച്ചന്റെ കത്തുമായി ഞാൻ ചെന്നു കാര്യം പറഞ്ഞപ്പോൾ അദ്ദേഹം സന്തോഷത്തോടെ സഹായിക്കാം എന്നേറ്റു. അമ്പതു രൂപ ഉടനെ തന്നു. ആണ്ടു തോറും ഇതുപോലെ ഒരു തുക തുടർന്നും തരാമെന്നും സമ്മതിച്ചു. ഞാൻ 1964ൽ റോമിന് പോകുന്നതു വരെ അദ്ദേഹം എന്നെ സഹായിച്ചു കൊണ്ടിരുന്നു.

കാരുണ്യവാനായ ദൈവം ആ നല്ല മനുഷ്യനു നിത്യസമ്മാനം നൽകി അനുഗ്രഹിക്കട്ടെ.

*"ദുരിതങ്ങൾ എനിക്ക് ഉപകാരമായി അതുമൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ"* (സങ്കീ. 119, 71).

ചെറുപ്പകാലത്തു കിട്ടിയ കഠിനമായ ശിക്ഷണവും പരിശീലനവും പിൽക്കാലത്ത് വളരെ ഉപകാരപ്രദമായി. എന്റെ ശരീരത്തെയും മനസ്സിനെയും രൂപപ്പെടുത്തുന്നതായിരുന്നു ദുരിതങ്ങളുടെ പാഠശാലയിലെ പരിശീലനം. ഏത് ക്ലേശങ്ങളിലും പിടിച്ചുനിൽക്കാനും എത്ര പരിമിതവും ദരിദ്രവുമായ സാഹചര്യങ്ങളിലും സന്തോഷത്തോടെ ജീവിക്കാനും അത് എന്നെ സഹായിച്ചു. കഴിയുന്നത്ര മറ്റ് ആരിലും ആശ്രയിക്കാതെ, സ്വന്തം കാര്യങ്ങൾ തനിച്ച് ചെയ്യുക എന്നത് ജീവിതത്തിൽ ഒരു വ്രതം പോലെ സ്വീകരിക്കാൻ ഈ പരിശീലനമാണ് സഹായിച്ചത്. സഹപാഠികളും സഹപ്രവർത്തകരും തളർന്നു പോകുമ്പോഴും തളരാതെ മുന്നോട്ടു പോകാൻ ഇത് സഹായകമായി.

മൈനർ സെമിനാരി ജീവിതത്തിൽ തന്നെ ഈ പരിശീലനത്തിന്റെ ഫലം ദൃശ്യമായി. കുന്നോത്ത് എസ്റ്റേറ്റിലെ പഴയ ഒരു പള്ളിയായിരുന്നു ഞങ്ങളുടെ സെമിനാരി. രാത്രിയിൽ അത് ഉറക്കറയാവും. പുലരുമ്പോൾ പായ മടക്കിവെച്ച് അത് പ്രാർത്ഥനാലയം ആക്കും; പ്രഭാത ഭക്ഷണം കഴിയുമ്പോൾ ക്ളാസ് മുറിയും. ഭക്ഷണം പരിമിതമായിരുന്നു. ഉണക്കു കപ്പയാണ് പ്രധാന ആഹാരം, അതിൽ പലപ്പോഴും പുഴു ഉണ്ടായിരിക്കും. വേവിച്ച കപ്പയിൽ നിന്ന് പുഴുക്കളെ പെറുക്കി മാറ്റി, കടലക്കറിയും കൂട്ടി കഴിക്കുമ്പോൾ പലർക്കും കുടലിളകി, അകത്തേക്കു ചെന്നതിനേക്കാൾ വേഗതയിൽ ഭക്ഷണം വായിലൂടെ തന്നെ പുറത്തേക്ക് വരും. പലർക്കും ഇതു വലിയൊരു പരീക്ഷണമായിരുന്നു എന്നാലും ഇതിന്റെ പേരിൽ ആരും സെമിനാരി വിട്ടു പോയില്ല. എനിക്ക് ഇതൊരു പ്രശ്നമേ ആയിരുന്നില്ല കപ്പയോ, കാച്ചിക്കയോ, ചേമ്പോ എന്തുമാകട്ടെ വിശപ്പടക്കാൻ ആഹാരം ഉണ്ടല്ലോ, അതുമതി.

മൂന്ന് കക്കൂസ് മുറികളാണ് സെമിനാരിയിൽ ഞങ്ങൾക്കു ണ്ടായിരുന്നത്. വലിയൊരു കുഴിയാണ് പിന്നിൽ. മഴക്കാലം ആകുമ്പോഴേക്കും ആ കുഴിയിൽ നിന്ന് പുഴുക്കൾ നുരഞ്ഞു പൊങ്ങും. പ്രദേശം മുഴുവൻ പുഴുക്കളെ കൊണ്ടു നിറയും. ആകെ മനം പുരട്ടുന്ന അന്തരീക്ഷം. ചോരുന്ന മേൽക്കൂര. ശക്തമായി മഴപെയ്താൽ വെള്ളം ഒഴുകി കയറും. ചില രാത്രികളിൽ പായയും ബെഡും എല്ലാം

വെള്ളത്തിൽ കുതിർന്ന് എണീറ്റിരുന്നു നേരം വെളുപ്പിക്കേണ്ട അവസ്ഥയും ഉണ്ടായി. പാമ്പും തേളും മറ്റ് ക്ഷുദ്രജീവികളും രാത്രികാലങ്ങളിൽ സ്ഥിരസന്ദർശകരായിരുന്നു. പൊതു ശുചീകരണ വേളയിൽ പള്ളിയുടെ ആനവാതിൽ തുറന്നപ്പോൾ ഒരു വെള്ളിക്കെട്ടൻ ഞങ്ങൾ സാർ എന്ന് വിളിക്കുന്ന കാളക്കുഴി ബ്രദറിന്റെ തലയിൽ വീണത് ഓർക്കുന്നു. സാറിന്റെ തല അന്നേ തരിശായിരുന്നതിനാൽ പിടിച്ചുനിൽക്കാൻ ആവാതെ പാമ്പ് താഴെ വീണു. അന്നേ ധൈര്യശാലിയായിരുന്ന മുരിയൻവേലി അതിനെ തല്ലിക്കൊല്ലുകയും ചെയ്തു.

ഒരു ചെറിയ കെട്ടിടം സെമിനാരിയുടെ അനുബന്ധമായി അന്ന് പണിതുകൊണ്ടിരുന്നു. മോൺസിഞ്ഞോർ ജേക്കബ് പുത്തേട്ടായിരുന്നു ഞങ്ങളുടെ റെക്റ്റർ. ബഹുമാനപ്പെട്ട പീറ്റർ കൂട്ടിയാനിയച്ചൻ ആധ്യാത്മിക ഗുരുവും. നാലുമണി ചായ കഴിഞ്ഞ് കുറച്ച് സമയം കെട്ടിടം പണിയിൽ സഹായിക്കാൻ ആവശ്യപ്പെട്ടപ്പോൾ അത് ഞങ്ങൾക്ക് എല്ലാം ഒരു ഹരമായി. കുറച്ചകലെ വെട്ടിവെച്ചിരുന്ന കല്ല് ചുമന്നു പണിസ്ഥലത്ത് എത്തിക്കുകയായിരുന്നു ഒരു ജോലി. സഹോദരന്മാർ കഴിവുപോലെ ഒന്നോ രണ്ടോ കല്ല് തലയിൽ ചുമന്നു കൊണ്ടുവരും. കൂട്ടത്തിലെ ഏറ്റവും ശോഷിച്ചയാൾ ഞാനായിരുന്നു. പക്ഷേ അതിന്റെ പേരിൽ ദുർബലൻ ആണെന്ന് അംഗീകരിക്കാൻ ഞാൻ വിസമ്മതിച്ചു. അതുകൊണ്ടു രണ്ടു കല്ലു ചുമക്കാൻ തയ്യാറായി. രണ്ടുതവണ കുഴപ്പമൊന്നുമില്ലാതെ കല്ല് സ്ഥലത്ത് എത്തിച്ചു. എന്നാൽ മൂന്നാം തവണ കാലുതെറ്റി ഞാൻ കമിഴ്ന്നു വീണു, ഒരു കല്ലു നേരെ മുതുകിലും. അതൊരു വലിയ ചതവായി. മുര്യൻവേലി ബ്രദർ ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ എന്നെ വിളിച്ചു കൊണ്ടു പോയി പച്ചമുട്ടയിൽ ജീരകം പൊടിച്ചിട്ട് കുടിപ്പിച്ചു. പുറം തിരുമ്മി ചൂടുപിടിച്ചു തന്നു. അദ്ദേഹം എന്നും എനിക്കൊരു തുണയായിരുന്നു. ഇതുപോലുള്ള സംഭവങ്ങൾ സെമിനാരി ജീവിതത്തിൽ പലപ്പോഴുമുണ്ടായിട്ടുണ്ട്.

എന്റെ കഴിവിന്റെ പരിധികളെ പരീക്ഷിക്കുന്നതായിരുന്നു എനിക്ക് ഏൽപ്പിക്കപ്പെട്ടതും ഞാൻ ഏറ്റെടുത്തതുമായ ജോലികൾ. പക്ഷേ അതിലൂടെ കഴിവിന്റെ മേഖലകൾ വികസിക്കുകയായിരുന്നു. ചെറുപ്പകാലത്ത് എന്നും ദുർബലനും ക്ഷീണിതനും ആയിരുന്ന എനിക്കു സെമിനാരി ജീവിതം തുടങ്ങി കുറച്ചുനാൾ കഴിഞ്ഞപ്പോൾ ക്ഷീണം എന്തെന്ന് അറിയില്ല എന്നായി. മണിക്കൂറുകൾ തുടർച്ചയായി ജോലി ചെയ്യാം, അത് ശാരീരികമോ, ബൗദ്ധികമോ, ആധ്യാത്മികമോ ആകട്ടെ, ദിവസം പതിനെട്ടു മണിക്കൂർ വരെ ജോലി ചെയ്തിരുന്ന

കാലം ഉണ്ടായിട്ടുണ്ട്. മുപ്പത്താറു മണിക്കൂർ തുടർച്ചയായി വണ്ടിയോടിച്ച് 2500 കിലോമീറ്റർ ദൂരം പിന്നിട്ടതാണ് എന്റെ റെക്കോർഡ്. അത് 1975 ജൂൺമാസം അവസാനമായിരുന്നു, യൂറോപ്പിൽ. ഏതു പ്രതിസന്ധിയിലും തളരാതെ മുന്നോട്ടു പോകാൻ തമ്പുരാൻ നൽകിയ പരിശീലനം ആയിരുന്നു വീട്ടിൽ നിന്ന് ലഭിച്ചത്. ദാരിദ്ര്യത്തിന്റെ കൈപ്പുനീർ മട്ടുവരെ കുടിച്ചിരുന്നതിനാൽ സെമിനാരി ജീവിതത്തിലും പിന്നീട് തലശ്ശേരിയിൽ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങളിലും സാമ്പത്തിക പ്രശ്നങ്ങൾ രൂക്ഷമായി ഉണ്ടായപ്പോഴും ശാന്തമായി അവയെ തരണം ചെയ്യാൻ കഴിഞ്ഞു. സമ്പത്തിലും ദാരിദ്ര്യത്തിലും, പട്ടിണിയിലും സുഭിക്ഷതയിലും ജീവിച്ചു പഠിച്ചതിനാൽ ഒന്നും എന്നെ അസ്വസ്ഥ നാക്കാറില്ല. സമ്പന്നരുടെ പ്രൗഢി കാണുമ്പോൾ അസൂയയെക്കാൾ പുച്ഛമാണ് ഉളവാകുക; ദരിദ്രരോടു പൊതുവേ കരുണയും; ക്രിയാത്മ കമായി അധികമൊന്നും ചെയ്യാൻ കഴിയുന്നില്ലെങ്കിലും.

വീട്ടിൽ വലിയ ഞെരുക്കമുണ്ടായിരുന്നെങ്കിലും ചാച്ചൻ കഴിവി നപ്പുറം പണം തന്നു സഹായിച്ചിരുന്നു. അതിന്റെ കെടുതികൾ സഹോദരങ്ങൾ എല്ലാം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. കഴിയുന്നത്ര ചെലവു ചുരുക്കി സെമിനാരി ജീവിതം നയിച്ചു. 1959-61 കാലഘട്ടത്തിൽ കുന്നോത്തു മൈനർ സെമിനാരിയിലെ പഠനം പൂർത്തിയാക്കിയ ശേഷം 1961 ജൂണിൽ ആലുവ കർമ്മലഗിരി സെമിനാരിയിൽ തത്വശാസ്ത്ര പഠനത്തിനായി എത്തി. ആലുവ സെമിനാരിയിൽ അന്ന് വിദ്യാർത്ഥികൾക്ക് ഒരു പ്രോത്സാഹന സമ്മാനം നൽകാറു ണ്ടായിരുന്നു. 90% ത്തിൽ കൂടുതൽ മാർക്ക് കിട്ടുന്നയാൾക്കു പത്തു രൂപ. ഈ മാർക്കിനു സ്റ്റാർ എന്നാണു പറയുക. നാലു വിഷയ ങ്ങൾക്കായിരുന്നു സ്റ്റാർ ഏർപ്പെടുത്തിയിരുന്നത്. എല്ലാവർഷവും എനിക്ക് ഒന്നിലധികം സ്റ്റാർ കിട്ടിയിരുന്നു. മൂന്നാം വർഷം നാലു വിഷയങ്ങൾക്കും കിട്ടി. അങ്ങനെ 40 രൂപ സമ്മാനമായി ലഭിച്ചു.

മൂന്നാം വർഷം അവസാനം ളോഹ കിട്ടും. ആറു ളോഹ, അതിനുവേണ്ട പാന്റ്സ്, ഷൂസ്, എല്ലാംകൂടി വലിയൊരു തുക ചെലവു വരും. ളോഹ തൈപ്പിക്കാൻ പണമില്ലാത്തതിനാൽ വേണ്ട എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാനാവില്ല. സമ്മാനം കിട്ടിയ തുക ഒരു ചെറിയ സഹായമായി. കുളത്തുവയൽ ഇടവകയിൽ നിന്ന് 1961ൽ വൈദിക പട്ടം സ്വീകരിച്ച, ഒരു ജേഷ്ഠ സഹോദരനെപ്പോലെ ഞാൻ കരുതിയിരുന്ന, ബഹുമാനപ്പെട്ട ജോൺ പന്ന്യാമ്മാക്കലച്ചൻ ഒരു ചെറിയ തുക തന്നു. ചിറ്റാരിക്കാലിൽ ഉണ്ടായിരുന്ന പേരപ്പൻ സഹായിച്ചു. അങ്ങനെ അനേകരുടെ സഹായത്തോടെ ളോഹ സ്വീകരിച്ചു തത്വശാസ്ത്ര പഠനം പൂർത്തിയാക്കി.

# അദ്ധ്യായം 8

**റോമിലേക്ക്:** *"കർത്താവാണ് എന്റെ ഇടയൻ; എനിയ്ക്കൊന്നിനും കുറവുണ്ടാവുകയില്ല"* (സങ്കീ. 23, 1).

1964 മധ്യവേനൽ അവധിക്കാലത്ത്, ഏപ്രിൽ മാസത്തിൽ, അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ഒരു കത്തു കിട്ടി. അരമനയിലേക്ക് ഉടനെ വരണം എന്ന സന്ദേശം. എന്തെങ്കിലും തെറ്റു ചെയ്തതായി അറിയില്ല. എന്തിനാണാവോ ഇപ്പോൾ ഒരു വിളി? അല്പം ആശങ്കയോടെ തലശ്ശേരിയിൽ എത്തി പിതാവിനെ കണ്ടു. ബ്രദർ എന്താ വളരെ ക്ഷീണിച്ചിരിക്കുന്നത്? വല്ല അസുഖവും ഉണ്ടോ? ചോദ്യം കേട്ടപ്പോൾ ഭയന്നു. അനാരോഗ്യം മൂലം സെമിനാരിയിൽ നിന്നു പറഞ്ഞയക്കാനായിരിക്കുമോ എന്ന ഉൽകണ്ഠ. "ഏതായാലും പോയി ഡോക്ടറെ കണ്ടു വാ". ആജ്ഞയനുസരിച്ചു തലശ്ശേരിയിലെ ഒരു ഡോക്ടറെ കണ്ടു.

പരിശോധനയ്ക്കുശേഷം ഡോക്ടർ പറഞ്ഞു "ബ്രദറിന് ഒരു അസുഖവും ഇല്ല. യൂറോപ്പിലേക്ക് പോകാനും പഠിക്കാനും ഒരു തടസ്സവുമില്ല. അനുമോദനങ്ങൾ!". അപ്പോഴും എനിക്കു വിശ്വസിക്കാനായില്ല. എന്നെ റോമിനു വിടുകയോ? ഇതെന്തോ തമാശയായിട്ടേ എനിക്കു തോന്നിയുള്ളൂ. ഡോക്ടർ പറഞ്ഞ കാര്യം പിതാവ് സ്ഥിരീകരിച്ചു. ബ്രദറിനെ റോമിനു വിടാൻ തീരുമാനിച്ചിരിക്കുകയാണ്. വിശദ വിവരങ്ങൾ സെക്രട്ടറി അച്ചൻ പറയും. വള്ളോപ്പിള്ളി പിതാവ് അങ്ങനെയായിരുന്നു. ചുരുക്കം വാക്കുകൾ, പക്ഷേ ആ വാക്കുകൾക്ക് ആത്മാർത്ഥതയുടെ ആഴം ഉണ്ടായിരുന്നു, ആർദ്രതയുടെ നനവുണ്ടായിരുന്നു. എന്റെ കാര്യങ്ങൾ എല്ലാം ശരിക്കും അറിഞ്ഞുകൊണ്ട് തന്നെയാണ് പിതാവ് എന്നെ തെരഞ്ഞെടുത്തത്.

റോമാ യാത്ര വലിയ ചെലവുള്ള കാര്യമായിരുന്നു. അന്നു പിതാവിന്റെ സെക്രട്ടറിയായിരുന്ന തൂങ്കുഴി ജേക്കബച്ചൻ (ഇന്നു മെത്രാപ്പോലീത്ത) പാസ്സ്പോർട്ടിന് അപേക്ഷിക്കാൻ വേണ്ട കാര്യങ്ങൾ പറഞ്ഞുതന്നു. ചിലവ് എല്ലാം കൂടി ഏകദേശം രണ്ടായിരം രൂപയാകും. അതിൽ ടിക്കറ്റ്, വിസ, വസ്ത്രങ്ങൾ മുതലായവയെല്ലാം ഉൾപ്പെടും . ആവശ്യാനുസരണം അരമന പ്രൊക്യുറേറ്ററുടെ കയ്യിൽ നിന്നു പണം വാങ്ങാം. ബഹുമാനപ്പെട്ട ആഗസ്റ്റിൻ കിഴുക്കരക്കാട്ടച്ചൻ എന്നെ തന്റെ ബൈക്കിന്റെ പിന്നിലിരുത്തി കണ്ണൂർ

കളക്ടറേറ്റിൽ കൊണ്ടുപോയി, പാസ്പോർട്ടിനുള്ള അപേക്ഷാ ഫോറം വാങ്ങിത്തന്നു. അപേക്ഷ പൂരിപ്പിച്ചയക്കാനും സഹായിച്ചു. "റോമിൽ പോയിപഠിച്ചു വലിയവനായി വരുമ്പോൾ ഞങ്ങളെയൊന്നും മറന്നേക്കരുത്". സൗമ്യമായ ഒരു നിർദ്ദേശം. മറക്കാതിരിക്കാൻ ശ്രമിച്ചു, അദ്ദേഹത്തിന്റെ അകാല മരണവും സംസ്കാരവും വരെ.

റോമിലേയ്ക്കു പോകാൻ തീരുമാനമായതിനാൽ സെമിനാരിയിൽ നിന്ന് ഏൽപ്പിച്ചിരുന്ന എസ് എച്ച് ലീഗിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിഞ്ഞില്ല. അസുഖമൊന്നുമില്ല എന്നു ഡോക്ടർ പറഞ്ഞെങ്കിലും നിരന്തരമായ ജലദോഷവും ശ്വാസംമുട്ടലും എന്നെ അലട്ടിയിരുന്നു. മൂക്കിന്റെ ഒരു ദ്വാരം എപ്പോഴും അടഞ്ഞിരിക്കും. അതുകാരണം മൂക്ക് സാവധാനം ഒരു വശത്തേക്ക് വളഞ്ഞു തുടങ്ങി. ആലുവയിൽ ഉണ്ടായിരുന്ന ഒരു സ്പെഷലിസ്റ്റ് ഡോക്ടർ അബ്രാഹത്തെ കണ്ടു. ഓപ്പറേഷൻ വേണമെന്ന് അദ്ദേഹം പറഞ്ഞു. കഴിയുന്നതും വേഗം ചെയ്യാം എന്നും തീരുമാനിച്ചു. ഏതാണ്ട് ഇരുനൂറു രൂപയോളം ചെലവ് വരും. അതു വീട്ടിൽനിന്നു കിട്ടില്ല. യാത്രയ്ക്ക് കിട്ടിയ തുകയിൽ നിന്ന് എടുക്കാൻ തീരുമാനിച്ചു. തന്മൂലം അത്യാവശ്യം വേണ്ട ചില സാധനങ്ങൾ വാങ്ങാൻ പണം തികയാതെ വന്നു. അന്നു ഞങ്ങളുടെ ഫാദർ പ്രിഫക്ട് ആയിരുന്ന ജെയിംസ് ചാവേലി അച്ചൻ തന്റെ ഒരു പഴയ സ്യൂട്ട്കേസ് എനിക്ക് സൗജന്യമായി തന്നു. ഭംഗിയില്ലെങ്കിലും അത്യാവശ്യത്തിന് ഉപകരിക്കും. അങ്ങനെ പലരുടെ സഹായത്തോടെ 1964 ഒക്ടോബർ ഏഴാം തീയതി റോമിന് യാത്രയായി.

ആകെ അഞ്ചു ഡോളറാണ് കൈവശമുള്ളത്. കൂട്ടുകാർക്ക് എല്ലാം റോമിൽ ബന്ധങ്ങൾ ഉണ്ടായിരുന്നു. നാട്ടിൽ പണം കൊടുത്താൽ തത്തുല്യമായ തുക റോമിൽ കിട്ടും. അതിനാൽ ആവശ്യമുള്ളതെല്ലാം അവർക്കു വാങ്ങാൻ കഴിയും. രണ്ടാം വത്തിക്കാൻ സൂനഹദോസ് നടക്കുന്ന കാലമാണ്. പിതാവ് റോമിൽ വന്നപ്പോൾ പോക്കറ്റ് മണിയായി 20000 ലീറ (ഏകദേശം ഇരുനൂറു രൂപ) എനിക്കു തന്നു. അതിൽ 18000 ലീറ കൊടുത്ത് ഒരു വാച്ച് വാങ്ങി. അങ്ങനെ ജീവിതത്തിൽ ആദ്യമായി സ്വന്തമായ ഒരു വാച്ച് ഉണ്ടായി. മൂന്നാം വർഷം തത്വശാസ്ത്രം പഠിക്കുമ്പോൾ എന്നെ കർമ്മലഗിരി സെമിനാരിയിലെ ജനറൽ പ്രിഫക്റ്റായി നിയമിച്ചിരുന്നു. അന്ന് ഒരു വാച്ച് അത്യാവശ്യമായിരുന്നു. വാങ്ങാൻ പണമില്ലാത്തതിനാൽ സുഹൃത്തും സഹപാഠിയുമായ സെബാസ്റ്റ്യൻ എംബ്രയിൽ തന്റെ വാച്ച് ഒരു വർഷത്തേക്ക് എനിക്ക് വായ്പ തന്നത് ഇന്നും നന്ദിയോടെ ഓർക്കുന്നു.

വാച്ച് വാങ്ങി കഴിഞ്ഞപ്പോൾ അവശേഷിച്ചത് ഇരുപത് രൂപയാണ്. അന്ന് ഞങ്ങൾ യുക്രേനിയക്കാരുടെ വകയായ സാൻജോസഫാത്ത് കോളേജിലാണ് താമസിച്ചിരുന്നത്. ബഹുമാനപ്പെട്ട പ്ലാസിഡ് അച്ചൻ റെക്ടറും, ചിറ്റിലപ്പള്ളി പോളച്ചൻ (പിന്നീട് ബിഷപ്പ്) വൈസ് വൈക്ടറും ആയിരുന്നു. അത്യാവശ്യം വേണ്ട വസ്ത്രങ്ങൾ ഞങ്ങൾക്കു സെമിനാരിയിൽ നിന്നു വാങ്ങിതന്നിരുന്നെങ്കിലും വ്യക്തിപരമായ ആവശ്യങ്ങൾക്കു വേണ്ട പണം ഉണ്ടായിരുന്നില്ല. ബസ്സിൽ കയറാൻ 50 പൈസ വേണം. അത് ഇല്ലാത്തതിനാൽ നടക്കും. നാട്ടിലേക്കു കത്തെഴുതാൻ രണ്ടു രൂപയാകും. അതും ഇല്ല, അതിനാൽ കത്തെഴുത്ത് വിരളമായി. എഴുതുന്നതു തന്നെ ഇന്ത്യൻ സ്റ്റാമ്പ് ഒട്ടിച്ച് ആരുടെയെങ്കിലും കൈവശം കൊടുത്തയക്കുകയാണ് പതിവ്. ആ വർഷം ജോസഫാത്തിൽ എത്തിയത് ഞങ്ങൾ ആറുപേരായിരുന്നു. മൂന്നുകൊല്ലം മുമ്പ് എത്തിയ കൊല്ലക്കൊമ്പിൽ അച്ചനും തൊണ്ടാങ്കുഴി അച്ചനും നവംബറിലാണു പട്ടം സ്വീകരിച്ചത്. അവർ അടുത്ത ജൂൺ വരെ ജ്യേഷ്ഠ സഹോദരങ്ങളേപ്പോലെ ഞങ്ങൾക്കു താങ്ങും തണലുമായിരുന്നു. ആഴ്ചയിൽ രണ്ടുതവണ പട്ടണത്തിൽ നടക്കാൻ പോകും. തിരിച്ചുവരുമ്പോൾ ഞങ്ങൾക്ക് കാപ്പി വാങ്ങിത്തരും. അമ്പതു പൈസ വിലയുള്ള കപ്പുച്ചിനോ എന്നു വിളിക്കുന്ന കാപ്പിയുടെ സ്വാദ് ഇപ്പോഴും നാവിൽ തങ്ങി നിൽക്കുന്നു, മനസ്സിൽ ഊറുന്ന നന്ദിയോടൊപ്പം.

നവംബർ അവസാനത്തോടെ ഉണ്ടായ ഒരു ചെറിയ സംഭവം എന്നെ വളരെയേറെ വേദനിപ്പിക്കുകയുണ്ടായി. സ്വന്തം നിസ്സാരത യെയും കഴിവില്ലായ്മയെയും കുറിച്ചു വീണ്ടും ബോധ്യപ്പെടുത്തിയ ഒരു സംഭവം. കറുത്ത ളോഹയാണു ഞങ്ങൾ ധരിക്കുക. ഞങ്ങൾ പഠിക്കുന്ന യൂണിവേഴ്സിറ്റിയിൽ രണ്ടായിരത്തോളം വിദ്യാർത്ഥി കളുണ്ട്. ശെമ്മാശന്മാരെല്ലാം എല്ലാം ഏതെങ്കിലും നിറത്തിലുള്ള അരപ്പെട്ട ധരിക്കാറുണ്ട്. ഞങ്ങൾ മാത്രം അരപ്പട്ട ഇല്ലാതെ നടക്കുന്നതു ശരിയല്ല എന്നു ഞങ്ങൾക്കു തോന്നി. നിവേദനവുമായി റെക്റ്ററച്ചന്റെ അടുത്തെത്തി. നിർബന്ധമാണെങ്കിൽ വാങ്ങി ധരിച്ചു കൊള്ളൂ. പണം തനിച്ച് ഉണ്ടാക്കണം. 1500 ലീറയാണ് (പതിനഞ്ചു രൂപ) അരപ്പട്ടക്കു ചെലവ്. മറ്റ് അഞ്ചുപേർക്കും ആ തുക സ്വന്തമായി എടുക്കാൻ പ്രയാസമുണ്ടായില്ല. എനിക്ക് എവിടെ നിന്ന് കിട്ടും? അന്ന് ജ്യേഷ്ഠ സഹോദരനായി കരുതിയിരുന്ന ബഹുമാനപ്പെട്ട വലിയ മറ്റത്തിൽ ജോർജച്ചൻ തൊട്ടടുത്തുള്ള ഡമഷേനോ കോളേജിൽ താമസിക്കുന്നുണ്ട്. അദ്ദേഹം ഒരു മോട്ടോർസൈക്കിൾ സ്വന്തമായി

ഓടിക്കുന്നുണ്ട്. ക്യാമറയും, ടേപ്പ് റെക്കോർഡറും, മറ്റ് ഉപകരണങ്ങളും ഒക്കെ സ്വന്തമായുണ്ട്. ഞാൻ റോമിൽ ചെന്നപ്പോൾ ഇരുപത്തിഅഞ്ചു ഡോളർ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തതാണ്. CNEW വഴി ലഭിച്ച ബെനെഫാക്ടറുടെ സമ്മാനമായി ആലുവ സെമിനാരിയിൽ നിന്ന് തന്നയച്ച തുകയായിരുന്നു അത്. ഈ കാര്യങ്ങളെല്ലാം മനസ്സിൽ വച്ചു വലിയ പ്രതീക്ഷയോടെയാണു ഞാൻ ജോർജ്ജച്ചനെ സമീപിച്ചത്. എന്നാൽ പ്രതികരണം തികച്ചും അപ്രതീക്ഷിതവും വേദനാജനകവും ആയിരുന്നു.

ഇപ്പോൾ എന്തിനാണ് അരപ്പെട്ട? ഞങ്ങളൊക്കെ അരപ്പട്ട ഇല്ലാതെയാണ് സെമിനാരിക്കാരായി കഴിഞ്ഞതും പഠിച്ചതും. ഒരു കുറവും ഉണ്ടായില്ല. ഇപ്പോൾ പണമെന്നും ഇരിപ്പില്ല. സംഭാഷണം വേഗം അവസാനിപ്പിച്ചു. തുളുമ്പിനിന്ന കണ്ണുകൾ കാണാതിരിക്കാനായി ഞാൻ വേഗം മുഖം തിരിച്ചു മുറിയിൽ നിന്നും ഇറങ്ങിപോന്നു. വിവരം കൊല്ലക്കൊമ്പിലച്ചനോടു പറഞ്ഞു. അതിനെന്താ, ഞാൻ തരാമല്ലോ പണം, മൈക്കിൾ വിഷമിക്കേണ്ട. അദ്ദേഹം പട്ടം സ്വീകരിച്ചിട്ടു ഏതാനും ദിവസങ്ങളേ ആയിരുന്നുള്ളൂ. അദ്ദേഹത്തെ ബുദ്ധിമുട്ടിക്കരുത് എന്ന് കരുതിയാണ് മൂത്ത ജേഷ്ഠനെ സമീപിച്ചത്. അതും ഒരു പാഠമായി. ആരിലും വലിയ പ്രതീക്ഷ അർപ്പിക്കരുത്, കഴിയുന്നത്ര സ്വയം പര്യാപ്തത നേടാൻ ശ്രമിക്കണം. ആവശ്യങ്ങൾ കഴിയുന്നത്ര പരിമിതിപ്പെടുത്തണം.

**സഹായഹസ്തങ്ങൾ:** *"ഞാൻ ദരിദ്രനും പാവപ്പെട്ടവനുമാണ്; എങ്കിലും കർത്താവിന് എന്നെപ്പറ്റി കരുതലുണ്ട്"* (സങ്കീ. 40, 17)

ഞാൻ റോമിൽ ചെന്ന വർഷമാണ് ബഹുമാനപ്പെട്ട ജോർജ് ആശാരിപ്പറമ്പിൽ അച്ചൻ പഠനം പൂർത്തിയാക്കി തിരിച്ചുപോന്നത്. പോരുന്നതിനു മുമ്പ് അദ്ദേഹം ഹോളണ്ടിലെ ഒരു മേൽവിലാസം തന്നു. വത്തിക്കാനിൽ നിന്നിറങ്ങുന്ന പുതിയ സ്റ്റാമ്പുകളും കവറുകളും വാങ്ങി അയച്ചുകൊടുക്കണം. അതു കിട്ടിക്കഴിയുമ്പോൾ അവർ അല്പം തുക കൂടുതൽ അയച്ചുതരും. അയർലണ്ടിലെ ഒരു വിലാസവും തന്നു. പക്ഷേ രണ്ടും ഒട്ടും ഉപകാരപ്പെട്ടില്ല. ബഹുമാനപ്പെട്ട കൊല്ലക്കൊമ്പിലച്ചൻ തരപ്പെടുത്തി തന്ന ഒരു ഇറ്റാലിയൻ കുടുംബവുമായുള്ള ബന്ധം ഉപകാരമായി. രണ്ടാം വർഷം മുതൽ പട്ടം സ്വീകരിക്കുന്നതു വരെ മൂന്നു വർഷവും പ്രതിമാസം 2000 ലീറ (ഇരുപതു രൂപ) അവർ അയച്ചുതന്നുകൊണ്ടിരുന്നത് അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ സഹായകമായി.

ബഹുമാനപ്പെട്ട ജോസഫ് കണിയാംമറ്റത്തിൽ അച്ചന്റെ ഓർഡിനേഷൻ 1966 ജനുവരിയിൽ ആയിരുന്നു. പുത്തൻ കുർബാനക്കു ഞാനും സഹായിയായിരുന്നു. അതിന്റെ ഫോട്ടോ കണ്ടു താൽപര്യം ജനിച്ച അദ്ദേഹത്തിന്റെ അമേരിക്കൻ സുഹൃത്ത് റാൽഫ് ലൈക്നർ എനിക്കൊരു കത്തയച്ചു. പഠനത്തിനും മറ്റും ധനസഹായം ആവശ്യമുണ്ടോ? എന്തെങ്കിലും സഹായം തന്നാൽ സ്വീകരിക്കുമോ? ദൈവം തന്ന വലിയൊരു ദാനമായിക്കരുതി, വിനയത്തോടെ ഞാൻ മറുപടി അയച്ചു. ഒരു വ്യാഴവട്ടക്കാലം ദീർഘിച്ച വലിയൊരു സുഹൃദ്ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. അതോടെ സാമ്പത്തികമായ എന്റെ പരാധീനതകൾ അവസാനിച്ചു. എന്റെ ഓരോ ആവശ്യവും മുൻകൂട്ടിക്കണ്ടറിഞ്ഞ് വേണ്ടതിൽ കൂടുതൽ തുക എനിക്കയച്ചു തരുമായിരുന്നു. ഒരു ഉദാഹരണം മാത്രം. 1968 ജൂൺ ഇരുപത്തിഒന്പതാം തീയതിയായിരുന്നു എൻറെ പൗരോഹിത്യ സ്വീകരണം. സാമാന്യം ചിലവുള്ള ഒരു ചടങ്ങായിരുന്നു അത്. ആറുമാസം മുൻപേ റാൽഫ് എനിക്കെഴുതി,

ഓർഡിനേഷന് എന്തു ചെലവ് വരുമെന്ന് അറിയിക്കണം. ഞാൻ വളരെ ചുരുക്കി ഒരു കണക്ക് അവതരിപ്പിച്ചു. അത് അദ്ദേഹത്തിന് തൃപ്തിയായില്ല. അതിനാൽ ഐറ്റം തിരിച്ചു കണക്ക് ആവശ്യപ്പെട്ടു. ക്ഷണക്കത്ത് അച്ചടിച്ച് അയക്കാൻ, കുർബാന കുപ്പായം, കാസ, കാപ്പി സൽക്കാരം, ഫോട്ടോ, എന്നിങ്ങനെ ഓരോന്നിന്റെയും ചെലവ് പ്രത്യേകം ഞാൻ എഴുതി അയച്ചു. അതും തൃപ്തിയായില്ല. ഞാൻ കൊടുത്ത തുകയെല്ലാം മൂന്നിരട്ടിയായാണ് അദ്ദേഹം അയച്ചുതന്നത്. എന്റെ ജീവിതത്തിൽ ആദ്യമായാണ് ഇങ്ങനെയുള്ള പരിഗണന ലഭിക്കുക. അനേകം കഷ്ടപ്പാടുകൾക്കും അവഗണനകൾക്കും ശേഷം റാൽഫ് എന്ന ആ നല്ല മനുഷ്യനിലൂടെ തമ്പുരാൻ തൻറെ കൃപ ചൊരിയുകയായിരുന്നു.

പൗരോഹിത്യ സ്വീകരണത്തിനു ശേഷം അവധിക്കാലം ജർമ്മനിയിലെ ഇടവകകളിൽ ജോലിചെയ്യാൻ കഴിഞ്ഞിരുന്നതിനാൽ ബുദ്ധിമുട്ടു കൂടാതെ പഠന കാര്യങ്ങൾ നടന്നു. 1974ൽ സ്കോളർഷിപ്പ് തീർന്നു. തുടർന്നുള്ള നാലുവർഷം റോമിൽ താമസിച്ചിരുന്നത് പണം കൊടുത്തായിരുന്നു. അന്ന് റാൽഫിന്റെ സഹായവും ജർമ്മനിയിലെ ജോലിയും വഴി പ്രയാസമില്ലാതെ കാര്യങ്ങൾ നടന്നു. പഠനം കഴിഞ്ഞ് തിരിച്ചു നാട്ടിലെത്തുമ്പോൾ എനിക്ക് സ്വന്തമായി ഒരു വാഹനം വേണം. മോട്ടോർസൈക്കിൾ ഓടിക്കുന്നത് എന്റെ ആരോഗ്യത്തിനു ഹാനികരമായിരിക്കും, ഒരു ജീപ്പ് തന്നെ വാങ്ങണം, അതിനായി പണം പ്രത്യേകം മാറ്റിവയ്ക്കുന്നുണ്ട്, എന്ന് റാൽഫ് ഒരിക്കൽ എഴുതി.

എന്റെ കൂടെ ഇന്ത്യയ്ക്കു വരാൻ പ്ലാൻ ചെയ്തിരിക്കുകയായിരുന്നു. എന്നാൽ തമ്പുരാന്റെ പദ്ധതി അതായിരുന്നില്ല. ഹൃദ്രോഗത്തെ തുടർന്ന് 1977 ജൂലൈ മാസത്തിൽ അദ്ദേഹം നിത്യസമ്മാനത്തിനായി പുറപ്പെട്ടു.

അവിവാഹിതനായിരുന്നു റാൽഫ്. വൃദ്ധയും ശയ്യാവലംബിയുമായ അമ്മയെ ശുശ്രൂഷിച്ചിരുന്നത് അദ്ദേഹമാണ്. ഒരേസമയം രണ്ട് ജോലികൾ ചെയ്തിരുന്നു. സാധാരണയുള്ള എട്ടുമണിക്കൂർ ജോലി ഒരു പേപ്പർ കമ്പനിയിലായിരുന്നു. അതിനുശേഷം നാല് മുതൽ ആറു മണിക്കൂർ ഏതെങ്കിലും റസ്റ്റോറന്റിൽ പാത്രം കഴുകും, അല്ലെങ്കിൽ അതുപോലുള്ള ഏതെങ്കിലും ജോലി ചെയ്യും. അതിരാവിലെ നാലുമണിക്ക് എണീറ്റ് ഭക്ഷണം പാകം ചെയ്യുകയും അനുദിനം മുടങ്ങാതെ ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്തതിനുശേഷം ആണ് ഈ ജോലികൾ. അമ്മയുടെ പരിചരണത്തിലും വീഴ്ച വരുത്തിയിരുന്നില്ല. ഈ കഠിനാധ്വാനത്തിന് ഒരേയൊരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ദരിദ്രരായ വൈദിക വിദ്യാർഥികളെ സഹായിക്കുക. ഒരുകാലത്ത് ആറു പേരെ അദ്ദേഹം സഹായി ച്ചിരുന്നു. അതിനു പുറമേ പല രൂപതകളിലേക്കും സംഘടന കളിലേക്കും സഹായം എത്തിച്ചു കൊടുത്തിരുന്നു. മറ്റുള്ളവരെ സഹായിക്കാൻ വേണ്ടി മാത്രം കഠിനാധ്വാനം ചെയ്ത് രോഗിയായി ജീവൻ സമർപ്പിച്ച ആ നല്ല മനുഷ്യനു ദൈവം നിത്യ സമ്മാനം നൽകട്ടെ.

റാൽഫിന്റെ മരണം എനിക്ക് വലിയൊരു ആഘാതമായിരുന്നു. തീസിസിന്റെ പണികളുമായി ബന്ധപ്പെട്ടു സാമാന്യം വലിയൊരു ചെലവു വരും. തിരിച്ചു പോരാനും ചിലവുണ്ട്. ബോർഡിങ് ഫീസും മറ്റു ചിലവുകളും എല്ലാം താങ്ങാൻ ജർമ്മനിയിലെ മൂന്നുമാസത്തെ ശമ്പളം കൊണ്ടു മതിയാവില്ല. വീണ്ടും സാമ്പത്തിക പ്രതിസന്ധിയിൽ ആയപ്പോഴാണ് ദൈവം മറ്റൊരു വ്യക്തിയെ എന്റെ ജീവിതത്തിലേക്കു കടത്തിവിട്ടത്, ഫാദർ യോപ്പ് എന്ന ഒരു ഹോളണ്ടുകാരൻ വൈദികൻ. എനിക്ക് വേണ്ടി ചെയ്യാമെന്ന് റാൽഫ് ഏറ്റിരുന്നതെല്ലാം നാലിരട്ടിയായി അദ്ദേഹം ചെയ്തു. 1978 മുതൽ 2023 ൽ അദ്ദേഹം മരിക്കുന്നതു വരെ സാമ്പത്തിക പ്രതിസന്ധികളിലെല്ലാം അദ്ദേഹം താങ്ങും തണലുമായി നിന്നിട്ടുണ്ട്. അതിനാൽ വലിയ ഞെരുക്കം പിന്നീട് അനുഭവിക്കേണ്ടി വന്നിട്ടില്ല.

തലശ്ശേരിയിൽ വച്ചു ബൈബിൾ ചിത്രകഥ പ്രസിദ്ധീകരണ വുമായി ബന്ധപ്പെട്ട് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടായി. എങ്കിലും പണം

ഇല്ലാത്തതിന്റെ പേരിൽ ഒരു പ്രസിദ്ധീകരണവും മുടങ്ങാൻ ദൈവം അനുവദിച്ചില്ല. മറ്റുള്ളവരിൽ നിന്നു സഹായം വാങ്ങാനായി കൈനീട്ടുന്നതിനു മുൻപേ സ്വന്തം കീശയിലുള്ള അവസാനത്തെ തുട്ടും ചിലവാക്കുക എന്നതായിരുന്നു ഞാൻ സ്വീകരിച്ചിരുന്ന ഒരു നിലപാട്. ബൈക്കും, ജീപ്പും, ടൈപ്പ് റൈറ്ററും, കുറച്ചു പുസ്തകങ്ങളും ഒക്കെ വിറ്റും ആ തുക ചിത്രകഥയിൽ മുതലിറക്കി. പക്ഷേ, അത്യാവശ്യ കാര്യങ്ങൾക്ക് ഒരിക്കലും മുടക്കം വന്നില്ല. അവധി തെറ്റിക്കാതെ പ്രസ്സിൽ പണം അടയ്ക്കാൻ കഴിഞ്ഞു. 1983-98 കാലഘട്ടത്തിൽ അനേക ലക്ഷം രൂപയുടെ പ്രിന്റിംഗ് നടന്നു. ഒരിക്കലും നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല. ചിലപ്പോഴൊക്കെ കടം വാങ്ങിയിരുന്നു. എന്നാലും അവശ്യകാര്യങ്ങൾക്ക് ഒരിക്കലും മുട്ടുണ്ടായില്ല. 1998ൽ ഡിവൈനിൽ വന്നതിൽ പിന്നെ സാമ്പത്തികമായ യാതൊരു ഉത്കണ്ഠയും ഇല്ല. ആവശ്യങ്ങളെല്ലാം മുൻകൂട്ടി കണ്ടറിഞ്ഞ് ഇവിടത്തെ അധികാരികൾ എന്റെ പ്രതീക്ഷകളെ പതിന്മടങ്ങ് മറികടന്നു നിർവഹിച്ചു തരുന്നു. രോഗിയായപ്പോഴാണ് ഇത് ഏറ്റം കൂടുതൽ അനുഭവിച്ചറിഞ്ഞത്. തൃശ്ശൂരിലെ ഏറ്റവും നല്ല ആശുപത്രിയിൽ അവിടുത്തെ ഏറ്റവും സൗകര്യപ്രദമായ മുറിയിൽ എനിക്ക് ശുശ്രൂഷ ഒരുക്കി. സകല ചെലവുകളും ഡിവൈൻ തന്നെ വഹിച്ചു. തലശ്ശേരിയിൽ നിന്ന് അഭിവന്ദ്യ പിതാവും എന്ത് സഹായവും ചെയ്യാൻ തയ്യാറായിരുന്നു.

അങ്ങനെ ദാരിദ്ര്യത്തിന്റെ കൈപ്പുനീർ മട്ടുവരെ കുടിപ്പിച്ചതിനുശേഷം തമ്പുരാൻ എനിക്കു സമൃദ്ധി നൽകി. ക്ലേശങ്ങളുടെ മധ്യത്തിലും ഒരിക്കലും കൈവിട്ടില്ല. ആവശ്യനേരത്തു സഹായിക്കാൻ സുഹൃത്തുക്കളെ ഒരുക്കി. കർത്താവിൽ പൂർണമായി ആശ്രയിക്കാൻ പഠിപ്പിക്കുകയായിരുന്നു ഇക്കാലമത്രയും. *"കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു ഞാൻ എന്തു പകരം കൊടുക്കും?"* (സങ്കീ. 116, 12).

# അദ്ധ്യായം 9

**മാരകമായ അപകടങ്ങൾ**: *"തന്റെ തൂവലുകൾ കൊണ്ട് അവിടുന്നു നിന്നെ മറച്ചു കൊള്ളും, അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും"* (സങ്കീ. 91, 4).

1970 ക്രിസ്തുമസ് ദിനങ്ങളിലാണ് ഒരു സംഭവം. റോമിൽ പഠിക്കുന്ന കാലം. വൈദികനായിട്ടു രണ്ടുവർഷം കഴിഞ്ഞു. ക്രിസ്തുമസ്, ഈസ്റ്റർ അവധിക്കാലത്ത് ഇറ്റലിയിലെ ഏതെങ്കിലും ഒരു ഇടവകയിൽ കുമ്പസാരം കേൾക്കാനും കുർബാനയിൽ സഹായിക്കാനുമായി ഞങ്ങൾ പോവുക പതിവാണ്. പഠനത്തിന്റെ വിരസതയിൽ നിന്ന് ഒരു വിശ്രമം, പെരുന്നാൾ ആഘോഷങ്ങൾ ജനത്തോടൊന്നിച്ച് നടത്താനും വൈദികവൃത്തി അല്പമൊക്കെ ചെയ്യാനും ഒരവസരം, അക്കൂട്ടത്തിൽ സ്വന്തം ചിലവുകൾക്ക് അല്പമൊരു കൈക്കാശും, ഇതൊക്കെയാണ് ഈ പോക്കിന്റെ ലക്ഷ്യങ്ങൾ. ക്രിസ്തുമസിന് രണ്ട് ദിവസവും ഈസ്റ്ററിനു ആറു ദിവസവും മുമ്പേ പള്ളികളിൽ എത്തണം.

1970ലെ ക്രിസ്തുമസ് വടക്കേ ഇറ്റലിയിൽ **ആൽപ്സ്** പർവതങ്ങളുടെ താഴ്വരയിലുള്ള ഒരു പള്ളിയിൽ ചെലവഴിക്കാനാണു പ്ലാൻ ഇട്ടിരുന്നത്. അന്നു സ്വന്തമായി ഒരു പഴയ കാർ ഉണ്ടായിരുന്നെങ്കിലും ദീർഘദൂരം കാർ ഓടിക്കുന്നത് ഉപകാരപ്രദമല്ല, നഷ്ടമാണ്, അപകടകരവുമാണ്, എന്ന് മനസ്സിലാക്കിയതിനാൽ ട്രെയിനിനു പോകാൻ തീരുമാനിച്ചിരുന്നു. അപ്പോഴാണ് ആ വർഷം വൈദികനായി ഏതാനും ആഴ്ചകൾക്കകം നാട്ടിലേക്ക് തിരിച്ചു പോരാൻ ഒരുങ്ങിക്കൊണ്ടിരുന്ന ഒരു സുഹൃത്ത് തന്റെ കാറിൽ യാത്ര ചെയ്യാൻ എന്നെ ക്ഷണിച്ചത്. വേറെ മൂന്നു പേരെകൂടി അയാൾ സംഘടിപ്പിച്ചിരുന്നു. ഞാൻ കൂടെ ചെന്നില്ലെങ്കിൽ അയാൾ തനിച്ച് വണ്ടിയോടിക്കേണ്ടി വരും. എന്റെ ഒരു അനുജനെപ്പോലെ അയാളെ ഞാൻ കരുതിയിരുന്നതിനാൽ കൂടെ ചെല്ലാം എന്നു സമ്മതിച്ചു.

ആ വർഷം അസാധാരണമായ തണുപ്പുണ്ടായിരുന്നു. ഡിസംബർ 22ന് രാവിലെ ഞങ്ങൾ യാത്ര തിരിച്ചു. കൂട്ടത്തിൽ ഉണ്ടായിരുന്ന രണ്ടു പേരെ രണ്ടിടങ്ങളിലായി ഇറക്കി സന്ധ്യയോടെ ഞങ്ങൾ അലക് സാണ്ട്റിയ എന്ന പട്ടണത്തിൽ എത്തി. ഇനി മൂന്ന് പേരാണ് ഞങ്ങൾ വണ്ടിയിൽ അവശേഷിച്ചിരിക്കുന്നത്. രണ്ടുപേർ മിലാനിൽ ഇറങ്ങും. അവിടേക്കു രണ്ടു മണിക്കൂർ യാത്രാ ദൂരമേയുള്ളൂ. അന്ന് രാത്രി

അവരുടെ കൂടെ പള്ളിമുറിയിൽ ചെലവഴിച്ചിട്ട് പിറ്റേന്ന് രാവിലെ ഞാൻ ബ്രൂണിക്കോയിലേക്ക് ട്രെയിനിനു പോകും. ഇതായിരുന്നു പ്ലാൻ.

അലക്സാണ്ട്റിയ വിട്ടപ്പോഴേക്കും മൂടൽമഞ്ഞു ശക്തമായി. പത്തു മീറ്ററിൽ കൂടുതൽ അകലെ കാണാൻ വയ്യാതായി. സുഹൃത്താണു വണ്ടി ഓടിച്ചിരുന്നത്. ആറുനിര പാത ആയിരുന്നതിനാൽ എതിരെ വണ്ടി വരില്ല എന്ന് ഉറപ്പാണ്. പക്ഷേ, ഓടിക്കുന്ന പാതയുടെ ഇടത്തും വലത്തും ഉള്ള അതിരുകൾ കാണണ്ടേ? പ്രകാശം തട്ടി പ്രതിഫലിച്ച് മുന്നറിയിപ്പ് നൽകുന്ന റിഫ്ലക്ടറുകൾ ഘടിപ്പിച്ച കുറ്റികൾ രണ്ട് അതിരിലും 50 മീറ്റർ ഇടവിട്ട് നാട്ടിയിരുന്നെങ്കിലും അതൊന്നും കാണാൻ കഴിയുമായിരുന്നില്ല. സമയം കഴിയുന്തോറും മൂടൽമഞ്ഞ് കനത്തു വന്നു. അതിന്റെ കൂടെ വേറൊരു പ്രശ്നവും ഉണ്ടായിരുന്നു.

1970 വേനൽ അവധിക്കാലത്ത് സുഹൃത്തു ജർമനിയിൽ നിന്ന് വളരെ ലാഭത്തിൽ വാങ്ങിയ പഴയ ഒരു ബെൻസ് കാർ ആയിരുന്നു ഞങ്ങൾ ഓടിച്ചിരുന്നത്. കമ്പനിക്ക് തിരിച്ചു കൊടുത്താൽ പുരാവസ്തു കേന്ദ്രത്തിൽ സൂക്ഷിക്കാൻ നല്ല വില കിട്ടുമായിരുന്ന ഒരു ശകടം. അതിന്റെ മിക്കവാറും എല്ലാ അവയവങ്ങളും പ്രവർത്തന ക്ഷമമായിരുന്നു. മഹോദരംബാധിച്ച ശകടം അഞ്ചു കിലോമീറ്റർ ഓടുമ്പോഴേക്കും ഒരു ലിറ്റർ കുടിച്ചു തീർക്കും. പിന്നെ അതിന് ഒരു ചെറിയ കുറവേ ഉണ്ടായിരുന്നുള്ളൂ. വണ്ടിയുടെ ഉൾഭാഗം ചൂടുപിടിപ്പിക്കുന്ന സംവിധാനം തകർന്നു പോയിരുന്നു.

അകത്തിരുന്ന ഞങ്ങൾ തണുത്തുവിറച്ചതല്ല പ്രശ്നം. പത്തു ഡിഗ്രി തണുപ്പിൽ നീരാവിയുറഞ്ഞു മുടൽമഞ്ഞ് ഐസ് ആയി വണ്ടിയുടെ ചില്ലുകളിൽ ഉറഞ്ഞുകൂടി. അതു മാറ്റിക്കളയാൻ യാതൊരു സംവിധാനവുമില്ല. മൂടൽമഞ്ഞിന്റെ കൂടെ ചില്ലിൽ കട്ടപിടിച്ച ഐസും കൂടെ ആയപ്പോഴേക്കും അകലെ കാണാനുള്ള സാധ്യത പൂജ്യം. മുന്നിൽ ഒന്നും കാണാതെ വണ്ടിയോടിക്കാനാവില്ല എന്നു പറഞ്ഞു സുഹൃത്ത് ഒരുവിധത്തിൽ വണ്ടി എമർജൻസി ലൈനിൽ അടുപ്പിച്ചു നിർത്തി. ഞങ്ങൾ വണ്ടിയിൽ ഇരുന്ന് ആലോചിച്ചു, ഇനി എന്തുചെയ്യും. രാത്രി എട്ടു മണിയായതേയുള്ളൂ . ആറുവരി പാതയിലൂടെ വണ്ടികൾ നൂറും നൂറ്റിയിരുപതും കിലോമീറ്റർ വേഗതയിൽ ചീറിപ്പായുന്നു. അവരുടെയെല്ലാം വണ്ടികൾക്ക് ഉൾഭാഗം ചൂടാക്കാൻ പ്രവർത്തനക്ഷമമായ ഹീറ്റിംഗ് സിസ്റ്റം ഉണ്ടായിരുന്നു. ഇങ്ങനെ വഴിവക്കിൽ കിടന്നാൽ ഏറെ വൈകാതെ ഏതെങ്കിലും ഒരു ലോറി ഞങ്ങളെ പപ്പടം ആക്കും എന്നു തീർച്ച. വണ്ടി ഓടിക്കാനും വയ്യാ,

ഓടിക്കാതിരിക്കാനും വയ്യാ എന്ന അവസ്ഥ. അവസാനം ഞാൻ വളയം ഏറ്റെടുത്തു.

വളരെ ശ്രദ്ധിച്ച് സാവധാനം ചക്രമുരട്ടി. അത് കൂടുതൽ പ്രശ്നമായി. ഞങ്ങളുടെ പിന്നിലെ ബൾബുകൾക്ക് പ്രകാശം കുറവായിരുന്നു. ഇങ്ങനെയൊരു പുരാവസ്തു വഴിയിലൂടെ നീങ്ങുന്നു എന്നറിയാതെ ചീറിപ്പാഞ്ഞു വന്ന വണ്ടികൾ അവസാന നിമിഷം വെട്ടിച്ചുമാറ്റുന്നത് ഞങ്ങൾ കണ്ടു. അപ്പോഴാണ് ഒരു ആശയം മനസ്സിൽ ഉദിച്ചത്. മുമ്പിൽ പോകുന്ന ഏതെങ്കിലും ഒരു വണ്ടിയെ പിന്തുടരുക. വഴി കാണുന്നില്ലെങ്കിലും വണ്ടിയുടെ പിന്നിലെ ചുവന്ന ലൈറ്റ് വഴികാട്ടിയാകും. തീരുമാനം തൽക്ഷണം നടപ്പാക്കി. പക്ഷേ പിന്തുടർന്നത് ഒരു വേഗത കൂടിയ വണ്ടിയായിരുന്നു. നൂറ്റിമുപ്പതു കിലോമീറ്റർ വേഗതയിൽ ഓടുന്ന വണ്ടിയെ പിന്തുടരുന്നത് അപകട കരമാണെന്നു മനസ്സിലായി, ഏതെങ്കിലും ലോറിയെ അനുഗമിക്കാം എന്ന് കരുതി. എന്നാൽ അവർക്കും വേഗത നൂറിൽ കൂടുതൽ. ആ ശ്രമവും പരാജയപ്പെട്ടു ഇനി സാവകാശം നീങ്ങുക എന്ന് തീരുമാനിച്ചു. ആക്സിലേറ്ററിൽ വച്ചിരിക്കുന്ന കാലിന്റെ മുട്ടു വിറച്ചത് തണുപ്പുകൊണ്ടു മാത്രമല്ല. പുറത്തറിയിക്കാതെ ഒതുക്കിവെച്ച ഭയവും അതിന് കാരണമായി. ആരും ഒന്നും സംസാരിക്കുന്നില്ല.

ഏതാണ്ട് ഇരുപതോ മുപ്പതോ കിലോമീറ്റർ വേഗതയിൽ ഞങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്. അപ്പോൾ പിന്നിൽ നിന്ന് ഭയാനകമായ ഒരു ശബ്ദം. തുടർന്നു ഞങ്ങളുടെ വണ്ടിക്ക് പിന്നിൽനിന്ന് ഒരിടി. വണ്ടിയുടെ മേൽ എനിക്കുണ്ടായിരുന്ന സകല നിയന്ത്രണവും വിട്ടു. ബ്രേക്ക് പെഡലിൽ ആഞ്ഞു ചവിട്ടി, ഹാൻഡ് ബ്രേക്ക് സർവ്വശക്തിയും ഉപയോഗിച്ച് വലിച്ചുപൊക്കി, എന്നിട്ടും വണ്ടി നിൽക്കുന്നില്ല. സ്റ്റിയറിങ് കൺട്രോൾ ഇല്ലാതെ വണ്ടി ഏതോ ദിക്കിലേക്ക് അതിശക്തമായി പായുകയാണ്. ഇനി വണ്ടി നിയന്ത്രിക്കാനാവില്ല. പറ്റുമെങ്കിൽ വാതിൽ തുറന്നു ചാടി രക്ഷപെടാം എന്ന് പറഞ്ഞു വാതിൽ തുറന്നപ്പോൾ വണ്ടി നിശ്ചലം നിൽക്കുകയാണ്. മൂന്നു വരിയുള്ള പാതയുടെ രണ്ടു വരികൾക്ക് കുറുകെ. ഒരു വണ്ടിക്കും ആ വഴിയെ കടന്നു പോകാനാവില്ല. കുറച്ചു സമയത്തേക്ക് ഒരു വണ്ടിയും പിറകേ വന്നില്ല. എതിർ ദിശയിലേക്കു പാഞ്ഞുപോകുന്ന വണ്ടികളുടെ പ്രകാശം കണ്ണിലടിച്ചുണ്ടായ വിഭ്രമം മൂലമാണ് ഞങ്ങളുടെ വണ്ടി മുന്പോട്ടു പോകുന്നതായി തോന്നിയത്.

മൂവരും വണ്ടിയിൽ നിന്ന് ഇറങ്ങി. ഞങ്ങളുടെ പിന്നിൽ ഭീമാകാരത്തിൽ നിൽക്കുന്നു എൺപതു ടൺ ഭാരം വഹിക്കുന്ന

വലിയൊരു ട്രക്ക്. ഉയരത്തിലിരുന്ന് ഡ്രൈവർ കൽപ്പിച്ചു, വണ്ടി നേരെയാക്ക്, ഇതൊരു പാലമാണ്. പോ നദിയുടെ പാലം. ഏതാണ്ട് ഒരു കിലോമീറ്റർ നീളമുള്ള പാലത്തിന്റെ നടുവിൽ വച്ചാണ് ഇടികിട്ടി വണ്ടി തെറിച്ചത്. ലോറിക്കാരൻ ബ്രേക്ക് ചവിട്ടിയതിനാൽ ചക്രമുരുളാതെ ട്രക്ക് നീങ്ങിയതിന്റെ ശബ്ദമായിരുന്നു ഞങ്ങൾ കേട്ട് ഇടിവെട്ടിയതാണെന്നു കരുതിയത്. അയാളുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ ഞാൻ സുഹൃത്തിനോട് പറഞ്ഞു, അവന്റെ നമ്പർ നോട്ട് ചെയ്തോളൂ, നമ്മൾ വണ്ടി മാറ്റുന്നതിനിടയിൽ അവൻ കടന്നുകളഞ്ഞെന്ന് വരാം. അതുതന്നെ സംഭവിച്ചു. പ്രയാസപ്പെട്ട് ഞാൻ വണ്ടി നേരെയാക്കിയപ്പോഴേക്കും അയാൾ അതിശീഘ്രം സ്ഥലം വിട്ടു.

ദുർബലമായിരുന്ന ഞങ്ങളുടെ ശകടം ഇടിയും കൂടെ കിട്ടിക്കഴിഞ്ഞപ്പോൾ തികച്ചും ദയനീയാവസ്ഥയിലായി. ഇടിയുടെ ആഘാതത്തിൽ ട്രങ്ക് ഉള്ളിലേക്ക് ഒതുങ്ങി ഒരു വെറ്റവട്ടി പരുവത്തിലായി. പിൻവാതിലുകൾ പുറത്തേക്ക് തള്ളി അടയ്ക്കാൻ വയ്യാതായി. അന്ന് ഉച്ചയ്ക്ക് ഭക്ഷണം കഴിച്ചതാണ്. വിശപ്പ് തുടങ്ങി. കമ്പിളി വസ്ത്രങ്ങൾ എല്ലാം ഉള്ളിലെ പെട്ടികളിലാണ്, എടുക്കാൻ ഒരു മാർഗ്ഗവുമില്ല. ഇടി കിട്ടിയ ശകടത്തിന് പുതിയൊരു പ്രശ്നം, സ്റ്റാർട്ട് ആവാൻ മടി. ഉന്തിയാൽ സ്റ്റാർട്ട് ആകും. ഏതായാലും ഉന്തിയും തള്ളിയും ഉരുട്ടിയും ഏതാണ്ട് അമ്പതു കിലോമീറ്റർ കൂടി യാത്ര ചെയ്ത് ആറുവരി പാതയിൽ നിന്ന് പുറത്ത് ചാടി. രാത്രിയുടെ ബാക്കി ഭാഗം വണ്ടിക്കുള്ളിൽ ഇരുന്ന് വിറച്ചു തീർത്തു. കർത്താവിന് നന്ദി പറഞ്ഞു.

തിരിഞ്ഞുനോക്കുമ്പോൾ ഇപ്പോഴും കാൽമുട്ടുകൾ വിറക്കുന്നു. ഹൃദയം ശക്തമായി മിടിക്കുന്നു. അന്നു പോ നദിയിലെ തണുത്തു റഞ്ഞ വെള്ളത്തിൽ ആണ്ട് പോകേണ്ടിയിരുന്നതാണ് ഈ ജീവിതം. ലോറി ഡ്രൈവർ തക്ക സമയത്ത് ആഞ്ഞു ചവിട്ടി വണ്ടി നിർത്തി യില്ലായിരുന്നെങ്കിൽ ഞങ്ങൾ വണ്ടിക്ക് അടിയിൽ അരഞ്ഞു തീരുമായിരുന്നു. ഞങ്ങൾ വഴി തടഞ്ഞുനിന്ന സമയം ഏതെങ്കിലും ഒരു വണ്ടി പിറകെ വന്നിരുന്നെങ്കിൽ അതും മാരകമാകുമായിരുന്നു. എന്നാൽ ദൈവം അത് അനുവദിച്ചില്ല. മരണത്തിന്റെ പിടിയിൽ ഞങ്ങളെ വിട്ടുകൊടുക്കാൻ അവിടുത്തേക്ക് മനസ്സില്ലായിരുന്നു. വണ്ടി പൂർണമായും ഉപയോഗശൂന്യമായി തീർന്നതിനാൽ പിന്നീട് ഇൻഷുറൻസ് കമ്പനി വണ്ടിയുടെ വില തന്നു. അത് സുഹൃത്തു ജർമനിയിൽ കൊടുത്തതിനേക്കാൾ കൂടുതലായിരുന്നു. ഞങ്ങളുടെ ശരീരത്തിൽ ഒരു പോറിൽ പോലും ഏറ്റതുമില്ല. *"നിനക്ക് ഒരു*

*അനർത്ഥവും സംഭവിക്കുകയില്ല"* (സങ്കീ. 91, 7) എന്ന സങ്കീർത്തന വാക്യം എന്നെക്കുറിച്ചായിരുന്നു എന്ന തിരിച്ചറിവു നന്ദിയുടെ നീരുറവികളാൽ കണ്ണുകളെ നനയ്ക്കുന്നു.

**മൂട്ട ശീർഷാസനത്തിൽ**: *"കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു ഞാൻ എന്തു പകരം കൊടുക്കും"* (സങ്കീ.116, 12); *"ഞാൻ കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കും"* (സങ്കീ. (118, 17).

വാഹനവുമായി ബന്ധപ്പെട്ടതാണ് അടുത്ത മാരകമായ അപകടവും. 1972 ലാണ് സംഭവം. അന്ന് ഞാൻ റോമിൽ താമസിച്ചിരുന്നതു ചെക്കോസ്ലോവാക്യാക്കാരുടേതായ "നെപ്പോ മുച്ചേനോ" എന്നറിയപ്പെടുന്ന കോളേജിലാണ്. ഇറ്റലിക്കാർ കോളേജ് എന്ന് വിളിക്കുന്നതു വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളെയാണ്. അന്ന് ഞങ്ങൾ നാല് മലയാളി വൈദികർ ഉണ്ടായിരുന്നു ആ കോളേജിൽ. അതിൽ ഒരു സുഹൃത്ത് പുതുതായി ഒരു വണ്ടി വാങ്ങി. മൂട്ടയുടെ ആകൃതിയിലുള്ള, നാല് പേർക്ക് കഷ്ടിച്ച് ഇരിക്കാൻ പറ്റുന്ന, ഏതാണ്ട് അദ്ദേഹത്തിന്റെ തന്നെ പ്രായമുള്ള ഒരു ഫിയറ്റ് 500. കക്ഷി ഡ്രൈവിംഗ് ലൈസൻസ് എടുത്തിരുന്നെങ്കിലും ഓടിച്ച് അത്ര പരിചയമുണ്ടായിരുന്നില്ല.

1967ൽ ലൈസൻസ് എടുത്ത ഞാൻ അന്ന് ഒരു "ആശാൻ" ആയിത്തീർന്നിരുന്നു. വണ്ടി വാടകയ്ക്ക് എടുത്തു പലരെയും ഓടിക്കാൻ പരിശീലിപ്പിക്കുമായിരുന്നു. അങ്ങനെ ഒരു പരിശീല നത്തിനിടയിൽ 1970ൽ കഷ്ടിച്ചു രക്ഷപ്പെട്ട ഒരു സംഭവമുണ്ടായി. ഡ്രൈവിംഗ് ടെസ്റ്റിന്റെ തലേദിവസം ഒരു പരിശീലനത്തിനായി മറ്റൊരു സുഹൃത്തിന്റെ അപേക്ഷ സ്വീകരിച്ചു. ഒരു മൂട്ട വണ്ടിയുമായി ഞങ്ങൾ റോമിൽ നിന്നു എഴുപതു കിലോമീറ്റർ അകലെയുള്ള നെറ്റുണോ എന്ന പട്ടണത്തിലേക്കു പോയി. വി. മരിയാ ഗൊരേത്തിയുടെ ഗ്രാമമാണത്. വിശുദ്ധയുടെ വീടു പട്ടണത്തിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ അകലെയാണ്. റോമിലെ തിരക്കിൽ ഞാൻ വണ്ടി ഓടിച്ചു. തിരക്കൊഴിഞ്ഞ വഴിയിലെത്തിയപ്പോൾ ശിഷ്യനു വളയം കൈമാറി. അയാൾ സാമാന്യം നന്നായി വളയം കൈകാര്യം ചെയ്തു. മടക്കയാത്രയിൽ ഒരു ചെറിയ വഴിയിൽനിന്നു ഹൈവേയിലേക്കു കയറേണ്ടിയിരുന്നു. 100-140 കിലോമീറ്റർ വേഗതയിൽ, വെടിയുണ്ട പോലെ ചീറിപ്പായുന്ന വണ്ടികൾ. അത് ഒരു ആറുവരി പാതയല്ല. ഇരുദിക്കിൽ നിന്നും വാഹനങ്ങൾ വരും. ഞങ്ങൾക്ക് ഹൈവേ മുറിച്ചുകടന്നുവേണം യാത്ര

തുടരാൻ. ഹൈവേയിലേക്ക് കടക്കുന്നത് ഒരു ചെറിയ കയറ്റ ത്തിലാണ്. എല്ലാംകൊണ്ടും പരിശീലനത്തിനു പറ്റിയ സ്ഥലം!

സ്റ്റോപ്പ് അടയാളത്തിനു മുമ്പിൽ സുഹൃത്തു വണ്ടി നിർത്തി. ഹാൻഡ് ബ്രേക്ക് വലിച്ചു വണ്ടി അനങ്ങില്ല എന്ന് ഉറപ്പാക്കി. ഇനിയാണ് അപകടം പിടിച്ച അഭ്യാസം. പെരുവഴിയിൽ ഒരുവശത്തുനിന്നും വണ്ടികൾ വരാത്ത സമയം നോക്കി വേഗം വണ്ടിയെടുത്ത് വഴിമുറിച്ചു ഗതാഗതത്തിൽ ചേരണം. ഇടത്തു ഫ്രീ ആകുമ്പോൾ വലത്തു വണ്ടി. വലത്തു ഫ്രീ ആകുമ്പോൾ ഇടത്തു വണ്ടി. ഏതാണ്ട് അഞ്ചു മിനിറ്റു കഴിഞ്ഞപ്പോൾ രണ്ടുവശവും വണ്ടിയൊഴിഞ്ഞു. കക്ഷി ആക്സി ലേറ്ററിൽ ആഞ്ഞു ചവിട്ടി, ക്ലച്ചു പെഡലിൽനിന്നു പെട്ടെന്നു കാലെ ടുത്തു. വലിയൊരു നിലവിളിയോടെ വണ്ടി കുലുങ്ങി നിന്നു. എൻജിൻ ഓഫായി. അപ്പോഴാണു ഹാൻഡ്ബ്രേക്ക് പൊങ്ങിനിൽക്കുന്നതു കക്ഷി കണ്ടത്. അപ്പോഴേക്കും പെരുവഴിയിൽ വീണ്ടും വണ്ടി നിറഞ്ഞു. അടുത്ത ഇടവേളയിൽ ഹാൻഡ്ബ്രേക്കിന്റെ കാര്യം ശ്രദ്ധിച്ചു ഇരുകാലുകളും പെഡലുകളിൽ അമർത്തിവെച്ചു. വലിയൊരു ശീൽക്കാരത്തോടെ വണ്ടി പുറകോട്ട്. പിന്നിൽ നിന്ന് ഹോൺ അടിയും ചീത്ത വിളിയും. ഏതായാലും വീണ്ടും ഹാൻഡ്ബ്രേക്കു തന്നെ ശരണം.

മൂന്നാം തവണ ഒരു കയ്യാങ്കളിക്ക് തയ്യാറായി. എല്ലാ അഭ്യാസ ങ്ങളും പഠിപ്പിക്കണമല്ലോ. ക്ലച്ച്-ഗ്യാസ് പെഡലുകൾ ഒരു സന്തുലിതാവസ്ഥയിൽ നിർത്തി. ഇനി വണ്ടി ഒഴിഞ്ഞ് ഇടവേള വരുമ്പോൾ വലതുകാൽ മെല്ലെ അമർത്തുകയും ഇടതുകാൽ സാവകാശം പൊക്കുകയും ചെയ്താൽ മതി. വണ്ടി സ്മൂത്തായിട്ട് നിരത്തിലൂടെ നീങ്ങിക്കൊള്ളും. ഗതാഗതമില്ലാത്ത ഊടു വഴികളിൽ അനേകം തവണ പരിശീലിപ്പിച്ചതാണ് ഈ അഭ്യാസം. അതിനാൽ സംശയമൊന്നുമില്ല. വീണ്ടും ഇടത്തും വലത്തും നോക്കി കാത്തിരിപ്പ്. അവസാനം കണ്ണെത്താവുന്ന ദൂരത്തെങ്ങും വണ്ടിയൊന്നുമില്ല. എടുത്തോ! ആശാന്റെ അനുമതി. ശിഷ്യന്റെ കാലു വിറച്ചു. അഭ്യാസമുറ മറന്നു. ഒരുവിധത്തിൽ വണ്ടി പെരുവഴിയിൽ കയറിയപ്പോഴേക്കും ശരവേഗത്തിൽ ഒരു സ്പോർട്ട്സ് കാർ മുന്നിൽ.

സർവശക്തിയും ഉപയോഗിച്ച് ആശാൻ ഹാൻഡ് ബ്രേക്ക് വലിച്ചു. മൂട്ടയുടെ മൂക്കിനു പരിക്ക്, കടന്നുപോയ ലാൻസിയായുടെ പള്ളക്കു ചളുക്ക്. ഇരുകൂട്ടരും വഴിയിലിറങ്ങി ഇറ്റാലിയൻ മുറയിൽ വാക്പയറ്റ്. അവസാനം മൂന്നാം ലോക വിദ്യാർത്ഥികളെ ഒന്നടങ്കം ശപിച്ചുകൊണ്ട് പരിക്കേറ്റ പള്ളയുമായി സ്പോർട്സ് കാർ നീങ്ങി,

ചളുങ്ങിയ മൂക്കു നിവർത്താൻ എന്തു മാർഗ്ഗമെന്നന്വേഷിച്ചു ഞങ്ങളും. പിറ്റേന്ന് കക്ഷി ടെസ്റ്റിൽ പാസായെങ്കിലും വളയം കാണുമ്പോൾ കാലു വിറക്കുന്നതുകൊണ്ടു പിന്നീടു വളയം പിടിച്ചിട്ടില്ല എന്നാണ് അറിവ്. അന്ന് തമ്പുരാൻ കാത്തില്ലായിരുന്നെങ്കിൽ ആശാനും ശിഷ്യനും മൂട്ട വണ്ടിയോടൊപ്പം ഒരുമിച്ച് പെരുവഴിയിൽ ചതഞ്ഞരിഞ്ഞ് കറയായി അവശേഷിക്കുമായിരുന്നു. "കർത്താവ് എത്ര നല്ലവനാണ് എന്ന് രുചിച്ചറിഞ്ഞ" ഒരു സംഭവമായിരുന്നു അത്. ഇനി "നെപ്പോ മുച്ചേനോ" യിലെ സുഹൃത്തിന്റെ അഭ്യാസത്തിലേക്ക് മടങ്ങാം.

ഡ്രൈവിംഗ് ലൈസൻസും സ്വന്തമായി വണ്ടിയും ഉണ്ടായിരുന്നതിനാൽ കുറച്ചുനേരം ഓടിച്ച് പരിചയം സമ്പാദിക്കുകയാണ് സുഹൃത്തിന്റെ ലക്ഷ്യം. റോമിൽ നിന്ന് ഏകദേശം എൺപതു കിലോമീറ്റർ വടക്ക് ഒരു ഗ്രാമീണ ഇടവകയിൽ താമസിച്ചു ജോലിയും പഠനവും ഒരുമിച്ചു നടത്തിയിരുന്ന ഒരു സുഹൃത്തായ വൈദികന്റെ അടുത്തേക്ക് ആകട്ടെ യാത്ര എന്ന് തീരുമാനിച്ചു. വഴിക്ക് അതിമനോഹരമായ ജലധാരകൾ നിറഞ്ഞ തിവോളി (Tivoli) ഉദ്യാനം കാണുകയും ചെയ്യാം. ഉച്ചകഴിഞ്ഞു പോകാമെന്ന് തീരുമാനിച്ചു. പകലുള്ളപ്പോൾ അയാൾ ഓടിക്കും. തിരിച്ചുവരുമ്പോൾ രാത്രിയാകും. അപ്പോൾ വളയം ഞാൻ ഏറ്റെടുക്കും. ഏതായാലും വണ്ടി പോകുന്നതല്ലേ, ഞായറാഴ്ചയുമാണ്. അതിനാൽ രണ്ടു സുഹൃത്തുക്കളെ പിൻസീറ്റിലും സംഘടപ്പിച്ചു.

കാര്യമായ പ്രശ്നമൊന്നുമില്ലാതെ അര മണിക്കൂർ കഴിഞ്ഞു. സുഹൃത്ത് നല്ലൊരു ഗായകനാണ്. വണ്ടി ഭംഗിയായി പോകുന്നു എന്നു കണ്ടപ്പോൾ പിരിമുറുക്കം കുറഞ്ഞു. കക്ഷി പാടാൻ തുടങ്ങി, അതോടൊപ്പം വളയത്തിൽ താളം പിടിക്കാനും. അല്പം കൂടി കഴിഞ്ഞപ്പോൾ ഒരു കൈകൊണ്ട് നൃത്ത മുദ്രകളായി, പിന്നോട്ട് നോക്കി സംസാരവും. ആശാന്റെ കർശനമായ താക്കീതു കാരണം അതൊക്കെ നിർത്തി വണ്ടിയിലും വഴിയിലും വീണ്ടും ശ്രദ്ധീകരിച്ചു എന്ന് തോന്നി. വയസ്സൻ മൂട്ടയാണെങ്കിലും വേഗത മോശമല്ല. ഏതാണ്ട് എൺപത് കിലോമീറ്റർ വേഗതയിലാണു പോകുന്നത്. പെട്ടെന്നാണ് ഞങ്ങൾക്കു തിരിയേണ്ട വഴിയുടെ ബോർഡ് കണ്ണിൽപ്പെട്ടത്. ഇറ്റലിയിൽ വലതുവശം ചേർന്നാണ് വണ്ടി ഓടിക്കുക. ഇംഗ്ലണ്ട് ഒഴികെ മറ്റെല്ലാ യൂറോപ്യൻ രാജ്യങ്ങളിലും അങ്ങനെതന്നെ. ഞങ്ങൾക്കു തിരിയേണ്ടത് വലത്തേക്കായിരുന്നു.

വേഗതകുറച്ച് ഗിയർ താഴ്ത്തി സാവധാനം തിരിക്കണം എന്ന നിർദ്ദേശങ്ങൾ ഒക്കെ ഞാൻ ഉരുവിട്ടുകൊണ്ടിരുന്നെങ്കിലും ശിഷ്യന്റെ ശ്രദ്ധ മറ്റെങ്ങോ ആയിരുന്നു. വന്ന വേഗതയിൽ 90 ഡിഗ്രി വലത്തേക്ക് വളയംതിരിച്ചു. തന്നോട് ചെയ്ത ഈ അതിക്രമത്തിൽ പ്രതിഷേധിച്ചു വലിയൊരു ശീൽക്കാരത്തോടെ മൂട്ട തിരിഞ്ഞു, ആവശ്യമുള്ളതിൽ വളരെ കൂടുതൽ വലത്തേക്ക്. നേരെ മുന്നിൽ ഒരു വയൽ, ഏതാണ്ട് ഇരുപത് അടി താഴ്ചയിൽ. അത് കണ്ടു ഭയന്ന കക്ഷി വണ്ടി ഇടത്തോട്ട് വെട്ടിച്ചു. ഇടത്ത് ഒരു കമ്പിവേലി. ഞങ്ങൾ വന്നു കയറിയത് ഒരു കുടുസു വഴിയിലേക്കാണ്, പണ്ടെങ്ങോ ടാർ ചെയ്തതിന്റെ സ്മാരകങ്ങൾ മാത്രം അവശേഷിച്ചിരുന്ന ഒരു പൊളിഞ്ഞ വഴി.

എന്താണ് സംഭവിച്ചത് എന്നറിയുന്നതിനു മുമ്പേ ഞങ്ങൾ വലതുവശത്തുള്ള വയലിൽ ലാൻഡ് ചെയ്തു. ഏതാനും നിമിഷ ങ്ങൾക്കു ശേഷം പരിസരബോധം വീണ്ടു കിട്ടിയപ്പോൾ ലോകം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. സീറ്റിൽ ഇരുന്ന ഞങ്ങളെല്ലാം വണ്ടിയുടെ മേൽക്കൂരയിൽ തലകുത്തി നിൽക്കുന്നു. അപ്പോഴാണ് തല്ലിക്കൊന്നിട്ട ഉരുവിനെപ്പോലെ ഞങ്ങളുടെ മൂട്ട നാലുകാലും ആകാശത്തേക്ക് ഉയർത്തി ശീർഷാസനത്തിലാണ് നിൽപ്പ് എന്ന് മനസ്സിലായത്. ഇനി എങ്ങനെ രക്ഷപ്പെടും.?

സുഹൃത്തുക്കളുടെ ശബ്ദത്തിൽ നിന്ന് ആർക്കും ബോധക്ഷയമോ ജീവഹാനിയോ സംഭവിച്ചിട്ടില്ല എന്ന് അറിഞ്ഞു. ആകെയുള്ള വാതിലുകൾ രണ്ടും ജാം ആയിരിക്കുകയാണ്. പുറത്തിറങ്ങാൻ വഴിതിരയുമ്പോൾ മുന്നിൽ നിന്ന് ഒരു സ്വരം. ഭയപ്പെടേണ്ട, നേരെ മുമ്പിലൂടെ ഇറങ്ങി പോരെ. മുമ്പിലത്തെ ചില്ല് പൂർണ്ണമായി തകർന്നു പോയിരുന്നു. അതിനു മുമ്പിൽ രണ്ട് ചെറുപ്പക്കാർ. പിറകെ വന്നിരുന്ന അവർ ഞങ്ങളുടെ അഭ്യാസം കണ്ട് അമ്പരന്നു നിൽക്കുകയായിരുന്നു. ആദ്യമേ ഞാൻ പുറത്തു കടന്നു. പിന്നെ പിൻസീറ്റിൽ ഉണ്ടായിരുന്നവർ. ഡ്രൈവർക്ക് അനക്കമില്ല, തൊട്ടു വിളിച്ചു "ഒന്നിറങ്ങ്". "എടോ, ഞാൻ അല്പമൊന്നു വിശ്രമിക്കട്ടെ", ശിഷ്യന്റെ മറുപടി. സ്റ്റിയറിങ്ങിന്റെ അടിയിലിരുന്നുള്ള വിശ്രമം! ഒരുവിധത്തിൽ എല്ലാവരുംകൂടി അയാളെയും പൊക്കി പുറത്തെടുത്തു. ദൈവകൃപയാൽ ആർക്കും ഒരു പോറൽ പോലും ഏറ്റിരുന്നില്ല.

വഴിമുതൽ വയൽ വരെ പെട്രോൾ ഒഴുകിയിരുന്നു. ഒരു ചെറിയ തീപ്പൊരി ഉണ്ടായാൽ മതിയായിരുന്നു നാലുപേരും മൂട്ടയടക്കം ചാമ്പലാകാൻ. *"മരണത്തിന്റെ നിഴൽ വീണ ആ താഴ്വരയിൽ*

*അവിടുത്തെ ഊന്നുവടിയും ദണ്ഡും"* (സങ്കീ. 23, 4) എനിക്കു സംരക്ഷണം നൽകി. തകർന്ന വണ്ടികൾ വിലയ്ക്കു വാങ്ങുന്നവരുടെ വക ക്രെയിൻ ഘടിപ്പിച്ച ഒരു ലോറിക്കു വേണ്ടി റോമിലേക്കു ഫോൺ ചെയ്തു. കൂട്ടുകാരെ ലക്ഷ്യസ്ഥാനത്തേക്ക് ബസ്സിൽ കയറ്റിയയച്ചതിനു ശേഷം ഞാൻ ലോറിയിൽ മൂട്ടയെ വണ്ടികളുടെ സ്മശാനത്തിൽ എത്തിച്ചു. 1500 രൂപ കൊടുത്തു വാങ്ങിയ മൂട്ടയുടെ എല്ലുവില, സർവ്വ ചെലവും കഴിഞ്ഞ്, അമ്പതു രൂപ കിട്ടി. ഒരു കാർ വാടകക്കെടുത്തു രാത്രി എട്ടു മണിയായപ്പോഴേക്കും സുഹൃത്തുക്കളുടെ അടുത്ത് തിരിച്ചെത്തി. ശിഷ്യന്റെ മുട്ടുകൾ അപ്പോഴും കൂട്ടിയിടിക്കുന്നുണ്ടായിരുന്നു. മരണത്തിന്റെ പിടിയിൽനിന്ന് അത്ഭുതകരമായി രക്ഷിച്ച തമ്പുരാന് നന്ദി. *"നിന്റെ വഴികളിൽ നിന്നെ കാത്തു പാലിക്കാൻ അവിടുന്നു തന്റെ ദൂതന്മാരോടു കൽപിക്കും"* (സങ്കീ. 91, 11) എന്ന വാഗ്ദാനം എത്രയോ പരമാർത്ഥം!

# അധ്യായം 10

**തീയിൽ കുരുത്തത്**: *"ആർക്കും ഭാരമാകാതിരിക്കാൻ വേണ്ടി ഞങ്ങൾ രാപകൽ കഷ്ടപ്പെട്ട് കഠിനാധ്വാനം ചെയ്തു"* (2 തെസ്സ. 3, 8)

ഓർമ്മവച്ച കാലം മുതൽ കഠിനാധ്വാനം എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. വൈദികനായതിനു ശേഷവും ഈ സ്വഭാവത്തിനു കാര്യമായ മാറ്റം വന്നില്ല. 2000 മെയ് മാസത്തിലെ അസുഖവും ഓപ്പറേഷനുമാണ് എന്നെ കുറച്ചുകാലത്തേക്കെങ്കിലും നിഷ്ക്രിയ നാക്കിയത്. അന്നത്തെ ആ നിഷ്ക്രിയത്വത്തിൽ കുണ്ഠിതവും അസ്വസ്ഥതയും ഉണ്ടായിരുന്നു. ഒന്നും ചെയ്യാതിരിക്കുന്നത് എന്തോ വലിയ തെറ്റാണെന്ന ചിന്ത മനസ്സിന്റെ ഏതോ കോണിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്നു. അധ്വാനം ഒരു ലഹരിയായി അനുഭവപ്പെടാറുണ്ട്. ഞാൻ ഒരു വർക്കോഹോളിക് ആണെന്ന് സുഹൃത്തുക്കൾ പറയും. ഞാൻ വെറുതെ ഇരിക്കില്ല, കൂടെയുള്ളവരെ വെറുതെ ഇരിക്കാൻ സമ്മതിക്കുകയുമില്ല. എപ്പോഴും എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കും. ജോലി ഒന്നുമില്ലെങ്കിൽ എന്തെങ്കിലും പുതിയതു കണ്ടുപിടിക്കും. കടന്നുപോന്ന വഴികളിൽ, ചെറുപ്പം മുതലേ ആർജ്ജിച്ച ഒരു ശീലമാണത്. മനസ്സായിട്ടല്ല, സാഹചര്യങ്ങളുടെ സമ്മർദ്ദം വഴിയാണു ഞാൻ ഇങ്ങനെയായിത്തീർന്നത്.

**മരണത്തിന്റെ പടിവാതിൽക്കൽ:** *"മരണക്കെണി എന്ന വലയം ചെയ്തു; പാതാളപാശങ്ങൾ എന്നെ ചുറ്റി. ഞാൻ നിലംപറ്റിയപ്പോൾ അവിടുന്ന് എന്നെ രക്ഷിച്ചു"* (സങ്കീ. 116, 3, 6)

തലയായിരുന്നു എന്റെ ബലം. സാമാന്യം നല്ല ബുദ്ധിയും, ചില മേഖലകളിലെങ്കിലും നല്ല അറിവും, കാര്യങ്ങൾ യുക്തിസഹജമായി ചിന്തിച്ചും വിശകലനം ചെയ്ത്, വിശ്വസനീയവും സ്വീകാര്യവുമായ രീതിയിൽ അവതരിപ്പിക്കാൻ കഴിവുമുണ്ട് എന്ന് ഞാൻ കരുതിയിരുന്നു. ഞാനുമായി ബന്ധപ്പെടുന്നവരൊക്കെ അത് അംഗീക രിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകാലത്ത് എഴുതിക്കൂട്ടിയ ലേഖനങ്ങളും, പ്രസിദ്ധീകരിച്ച പുസ്തകങ്ങളും, ചെയ്ത പ്രസംഗങ്ങളും, നടത്തിയ കൺവെൻഷനുകളും, എടുത്ത ക്ലാസുകളും എല്ലാം ഇതിനു തെളിവായിനിരത്താനുമുണ്ട്. ആ തലയ്ക്കു തന്നെയാണ് ഇത്തവണ തമ്പുരാൻ അടിച്ചത്. ഒറ്റയടിക്ക് തല തകർക്കുകയല്ല, സാവധാനം മുന്നറിയിപ്പുകളും താക്കീതുകളും തന്ന്

ഒരുക്കിയതിനുശേഷം അടിച്ചു വീഴ്ത്തുകയായിരുന്നു. പാതാളത്തിൽ ഉപേക്ഷിക്കാൻ വേണ്ടിയല്ല, കുഴഞ്ഞ ചേറ്റിൽനിന്നു പൊക്കിയെടുത്തു കഴുകി ശുദ്ധീകരിച്ച് എന്തിനോവേണ്ടി ഉപയോഗിക്കാൻ. ഉടച്ചുവാർക്കലിന്റെ വേദനയും അനിശ്ചിതത്വവും ആകാംക്ഷയും എല്ലാം ഇപ്പോൾ എന്നെ ചൂഴ്ന്നു നിൽക്കുകയാണ്. ഉത്കണ്ഠയില്ല, ഭയമില്ല, ആകാംഷ മാത്രം.

1998 ജനുവരി മാസത്തിൽ മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിൽ ബൈബിൾ കോളേജ് ആരംഭിച്ചപ്പോൾ എന്നെ അതിന്റെ പ്രിൻസിപ്പാളായി നിയമിച്ചു. വിൻസെൻഷ്യൻ സഭാധികാരികളും ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറും ആവശ്യപ്പെടുകയും മെത്രാൻ അനുവദിക്കുകയും ചെയ്തതനുസരിച്ചാണ് ഈ നിയമനം നടന്നത്. പുതിയൊരു പ്രവർത്തനമേഖല തുറന്നു കിട്ടിയതിൽ സന്തോഷമുണ്ടെങ്കിലും കുറെയേറെ ആശങ്കകളും ഉത്കണ്ഠകളും എനിക്കുണ്ടായിരുന്നു. കഴിയുന്നത്ര നന്നായി സ്ഥാപനം മുന്നോട്ടു കൊണ്ടു പോകണം, ദൈവവചനം കഴിയുന്നത്ര കൂടുതൽ ആളുകളിൽ എത്തിച്ചു കൊടുക്കണം, ഈ ലക്ഷ്യമേ മനസ്സിലുണ്ടായിരുന്നുള്ളൂ. സാമ്പത്തിക ബാധ്യതകളില്ല, ഒളിയമ്പുകളെ ഭയപ്പെടാനില്ല, കാലുവാരാൻ തക്കം നോക്കിയിരിക്കുന്ന ആരുമില്ല. എല്ലാവിധ സഹകരണവും പ്രോത്സാഹനവും നൽകുന്ന അധികാര സംവിധാനം. കൊടുക്കുന്നതെല്ലാം ആർത്തിയോടെ വിഴുങ്ങാൻ വാതുറന്നിരിക്കുന്ന പക്ഷിക്കുഞ്ഞുങ്ങളെപ്പോലുള്ള വിദ്യാർത്ഥി സമൂഹം. എന്തു സഹായത്തിനും തയ്യാറായി നിൽക്കുന്ന പ്രേഷിതർ. ക്ലാസുകൾ എടുത്ത് സഹായിക്കാൻ തയ്യാറുള്ള, ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റുള്ള ഒരു ഡസനിൽപരം വൈദിക സുഹൃത്തുക്കൾ. സർവ്വോപരി, രാപ്പകൽ ദൈവസ്തുതികൾ അലയടിച്ചുയരുന്ന, ദൈവികത മുറ്റിനിൽക്കുന്ന അന്തരീക്ഷം. തമ്പുരാൻ തന്നെയാണ് എന്നെ ഇവിടെ എത്തിച്ചതെന്നും ഈ ജോലി ഏൽപ്പിച്ചതെന്നും എനിക്ക് ഉറച്ച ബോധ്യമായി. അതിനാൽ എന്നിലുള്ള ഊർജ്ജത്തിന്റെ അവസാന കണികയും ഇവിടെ ചിലവഴിക്കാൻ ശ്രമിച്ചു.

രണ്ടര വർഷത്തെ പ്രവർത്തനം വൻവിജയമായി. ഡിവൈൻ ബൈബിൾ കോളേജ് സാമാന്യം നന്നായി അറിയപ്പെടാൻ തുടങ്ങി. മലയാളത്തിലും ഇംഗ്ലീഷിലും കോഴ്സുകൾ നൽകിയിരുന്നതിനാൽ ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ആളുകൾ പങ്കെടുത്തിരുന്നു. എല്ലാവിധ സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചിരുന്നതിനാൽ എന്റെ കഴിവിന്റെ പരിമിതികളെക്കുറിച്ച് ഞാൻ

ചിന്തിച്ചിരുന്നില്ല. അൻപത്തിയാറാം വയസ്സിലാണ് ഇവിടെ പ്രവർത്തന മാരംഭിച്ചത്. *"തനിച്ചു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മറ്റൊരാളെക്കൊണ്ട് ചെയ്യിക്കാതിരിക്കുക"* എന്നൊരു തത്വം ഞാൻ അറിയാതെ എന്റെ ഉള്ളിൽ രൂപപ്പെട്ടിരുന്നു.

ആറാഴ്ച്ച ദീർഘിക്കുന്ന കോഴ്സുകൾ ഞാൻ കരുതിയ തിനേക്കാൾ കൂടുതൽ ഭാരിച്ചതായിരുന്നു. ഏകദേശം അൻപതു മുതൽ അറുപതു ശതമാനം ക്ലാസ്സുകൾ, ധ്യാനം, കുർബാന, തുടങ്ങി കോളേജിന്റെ എല്ലാ പ്രവർത്തനങ്ങളും എന്റെ തലയിലൂടെ ഓടി; എന്റെ കൈകൊണ്ട് നിയന്ത്രിച്ചു. എല്ലാം ഭംഗിയാക്കണം എന്നല്ലാതെ മറ്റൊരു ലക്ഷ്യവും ഇതിനില്ലായിരുന്നു. ചൂട്ടുകറ്റയുടെ രണ്ടറ്റത്തും ഒരുമിച്ചു തീ കൊളുത്തുന്നതുപോലെയാണിതെന്ന് ഞാൻ മനസ്സിലാക്കാതിരുന്നില്ല. രാവിലെ അഞ്ചുമണിക്ക് എണീറ്റാൽ രാത്രി പന്ത്രണ്ടു മണിയോടെ കിടക്കുന്നതു വരെ കാര്യമായ വിശ്രമമൊന്നും ഉണ്ടായിരുന്നില്ല.

കഠിനാധ്വാനം എനിക്കെന്നും ഇഷ്ടമായിരുന്നു. ഒരിക്കലും ജോലി ഭാരത്തെക്കുറിച്ചു ഞാൻ പരാതിപ്പെട്ടിട്ടില്ല. ഭാരം പോരാ എന്നു തോന്നുമ്പോൾ തന്നെത്താൻ എന്തെങ്കിലും വലിച്ചു തലയിൽ കയറ്റുന്ന പ്രകൃതമാണെനിക്ക്. ഇവിടെയും അതുതന്നെ സംഭവിച്ചു കൊണ്ടിരുന്നു. പ്രായം കടന്നു പോയിരുന്നത് മനസ്സിലാക്കിയില്ല. ഹൃദയം തുറന്നു പങ്കുവയ്ക്കാൻ ആരുംതന്നെ ഉണ്ടായിരുന്നില്ല എന്നതും പ്രധാനപ്പെട്ട ഒരു അപാകതയായി. വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും ആരാധനാഭാവം. എന്ത് ആശയം പുതുതായി അവതരിപ്പിച്ചാലും യാതൊരു മടിയും കൂടാതെ അംഗീകരിച്ചു പ്രോത്സാഹിപ്പിക്കുന്ന അധികാരികൾ. പ്രാർത്ഥനയിലൂടെ കർത്താവി ന്റെയടുക്കൽ ഹൃദയം തുറക്കും. എന്നാൽ അതുകൊണ്ടു മാത്രമായില്ല. തലശ്ശേരിയിൽ ഉണ്ടായിരുന്ന സുഹൃദ് വലയം ഇവിടെ ഇല്ലാതായി.

ജീവിതത്തിൽ ഏറ്റവും അധികം ആന്തരിക സന്തോഷവും സമാധാനവും സംതൃപ്തിയും അനുഭവിച്ച ഒരു കാലഘട്ടമായിരുന്നു 1998 മുതൽ 2000 വരെ. മേൽപ്പറഞ്ഞ ചില അസ്വസ്ഥതകൾ ആ സന്തോഷത്തെയും സമാധാനത്തെയും കാര്യമായി ബാധിച്ചിരുന്നില്ല എന്ന് ഞാൻ കരുതി. എന്നാൽ 1999 ജൂൺ ആയപ്പോഴേക്കും ചില താക്കീതുകൾ തമ്പുരാൻ തന്നു തുടങ്ങി. സ്വപ്നങ്ങളാണ് അതിലൊന്ന്. വഴിമുട്ടുന്നു, വണ്ടിയിടിച്ചു തകരുന്നു, വെള്ളത്തിൽ മുങ്ങുന്നു, അഗാധഗർത്തത്തിൽ പതിക്കുന്നു, വഴിയറിയാതെ

അലയുന്നു, വണ്ടിക്ക് അടിയിൽപ്പെടുന്നു ഇങ്ങനെ അനേകം സ്വപ്നങ്ങൾ. ഈ പോക്ക് നാശത്തിലേക്കാണ് എന്ന സൂചനയാണ് ഇതിലൂടെ ലഭിക്കുന്നത് എന്നു മനസ്സിലാവുകയും ചെയ്തിരുന്നു. മരണം അകലത്തല്ല എന്നൊരു ചിന്ത മനസ്സിൽ ശക്തിപ്പെടുന്നത് ഒരു സന്തോഷവാർത്തയായി ഞാൻ സ്വീകരിച്ചു. മരണം വന്നെത്തുന്നതിനു മുമ്പേ കഴിയുന്നത്ര ദൂരം ഓടി തീർക്കുക എന്ന ഒരു ലക്ഷ്യം മനസ്സിൽ ഉറപ്പിച്ചു. *"യജമാനൻ വരുമ്പോൾ ജോലിയിൽ വ്യാപൃതനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ"* (ലൂക്ക. 12, 43) എന്ന വചനം വഴികാട്ടിയായി. ഓട്ടം പൂർത്തിയാക്കാൻ ഇനി അധികനേരമില്ല എന്നൊരു തോന്നൽ അനുദിനം ശക്തിപ്പെട്ടു വന്നു.

എന്റെ കഠിനമായ തലവേദനയെക്കുറിച്ചു സഹപ്രവർത്തകൻ ആൽബർട്ട് അറിയിച്ചയുടനെ കോളേജിന്റെ ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ് പനക്കലച്ചൻ ബലമായിട്ടെന്നപോലെ എന്നെ പിടിച്ചു കാറിൽ കയറ്റി അങ്കമാലി ആശുപത്രിയിൽ എത്തിച്ചു. പത്തു ദിവസത്തേക്കു നിശ്ചയിച്ചിരുന്ന ക്ളാസ്സുകൾ എട്ടാം ദിവസം നിർത്തി നാലഞ്ചു ദിവസം സർവ്വവിധ പരിശോധനകൾക്കും എന്നെ വിധേയനാക്കി. കഴുത്തിന്റെ അസ്ഥികൾക്ക് അല്പം തേയ്മാനം സംഭവിച്ചിരിക്കുന്നു, കണ്ണിലെ ദ്രാവക സമ്മർദ്ദം അപകടമേഖലയെ സമീപിക്കുന്നു, ഗ്ലൗക്കോമയുടെ സാധ്യതയുണ്ട്, ചെറിയൊരു കുരിശുപള്ളി പണിയാൻ മാത്രം കല്ലുകൾ പിത്താശയത്തിൽ സംഭരിച്ചിട്ടുണ്ട്; ബാക്കി അവയവങ്ങൾക്കൊന്നും കുഴപ്പമില്ല, ഡോക്ടർ വിധിയെഴുതി. ഗുളികകളും ഒരാഴ്ചത്തെ ഫിസിയോതെറാപ്പിയും പ്രതിവിധി. ഇത് 1999 ഡിസംബർ മൂന്നാം വാരത്തിലായിരുന്നു.

തലവേദന തല്ക്കാലത്തേക്കു കുറഞ്ഞു. എന്നാൽ ആരോഗ്യനില ക്ഷയിച്ചുകൊണ്ടിരുന്നു. ഓടിത്തീർക്കാൻ ഇനിയും ദൂരം ഏറെ. സമയം പരിമിതം. അതിനാൽ 2000 ആണ്ടിലേക്ക് കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിച്ചു. മൂന്നു മലയാളം, രണ്ട് ഇംഗ്ലീഷ്. അതിനിടയിൽ ഡൽഹിയിൽ ഒരു പത്ത് ദിവസത്തെ കോഴ്സ് ഇംഗ്ലീഷിലും മലയാളത്തിലും. പ്രതിദിനം എട്ടു മണിക്കൂർ പരിപാടി. ആഗസ്റ്റ്-സെപ്റ്റംബർ മാസത്തിൽ യൂറോപ്പിലും അമേരിക്കയിലുമുള്ള സുഹൃത്തുക്കളെ ഒരിക്കൽക്കൂടി കണ്ടു വിട പറയുക, ഇങ്ങനെ ഒരു പദ്ധതിയും പ്ലാൻ ചെയ്തു. ഒരു മലയാളവും ഒരു ഇംഗ്ലീഷും കോഴ്സുകൾ പൂർത്തിയാക്കി. ഡൽഹി പരിപാടിയും ഭംഗിയായി നടന്നു. അതിനിടെ രണ്ടുതവണ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ പോയി. മരുന്നു കിട്ടി. കഴുത്ത് നേരെ നിർത്താൻ പട്ട കിട്ടി. തലവേദനയും ക്ഷീണവും അപകടങ്ങളുടെ രാത്രി ദർശനങ്ങളും

ശക്തിപ്പെട്ടു വരികയും ചെയ്തു. ആരോടും കാര്യമായി ഒന്നും പറഞ്ഞിരുന്നില്ല.

ഏപ്രിൽ 23 ഈസ്റ്റർ ഞായർ വൈകുന്നേരം ബൈബിൾ കോളേജിന്റെ ധ്യാനം ആരംഭിച്ചു. ആ ദിവസങ്ങളിൽ കൂടരഞ്ഞി പള്ളിയിൽ ഞാൻ ഒരു കൺവെൻഷൻ നടത്തുകയായിരുന്നു. വെള്ളിയാഴ്ചയാണ് ഡിവൈനിൽ തിരിച്ചെത്തിയത്, പൂർവാധികം ക്ഷീണിതനായി. ക്ഷീണം എന്തെന്ന് അറിയാതിരുന്ന എനിക്ക് ആ വാക്കിന്റെ അർത്ഥം ശരിക്കും മനസ്സിലായിത്തുടങ്ങി. ക്ലാസുകൾ തുടങ്ങുമ്പോൾ പ്രശ്നങ്ങൾ പലത്. ക്ലാസെടുക്കാമെന്നു സമ്മതി ച്ചിരുന്ന പലർക്കും പല തടസ്സങ്ങൾ. രണ്ടാഴ്ചയോളം പ്രതീക്ഷിച്ചിരുന്നവർ വന്നില്ല. കുർബാന ചൊല്ലാനും ആരുമില്ല. പലവിധ സഹായങ്ങൾ നൽകിയിരുന്ന ഡോക്ടർ സിസ്റ്റർ അപ്രതീക്ഷി തമായി മടങ്ങിപ്പോയി. വിദ്യാർത്ഥികളുടെ ഇടയിൽ ചില്ലറ പ്രശ്നങ്ങൾ, ആദ്യ ആഴ്ചയിൽത്തന്നെ നാലു പേരെ പുറത്താക്കേണ്ടിവന്നു. രാവിലെ 6.30 മുതൽ രാത്രി 10 വരെയുള്ള മിക്കവാറും എല്ലാ പരിപാടികളും നടത്തുക എന്റെ തന്നെ ചുമതലയായി. അങ്ങനെ മൂന്നാഴ്ചകൾ. പണ്ടേ ദുർബലമായിത്തീർന്ന ശരീരത്തിനും മനസ്സിനും താങ്ങാവുന്നതിലും അധികമായിരുന്നു അത്.

മെയ് 17 ബുധനാഴ്ച രണ്ടുപേരെ ക്ലാസിനു കിട്ടിയതിനാൽ ഞാൻ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ പോയി. മുൻ പരിശോധനകളുടെ വെളിച്ചത്തിൽ എന്നെ വീണ്ടും അസ്ഥിവിദഗ്ധന്റെ അടുക്കലേക്ക് അയച്ചു. അയാൾ നല്ല ചില ഉപദേശങ്ങൾ തന്നു, വാർദ്ധക്യത്തെ മാന്യമായി നേരിടാൻ നിർദ്ദേശിച്ചു. വിശപ്പടക്കാൻ മാത്രം ഗുളികകൾക്കും കുറിച്ചു തന്നു. വ്യാഴം, വെള്ളി എനിക്ക് ക്ലാസ് ഉണ്ടായിരുന്നില്ല. ഗുളികകൾ വിഴുങ്ങി, മുറിയിൽ നിന്ന് പുറത്തി റങ്ങാതെ വിശ്രമിച്ചു. ശനിയാഴ്ച മറ്റാരും ഇല്ലാതിരുന്നതിനാൽ മൂന്ന് മണിക്കൂർ ക്ലാസെടുത്തു. ഞായറാഴ്ച ആയപ്പോഴേക്കും കട്ടിലിൽ നിന്ന് എണീക്കാൻ വയ്യാണ്ടായി. സംസാരത്തിനും തടസ്സം, ഉദ്ദേശിക്കുന്നതു പോലെ വാക്കുകൾ നാവിൽ എത്തുന്നില്ല. കേൾക്കുന്ന കാര്യങ്ങൾ ഗ്രഹിക്കാനാകുന്നില്ല, ചോദിക്കുന്നതിനല്ല മറുപടി പറയുന്നത്. ഒന്നും എന്റെ നിയന്ത്രണത്തിൽ നിൽക്കാ ത്തപോലെ. കട്ടിലിൽ ഇരുന്നു കഞ്ഞി കോരിക്കുടിക്കാൻ ശ്രമിച്ചു. പാത്രം കയ്യിൽ നിൽക്കുന്നില്ല. ആരോ കോരിത്തന്നു, അതു കവിളിലൂടെ ഒഴുകി. നിലയ്ക്കാത്ത എക്കിൾ. എണീറ്റിരുന്നാൽ തലപിളരുന്ന വേദന, കിടന്നാൽ ആശ്വാസം. ഇത്രയും ആയപ്പോഴേക്കും ലിറ്റിൽ ഫ്ലവർ ഹോസ്പിറ്റലിലെ ഡോക്ടറുടെ

നിഗമനത്തെക്കുറിച്ച് സംശയമായി. സ്പോണ്ടിലോസിസിന്റെ ലക്ഷണങ്ങൾ ഒന്നുമല്ല ഇത് എന്ന് എല്ലാവർക്കും ബോധ്യമായി. കൂട്ടിനുണ്ടായിരുന്നവർ പനയ്ക്കലച്ചനെ വിവരമറിയിച്ചു. തടത്തില ച്ചൻ വന്നു. ഡിവൈനിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോക്ടർ ചില ആശങ്കകൾ പ്രകടിപ്പിച്ചു. കഴുത്തിലല്ലാ തലയ്ക്കാണു പ്രശ്നം എന്ന് നിഗമനത്തിലെത്തി.

തൃശൂർ ഹാർട്ട് ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ന്യൂറോസർജൻ ഡോക്ടർ ജോർജ് കോവൂറിനെ പനക്കലച്ചൻ ഫോണിൽ വിളിച്ചു. ബൈബിൾ കോളേജിലും ഡി ആർ സി യിലും പലപ്പോഴും ക്ലാസ്സെടുക്കുന്ന അതിപ്രഗത്ഭനായ ഒരു നാഡി ശസ്ത്രക്രിയാ വിദഗ്ധനാണ് ഡോക്ടർ കോവൂർ. പിറ്റേന്ന് ആശുപത്രിയിൽ കൊണ്ടുവരാൻ ഡോക്ടർ പറഞ്ഞു. മെയ് ഇരുപത്തിരണ്ടാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിയോടെ ഹോസ്പിറ്റലിൽ എത്തി ക്കാമെന്ന തീരുമാനമായി. ഇതിനിടെ എന്നെ കാണാൻ വന്ന മരുമകൾ എന്റെ അവസ്ഥയിൽ ഉത്കണ്ഠാകുലയായി അവളുടെ അമ്മയെ ഫോണിൽ വിളിച്ച് വിവരം അറിയിച്ചു. തുടർന്ന് എന്റെ രണ്ടു സഹോദരിമാരും ഒരു അനുജനും അന്ന് രാത്രി തന്നെ എന്നെ ഫോണിൽ വിളിച്ചു. സംസാരത്തിലൂടെ അപകടം മണത്തറിഞ്ഞ അവർ അർദ്ധരാത്രിക്കു പുറപ്പെട്ട് രാവിലെ ആറുമണി ആയപ്പോഴേക്കും ഡിവൈനിൽ എത്തി. കാര്യങ്ങൾ അല്പം കൂടി ത്വരിതപ്പെടുത്തി.

2000 മെയ് 22 തിങ്കളാഴ്ച രാവിലെ എട്ടു മണിയോടെ ഡോക്ടറുടെ വീട്ടിലേക്ക് യാത്രയായി. ഡോക്ടറുടെ നിർദ്ദേശമനുസരിച്ചു ഹാർട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. തല സ്കാൻ ചെയ്തു, എന്തൊക്കെയോ മരുന്നുകൾ കടത്തിവിട്ടു കൊണ്ടിരുന്നു. പതിനൊന്നു മണിയോടെ ഡോക്ടർ വന്ന് സ്കാൻ റിസൽട്ട് പരിശോധിച്ചപ്പോഴാണ് കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലായത്. അപ്പോഴേക്ക് എനിക്ക് ബോധം നഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. ശനിയാഴ്ച ഉച്ചകഴിഞ്ഞതു മുതലുള്ള കാര്യങ്ങൾ മിക്കവാറും പൂർണമായും ഓർമ്മയിൽ നിന്ന് മാഞ്ഞുപോയി. കൂടെയുണ്ടായിരുന്നവരിൽ നിന്ന് ശേഖരിച്ചതാണ് ഈ വിവരങ്ങളെല്ലാം.

ഡോക്ടർ നൽകിയ അറിവ് ഒരു ബോംബുസ്ഫോടനം പോലെയായിരുന്നു, സഹപ്രവർത്തകർക്കും സഹോദരങ്ങൾക്കും. തലയുടെ ഇടതുഭാഗത്ത് തലച്ചോറിനും തലയോട്ടിക്കും മധ്യേ സാമാന്യം

വലിയൊരു രക്തപിണ്ഡം രൂപം കൊണ്ടിരിക്കുന്നു. അത് തലച്ചോറിനെ ഒരു വശത്തേക്കു തള്ളിയൊതുക്കി തലച്ചോറിന്റെ രൂപം തന്നെ മാറ്റിക്കളഞ്ഞിരിക്കുന്നു. എങ്ങനെ ഇത്രയും നാൾ പിടിച്ചുനിന്നു എന്നതു തന്നെ അത്ഭുതമായി തോന്നുന്നു. കുറേനാൾ കൊണ്ട് രൂപപ്പെട്ടതാണ് ഈ രക്തപിണ്ഡം. തലച്ചോറിലെ ഏതോ സിരാതന്തുക്കൾ പൊട്ടി രക്തം സാവധാനം ഊർന്നിറങ്ങി രൂപപ്പെട്ടതാണിത്. Subdural Hematoma എന്നു വൈദ്യശാസ്ത്രം പേരു നൽകിയിരിക്കുന്ന ഈ രോഗത്തിന്റെ സാധാരണ ഫലം ബോധ ക്ഷയവും പക്ഷാഘാതവുമാണ്. ജീവൻ നഷ്ടപ്പെട്ടില്ലെങ്കിൽ ശരീരം പൂർണ്ണമായി, അല്ലെങ്കിൽ ഒരു വശമെങ്കിലും തളർന്നുപോകും, ഓർമ്മ നഷ്ടപ്പെടും, സംസാരശക്തി ഉണ്ടാവില്ല. അങ്ങനെ മനുഷ്യൻ തന്നെ ഒരു മാംസപിണ്ഡമായിത്തീരും. ഇതാണതത്രേ സാധാരണ സംഭവിക്കുക. ഏതായാലും അന്തിമനിഷത്തിലെങ്കിലും ആശുപത്രി യിൽ വരാനും രോഗം മനസ്സിലാക്കാനും വിദഗ്ധ വൈദ്യന്റെ, അതും ഒരു സുഹൃത്തിന്റെ, കയ്യിൽ എന്നെ ഏൽപ്പിക്കാനും ഇടയാക്കിയ ദൈവത്തിന് നന്ദി.

ഉടനെ ശസ്ത്രക്രിയ നടത്തി രക്തപിണ്ഡം എടുത്തു കളയണം, അല്ലെങ്കിൽ തലച്ചോറിന്റെതന്നെ പ്രവർത്തനം നിലച്ചേക്കാം. കാര്യങ്ങളെല്ലാം ഡോക്ടർ എന്നോടു തുറന്നു പറഞ്ഞു. ഭയപ്പെടാ നൊന്നുമില്ല, അരമണിക്കൂർ മതി. തലച്ചോറിനെ സംബന്ധിക്കുന്ന തെല്ലാം മേജർ ഓപ്പറേഷൻ ആണ്, എന്നാൽ ഇത് അതിൽ ഒരു മൈനർ ഓപ്പറേഷൻ മാത്രം. തലയുടെ ഇടതുഭാഗത്ത് രണ്ട് ദ്വാരങ്ങൾ ഉണ്ടാക്കും. അതിലൂടെ രക്തപിണ്ഡം കഴുകിക്കളയും. വളരെ ലളിതമായ പ്രക്രിയ. ഡോക്ടർ പറഞ്ഞപ്പോൾ പറഞ്ഞതൊക്കെ ഞാൻ കേട്ടു, സ്വപ്നത്തിലെന്നപോലെ. കുഞ്ഞാടിന്റെ രോമം കത്രി ക്കുന്നവന്റെ അടുക്കലേക്കെന്നപോലെ ക്ഷുരകന്റെ അടുക്കലേക്ക് എന്നെ കൊണ്ടുപോയി. തല വടിച്ചു മുട്ടയാക്കി. ബലിക്കുള്ള ഒരുക്കം പൂർത്തിയായി. ഉറക്കാനുള്ള മരുന്ന് കുത്തിവച്ചു. ഇനി ഉണർന്നി ല്ലെങ്കിലും കുഴപ്പമില്ല. എന്റെ ഓട്ടം പൂർത്തിയായി എന്ന് ഞാൻ കരുതി.

*"ദൈവമാണ് നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്"* (സങ്കീ. 46, 1).

ഉടനെ ഓപ്പറേഷൻ വേണമെന്ന തീരുമാനം 11.30 നാണു സ്ഥിരീകരിച്ചത്. അതിനുമുമ്പേ പനയ്ക്കലച്ചനും, തടത്തിലച്ചനും ഹോസ്പിറ്റലിൽ എത്തിയിരുന്നു. പെങ്ങൾ ഡോക്ടറും,

ഡോക്ടർ സിസ്റ്റർ ഫ്ലവർലെറ്റും കൂടെയുണ്ടായിരുന്നു. സ്കാൻ റിസൾട്ട് അവരെല്ലാം പരിശോധിച്ചു. ഡോക്ടർ പറഞ്ഞ കാര്യങ്ങൾ അവർക്കു ബോധ്യപ്പെട്ടു. വേണ്ടിവന്നാൽ രക്തം നൽകാനായി നാലുപേരെ ഡിവൈനിൽ നിന്നു തിരിഞ്ഞുപിടിച്ച് ഒരുക്കി നിർത്തി. പൊതുവേ വിരളമാണ് എന്റെ ബ്ലഡ് ഗ്രൂപ്പ്, എ നെഗറ്റീവ്.

തലശ്ശേരി അരമനയിലേക്ക് രാവിലെ വിവരം അറിയിച്ചിരുന്നു. പിതാവ് അന്ന് കുടിയാൻമല പള്ളിയിൽ എന്തോ ഒരു പ്രത്യേക കർമ്മത്തിന് പോയിരുന്നതിനാൽ അങ്ങോട്ട് ഫോൺ വഴി കാര്യം അറിയിച്ചു. മിക്ക ഇടവകകളിലും വാർത്ത അതിവേഗം എത്തി. താമരശ്ശേരി രൂപതയിലെ പല പള്ളികളിലും വിവരമറിയിച്ചു, പള്ളികളിലും മഠങ്ങളിലും പ്രത്യേക പ്രാർത്ഥന നടത്തി. ഡിവൈനിലെ ഏഴു സ്റ്റേഷനുകളിലും, സകല പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നും മുട്ടിപ്പായ പ്രാർത്ഥന ഉയർന്നു. ബഹുമാനപ്പെട്ട പനക്കലച്ചന്റെ നേതൃത്വത്തിൽ എന്റെ ആശുപത്രി മുറിയിൽ ഓപ്പറേഷന്റെ സമയം മുഴുവൻ തീഷ്ണമായ പ്രാർത്ഥന നടന്നിരുന്നു. ഇതുകൊണ്ടെല്ലാം ആയിരിക്കാം ഓപ്പറേഷൻ തിയേറ്ററിൽ ഒരു വലിയ ദൈവിക സാന്നിധ്യം അനുഭവപ്പെട്ടു എന്ന് പിന്നീട് ഡോക്ടർതന്നെ സാക്ഷ്യപ്പെടുത്തിയത്.

*"ഈ എളിയവൻ നിലവിളിച്ചു, കർത്താവു കേട്ടു; എല്ലാ കഷ്ട തകളിൽ നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു"* (സങ്കീ, 34, 6).

എനിക്കു നിലവിളിക്കാനോ പ്രാർത്ഥിക്കാനോ കഴിഞ്ഞില്ലെങ്കിലും പതിനായിരക്കണക്കിന് ആളുകളുടെ നിലവിളി കർത്താവു കേട്ടു, സർജന്റെ കൈകളെ വിദഗ്ധമായി നയിച്ചു. അരമണിക്കൂർ കൊണ്ട് ഓപ്പറേഷൻ പൂർത്തിയായി. എന്നെ തീവ്രപരിചരണ സ്ഥലത്തേക്ക് (ഐസിയു വിലേക്ക്) മാറ്റി. നാലുമണി ആയപ്പോഴേക്കും ബോധം തെളിഞ്ഞു. കണ്ണ് തുറക്കുമ്പോൾ ചില്ലുകൂട്ടിനു പുറത്ത് എന്നെ നോക്കി നിൽക്കുന്ന അമ്മച്ചി, രണ്ട് പെങ്ങന്മാർ, അനുജന്മാർ, മറ്റു ചില ഉറ്റ സുഹൃത്തുക്കൾ. ഒരു മിനിറ്റ് ദർശനത്തിനുശേഷം കിടക്കയിലേക്ക് തന്നെ തലചായ്ച്ചു. രണ്ടു ദിവസങ്ങൾക്കുശേഷം ആശുപത്രി മുറിയിലേക്ക് മാറ്റി. ഏറ്റം നല്ല മുറി തന്നെ എനിക്കുവേണ്ടി ബഹുമാനപ്പെട്ട തടത്തിലച്ചൻ പ്രത്യേകം ബുക്കു ചെയ്തിരുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ അപ്രതീക്ഷിതമാംവിധം വേഗത്തിൽ ഞാൻ സുഖം പ്രാപിച്ചു വന്നു. ഡോക്ടർക്ക് പോലും ആശ്ചര്യം തോന്നി. തീർച്ചയായും ഇത് അത്ഭുതകരമായ ഒരു രോഗശാന്തിയാണ്,

ഇവിടെ ദൈവം പ്രത്യേകം ഇടപെട്ടിട്ടുണ്ട് എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഭയപ്പെട്ടിരുന്ന യാതൊരു കേടും എനിക്ക് സംഭവിച്ചില്ല, ഒരു കഴിവിനും കുറവുണ്ടായില്ല, ഒരു അവയവവും തളർന്നു പോയില്ല.

*"നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല; ഒരനർഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല. നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടന്നു തന്റെ ദൂതന്മാരോടു കല്പിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചു കൊള്ളും"* (സങ്കീ 91, 10-12). ഈ സങ്കീർത്തന വചനം എന്നെക്കുറിച്ച് എഴുതിയതാണെന്നു തോന്നി. അഞ്ചാം ദിവസം വീണ്ടും സ്കാൻ ചെയ്തപ്പോൾ രക്തത്തിന്റെ കണിക പോലും തലയോട്ടിയിൽ അവശേഷിച്ചിട്ടില്ല. എട്ടാം ദിവസം മെയ് ഇരുപത്തിഒൻപതാം തീയതി ഉച്ചകഴിഞ്ഞപ്പോൾ ആശുപത്രിയിൽ നിന്നു ഡിസ്ചാർജ് ചെയ്തു. കഴിക്കേണ്ട മരുന്നുകളുടെ ചീട്ടും മൂന്നാഴ്ചത്തെ വിശ്രമത്തിനുശേഷം വന്നു കാണണമെന്ന നിർദ്ദേശവും നൽകിയാണ് വിട്ടത്. വിശ്രമിക്കാൻ ഏറ്റം നല്ലത് ഗുഡല്ലൂരിൽ എന്റെ പെങ്ങളായ ഡോക്ടർ സിസ്റ്റർ നടത്തുന്ന പുഷ്പഗിരി ഹോസ്പിറ്റൽ ആയിരിക്കും എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ഡിവൈനിൽനിന്നു പ്രത്യേകം ഏർപ്പാട് ചെയ്ത വാഹനത്തിൽ പെങ്ങളോടൊപ്പം രാത്രി ഒൻപതു മണിയോടെ ഗൂഡല്ലൂർ പുഷ്പഗിരി ആശുപത്രിയിൽ എത്തിച്ചേർന്നു.

ആറാഴ്ച ദീർഘിക്കുന്ന ബൈബിൾ കോഴ്സിന്റെ നാലാം ആഴ്ച അവസാനത്തോടെയാണ് എനിക്ക് അത്യാഹിതം സംഭവിച്ചത്. തുടർന്നുള്ള രണ്ടാഴ്ചക്കാലത്തേക്ക് ഭൂരിഭാഗം ക്ലാസുകൾക്കും ആളുകളെ നേരത്തെ ഒരുക്കിയിരുന്നു. ഒരു ദിവസവും ഒരു ക്ലാസിനും മുടക്കം വരാതെ, വിദ്യാർത്ഥികൾക്ക് ഒരു കുറവും വരാതെ, സുഹൃത്തുക്കളായ ബൈബിൾ അധ്യാപകർ ക്ലാസെടുത്തു. ബൈബിൾ കോളേജ് സെക്രട്ടറി ആൽബർട്ട് സഹപ്രവർത്തകരോടൊപ്പം ഭംഗിയായി കാര്യങ്ങൾ നിർവഹിച്ചു. പനയ്ക്കലച്ചനും തടത്തിലച്ചനും താല്പര്യത്തോടെ നേതൃത്വം നൽകി. അങ്ങനെ ഞാൻ നേതൃത്വത്തിൽ ഉണ്ടായിരുന്നതിനേക്കാൾ ഭംഗിയായി കോഴ്സ് സമാപിച്ചു. എല്ലാം തമ്പുരാൻ നൽകിയ കൃപ. ഞാൻ ഒന്നിനും അനിവാര്യമല്ലെന്നും ഞാനില്ലെങ്കിലും ബൈബിൾ കോളേജ് ഭംഗിയായി നടന്നുകൊള്ളുമെന്നും ലഭിച്ച അറിവ് വലിയ ആശ്വാസമായി. ഞാൻ ഇനി ഈ വലിയ ഭാരം തനിച്ചു തലയിലേറ്റി നടക്കേണ്ടതില്ലെന്ന തിരിച്ചറിവും തമ്പുരാൻ തന്നു.

മൂന്നാഴ്ച കഴിഞ്ഞു വന്നു ഡോക്ടറെ കാണണം. അതിനു ശേഷം ഇരുപത്തിഒന്നാം തീയതി ചാച്ചന്റെ ചരമവാർഷികത്തിനു വീട്ടിൽ ചെന്ന് ഇടവക പള്ളിയിൽ കുടുംബാംഗങ്ങളോടൊപ്പം ബലിയർ പ്പിക്കണം. തുടർന്ന് തലശ്ശേരിയിൽ ചെന്ന് പിതാക്കന്മാർക്കും സുഹൃത്തുക്കൾക്കും നന്ദി പറഞ്ഞശേഷം ജൂലൈ മാസം മുഴുവൻ തൃശൂർ മേരി മാതാ മേജർ സെമിനാരിയിൽ ക്ലാസ്സെടുക്കണം. അതിനുശേഷം നേരത്തേ പ്ലാൻ ചെയ്തിരുന്ന യൂറോപ്പ്- അമേരിക്കൻ യാത്രയും നടത്തി ഒക്ടോബറിൽ തിരിച്ചെത്തി ബൈബിൾ കോളേജിന്റെ പ്രവർത്തനങ്ങൾ തുടരണം. ഇത്രയുമൊക്കെ പദ്ധതി കളുമായാണ് ഗൂഡല്ലൂരിലെ ദിവസങ്ങൾ ചെലവഴിച്ചത്. മൂന്നാഴ്ച ക്കകം ആരോഗ്യനില പൂർവസ്ഥിതിയിലാകും എന്ന ഡോക്ടറുടെ വാഗ്ദാനം ഈ പദ്ധതികൾക്കു പിൻബലമായി. പുഷ്പഗിരിയിലെ സഹോദരിമാരുടെ ആഴമേറിയ സ്നേഹവും ഹൃദ്യമായ പരിചരണവും തീക്ഷ്ണമായ പ്രാർത്ഥനയും എന്നെ കൂടുതൽ ഉന്മേഷവാനാക്കി. പത്തു ദിവസം കഴിഞ്ഞപ്പോൾ ദിവ്യബലി അർപ്പിക്കാനും ഒരു മണിക്കൂർ വരെ ദീർഘിക്കുന്ന ബൈബിൾ ക്ലാസ് എടുക്കാനും എനിക്ക് കഴിഞ്ഞു.

ഓപ്പറേഷനെത്തുടർന്നു ഞാൻ ഭയപ്പെട്ട ഡിപ്രഷൻ ഉണ്ടായില്ല. ഒന്നും ചെയ്യാൻ കഴിയാത്ത ഒരു അവസ്ഥയിൽ എത്തുമ്പോൾ ജീവിതത്തോടു തന്നെ മടുപ്പും നിരാശയും തോന്നുമെന്നും മാരകമായ ഒരു മരവിപ്പിലേക്ക് മനസ്സു താഴ്ന്നു പോകുമെന്നും ഞാൻ ഭയപ്പെട്ടിരുന്നു. എന്നാൽ താൽക്കാലികമായ ഒരു നിസ്സംഗതക്കു ശേഷം മനസ്സ് കൂടുതൽ ഉന്മേഷമുള്ളതായി, ഓടാൻ വെമ്പുന്ന കുതിരയെപ്പോലെ മനസ്സ് അക്ഷമമായി. പക്ഷേ ശരീരം അത്രതന്നെ വേഗത്തിൽ പ്രവർത്തനക്ഷമമായിരുന്നില്ല. തന്നെയുമല്ല, ദൈവത്തി ന്റെ പദ്ധതി ഇതൊന്നുമായിരുന്നില്ല എന്ന വേദനാജനകമായ തിരി ച്ചറിവു താമസിയാതെ ഉണ്ടാവുകയും ചെയ്തു.

# അധ്യായം 11

*"മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു; അന്തിമമായ തീരുമാനം ദൈവത്തിന്റേതത്രേ"* (സുഭാ. 16, 1).

വീട്ടിലേക്ക് സ്വാഗതം: മൂന്നാഴ്ചത്തെ ഗൂഡല്ലൂർ വാസം വളരെ വേഗം കടന്നുപോയി. വലിയ പദ്ധതികളും പ്രതീക്ഷകളുമായി ഞാൻ പരിശോധനയ്ക്ക് ഒരുങ്ങി. തലേന്ന് (ജൂൺ 18 ഞായർ) വൈകുന്നേരം നാലുമണിയോടെ ഡിവൈനിൽ എത്തി. അന്നു വിശ്രമിച്ചിട്ടു പിറ്റേന്നു രാവിലെ പോയി ഡോക്ടറെ കാണാം എന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ഗേറ്റ് കടന്നപ്പോൾ തികച്ചും അപ്രതീക്ഷിതമായൊന്നു സംഭവിച്ചു.

ഗൂഡല്ലൂർ പുഷ്പഗിരി ആശുപത്രിയുടെ വക ഒരു മാർഷൽ ജീപ്പിലായിരുന്നു ഞങ്ങൾ ഡിവൈനിലേക്കു വന്നത്. പെങ്ങൾ ഡോക്ടറും സിസ്റ്റർ പ്രസന്നയും കൂട്ടിനുണ്ടായിരുന്നു. മുൻ സീറ്റിൽ ഇരുന്ന ഞാൻ വണ്ടിയിൽ നിന്ന് ഇറങ്ങുമ്പോൾ വാതിലിന്റെ മുകൾഭാഗത്ത് തലയുടെ ഇടതുഭാഗം സാമാന്യം ശക്തമായി ഒന്നു തട്ടി. കണ്ടുനിന്നവർ ചോദിച്ചു, വല്ലതും പറ്റിയോ. ഒരു കുഴപ്പവുമില്ല, ഞാൻ മറുപടിയും പറഞ്ഞു. ഇങ്ങനെ എത്ര തട്ടും മുട്ടും ഏറ്റുവാങ്ങിയതാണ് ഈ തല എന്നായിരുന്നു വിചാരം. പക്ഷേ രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ ആകെ അസ്വസ്ഥതയായി. രാത്രി കാര്യമായി ഉറങ്ങാൻ കഴിഞ്ഞില്ല. മരവിപ്പും മന്ദിപ്പും തലയ്ക്കു മാത്രമല്ല ശരീരത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെട്ടു. വേദനയൊന്നും ഉണ്ടാകാത്തതി നാൽ സാരമില്ലായിരിക്കും എന്നു കരുതി, ആരെയും അറിയിക്കാതെ രാത്രി കഴിച്ചു.

പിറ്റേന്നു രാവിലെ ഡോക്ടർ ജോർജ് കോവൂർ ഡിവൈനിൽ പ്രസംഗിക്കാൻ വന്നിരുന്നു. പ്രസംഗം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ കണ്ടു കാര്യങ്ങളെല്ലാം പറഞ്ഞു, തലമുട്ടിയ കാര്യം ഒഴികെ. അതൊരു പ്രശ്നമായി അപ്പോഴും കരുതിയിരുന്നില്ല. മരുന്നിന്റെ അളവു കുറച്ചു. മറ്റു ചില മരുന്നുകൾക്കു കുറിച്ചു. ഏതായാലും ഒന്നു കൂടി സ്കാൻ ചെയ്യുന്നത് നന്നായിരിക്കും എന്നു കരുതി ആശുപത്രിയിലേക്കു വേണ്ട കുറിപ്പും നൽകി.

രാവിലെ പതിനൊന്നു മണിയോടെ ഡോക്ടറെത്തി. സ്കാൻ ചിത്രം പരിശോധിച്ചപ്പോൾ നെറ്റി ചുളിഞ്ഞു. മുട്ടിയോ? ഡോക്ടറുടെ

ചോദ്യം. ചെറുതായൊന്ന് മുട്ടി, അല്പം ജാള്യതയോടെയുള്ള മറുപടി. കുറച്ചു രക്തം തലയോട്ടിയിൽ സംഭരിച്ചിട്ടുണ്ട്, പുതുതായി ഒഴുകിയത് ആണെന്ന് തോന്നുന്നു. തലയിൽ തുരന്ന ദ്വാരങ്ങൾ അസ്ഥി വളർന്ന് അടഞ്ഞിട്ടില്ലാത്തതിനാൽ സൂചി കയറ്റി രക്തം വലിച്ചെടുക്കാം, മുഴുവൻ കിട്ടുമോ എന്ന് തീർച്ചയില്ല. ഏതായാലും നാലഞ്ചു ദിവസം നിരീക്ഷണത്തിനായി ആശുപത്രിയിൽ കിടക്കണം.

ഒറ്റയടിക്ക്, അല്ല ഒറ്റ മുട്ടിന്, എന്റെ പദ്ധതികൾ എല്ലാം തകിടം മറിഞ്ഞു. പടുത്തുയർത്തിയ ആകാശക്കോട്ടകൾ ചീട്ടുകൊട്ടാരം പോലെ നിലംപൊത്തി. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ ഐസിയുവിൽ വച്ച് ഡോക്ടർ എന്റെ തലയിൽ സൂചി കയറ്റി വലിച്ചെടുത്ത ചുടു രക്തം ഒരു ചെറിയ പാത്രത്തിൽ എന്നെ കാണിച്ചുതന്നു. ഏതാണ്ട് 25 മില്ലി കാണും. ഇത് ഒട്ടും അസാധാരണമല്ല, 75 മില്ലി വരെ ചിലപ്പോൾ കിട്ടാറുണ്ട്, അതിനാൽ ഭയപ്പെടാൻ ഒന്നുമില്ല. വ്യാഴാഴ്ച ഒരു സ്കാൻ കൂടി ചെയ്തു നോക്കാം. മിക്കവാറും ഇരുപത്തിമൂന്നാം തീയതി വെള്ളിയാഴ്ച തിരിച്ചു പോകാം. ചുരുക്കം വാക്കുകളിൽ ഡോക്ടർ തന്റെ തീരുമാനമറിയിച്ചു. പഴയ മുറിയിൽത്തന്നെ രണ്ടാം തവണയും വാസം. പെങ്ങൾ ഡോക്ടറും അനുജന്റെ മകൻ ജിഷോയും പഴയതുപോലെതന്നെ കൂട്ട്. ഡിവൈനിലേക്കും, വീട്ടിലേക്കും, തലശ്ശേരി അരമനയിലേക്കും വിവരം അറിയിച്ചു. പ്രാർത്ഥനാസഹായം യാചിച്ചു. അഞ്ചു ദിവസം കഴിഞ്ഞാൽ എല്ലാം വീണ്ടും ശരിയാകും എന്ന് പ്രതീക്ഷിച്ചു.

പിറ്റേന്ന് ചൊവ്വാഴ്ച, ജൂൺ ഇരുപതാം തീയതി, വൈകുന്നേരം നാലുമണി കഴിഞ്ഞപ്പോൾ തികച്ചും അപ്രതീക്ഷിതമായ മറ്റൊരു സംഭവം. തലക്ക് ഒരു മരവിപ്പായി തുടങ്ങി. ആ മരവിപ്പ് കഴുത്തിലൂടെ കയ്യിലേക്കും തുടർന്നു കാൽവിരലുകൾ വരെ വ്യാപിച്ചു. മുറി വട്ടം കറങ്ങുന്നു, കട്ടിൽ തന്നെ കറങ്ങി മറിഞ്ഞു വീഴാൻ തുടങ്ങുന്നു. വയറ്റിൽ അസ്വസ്ഥത. തൊണ്ടയിൽ എന്തോ ഉടക്കുന്നു. ഛർദ്ദിക്കണം എന്ന തോന്നൽ. കൈകാലുകളുടെ അഗ്രത്തിൽ മരവിപ്പ്. ഐസുപോലുള്ള തണുപ്പ്. തണുപ്പ് സാവകാശം മുകളിലേക്ക് കയറുന്നു. പെങ്ങൾ ഡോക്ടർ മാത്രം അടുത്തുണ്ട്. കൈവശമുണ്ടായിരുന്ന പുതപ്പിട്ടു മൂടി, പക്ഷേ മരവിപ്പ് വർധി ക്കുന്നതേയുള്ളൂ. അധികം വൈകാതെ എന്തോ സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ ശക്തിപ്പെട്ടു. ഹൃദയമിടിപ്പിന്റെ വേഗത വർദ്ധിച്ചു. കടുത്ത തണുപ്പിലും ശരീരം വിയർക്കാൻ തുടങ്ങി. ബോധം നഷ്ടപ്പെടുന്നതുപോലെ. ജീവിതം തന്നെ കൈവിട്ടു പോകുന്ന

ഒരനുഭവം. മരണം ആസന്നമായിരിക്കുന്നു എന്നു ഞാൻ തീർച്ചയാക്കി.

മറ്റൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു ശാന്തത മനസ്സിലേക്കു കടന്നുവന്നു. സാവകാശം ശരീരത്തിന്റെയും മരവിപ്പിന്റെയും കറക്കത്തിന്റെയും എല്ലാം കാര്യം മറന്നു. വലിയൊരു നിസ്സംഗതാഭാവം എന്നെ ഗ്രസിച്ചു. ജീവിതം മുഴുവൻ ഒരർദ്ധനിമിഷത്തിൽ വെള്ളിത്തിരയിലൂടെ എന്നപോലെ മനസ്സിലൂടെ കടന്നുപോയി. അരുതാത്ത പലതും അതിലുണ്ടെങ്കിലും ദുഃഖമോ കുറ്റബോധമോ പശ്ചാത്താപമോ ഒന്നുമില്ല. ഇതിലൂടെയെല്ലാം അപകടം കൂടാതെ കടത്തിക്കൊണ്ടുപോന്ന തമ്പുരാനോടു നന്ദി മാത്രം. കണ്ണുകൾ നിറഞ്ഞൊഴുകി. നോക്കി നിന്ന പെങ്ങളുടെ മുഖം ചുവക്കുന്നതും കണ്ണുകൾ നിറയുന്നതും കണ്ടു. ജീവിതം ഇവിടെ അവസാനിക്കുകയാണെന്ന് ഇരുവരും കരുതി.

മരണത്തിനുശേഷം ചെയ്യേണ്ട അത്യാവശ്യം ചില കാര്യങ്ങൾ ശാന്തമായി സാവധാനം ഞാൻ പെങ്ങളെ പറഞ്ഞേൽപ്പിച്ചു. എല്ലാം അവൾ കേട്ടോ എന്ന് എനിക്ക് തീർച്ചയാകാത്തതിനാൽ ഒരിക്കൽ കൂടി ആവർത്തിച്ചു. ശ്വാസോച്ഛ്വാസം വളരെ മന്ദഗതിയിലായിരുന്നു. വാക്കുകൾ തുടർച്ചയായി പറയാൻ പ്രയാസവും ഉണ്ടായിരുന്നു. എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ വീണ്ടും കൂടുതൽ സമാധാനം. കർത്താവേ ദാസനിതാ ഒരുങ്ങിയിരിക്കുന്നു. അങ്ങയുടെ ഹിതം നിറവേറട്ടെ, മനസ്സു മന്ത്രിച്ചു.

മുറിയിൽ ഫോൺ ഉണ്ടായിരുന്നതിനാൽ ഇതിനിടെ പെങ്ങൾ ഡോക്ടറെ വിവരമറിയിച്ചു. നേഴ്സുമാരും ഡ്യൂട്ടി ഡോക്ടറും ഓടിയെത്തി പരിശോധനകൾ നടത്തി. ഡോക്ടറുടെ നിർദ്ദേശപ്രകാരം ഏതോ മരുന്നു കുത്തിവെച്ചു. അരമണിക്കൂറിനകം ഡോക്ടർ കോവൂർ വരുമെന്നും അവർ പറഞ്ഞു. ഈ രംഗത്തിലേക്കാണ് രണ്ട് ഉറ്റ സുഹൃത്തുക്കളായ ആനിയും സിനുവും കടന്നുവന്നത്. തക്കസമയത്ത് തന്നെ വന്നല്ലോ സന്തോഷമായി, ഞാൻ പറഞ്ഞു. പെങ്ങളിൽ നിന്നും ഏകദേശം രൂപം ലഭിച്ചിരുന്ന അവർക്കും കണ്ണീരിന്റെ ഉറവപൊട്ടി. പലസ്ഥലങ്ങളിലേക്കും ഫോൺ ചെയ്ത് അറിയിക്കാൻ ഉണ്ടായിരുന്നു. പെങ്ങൾ ആ ജോലിയിൽ വ്യാപൃതയായി. അടുത്തിരുന്ന ആനിയും സിനുവും ഞാൻ നൽകിയ നിർദ്ദേശം അനുസരിച്ചു ചില സങ്കീർത്തനങ്ങൾ വായിച്ചു. സങ്കീർത്തനം 23, 91, 27, 34, 46 മുതലായവ. എല്ലാം പ്രത്യാശയും ശക്തിയും നൽകുന്നവ.

അങ്ങനെ ഒരുക്കമെല്ലാം പൂർത്തിയാക്കി. പെട്ടെന്നാണതു സംഭവിച്ചത്. ഞാൻ ഏതോ അജ്ഞാത ലോകത്തായി. "*മൂന്നാം സ്വർഗംവരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെ ക്രിസ്തുവിൽ എനിക്കറിയാം. ശരീരത്തോടു കൂടെയോ ശരീരം കൂടാതെയോ എന്നെനിക്കറിവില്ല; അതു ദൈവത്തിനേ അറിയൂ. ഈ മനുഷ്യൻ പറുദീസായിലേക്ക് ഉയർത്തപ്പെട്ടു എന്ന് എനിക്കറിയാം - ശരീരത്തോടുകൂടെയോ ശരീരം കൂടാതെയോ എന്നെനിക്കറിവില്ല; അതു ദൈവത്തിനേ അറിയൂ. അവാച്യവും മനുഷ്യനു വിവരിച്ചുകൂടാത്തതുമായ കാര്യങ്ങൾ അവൻ കേട്ടു*" (2 കോറി. 12 : 2-4). പൗലോസ് അപ്പോസ്തോലൻ വിവരിക്കുന്നതിനു സമാനമായൊരനുഭവം.

എന്റെ ചുറ്റുപാടുകളെല്ലാം ഞാൻ മറന്നു. എവിടെയാണു ഞാൻ എന്നെനിക്കറിയില്ല. മുമ്പിൽ നല്ലൊരു പ്രകാശം. ആകാശം മുഴുവൻ നിറഞ്ഞു നിൽക്കുന്ന മേഘം. ആ മേഘത്തിനുള്ളിൽ സാവധാനം ഒരു രൂപം പ്രത്യക്ഷപെട്ടു. മനുഷ്യന്റേത് എന്ന് തോന്നിക്കുന്ന ഒരു രൂപം. എന്നാൽ മുഖം വ്യക്തമല്ല; ശരീരഭാഗങ്ങൾ ഒന്നും കാണാനാവുന്നില്ല. മനുഷ്യാകൃതിയിൽ പ്രത്യക്ഷപ്പെട്ട വെണ്മേഘം. എന്താണിത് എന്ന് അത്ഭുതസ്തബ്ധനായി ഞാൻ നോക്കിനിൽക്കുമ്പോൾ കാതുകളിൽ വലിയൊരു ശബ്ദം മുഴങ്ങി. അതു മേഘത്തിൽ പ്രത്യക്ഷപ്പെട്ട രൂപത്തിൽനിന്നോ എന്റെ ഉള്ളിൽനിന്നോ എന്നറിയില്ല. വളരെ ശാന്തവും, വ്യക്തവും, അതേസമയം സൗമ്യവുമായ ഒരു ശബ്ദം ***"YOU ARE WELCOME HOME"***. ഇംഗ്ലീഷിലാണു ഞാൻ കേട്ടത്. *"നിനക്കു വീട്ടിലേക്കു സ്വാഗതം".* ദൈവമാണ് സ്വർഗ്ഗത്തിലേക്ക് എന്നെ സ്വാഗതം ചെയ്യുന്നത് എന്ന വ്യക്തമായ അവബോധം എന്നിൽ തെളിഞ്ഞു. സമയം നിശ്ചലമായി. ഈ അവസ്ഥയിൽ എത്ര സമയം കഴിഞ്ഞുവെന്ന് അപ്പോൾ അറിഞ്ഞില്ല. ഞാൻ മരിക്കുകയാണെന്ന് എന്നെ നോക്കി നിന്നവർ കരുതി.

പക്ഷേ സമയമായിരുന്നില്ല. ഏതാണ്ട് മൂന്നു മണിക്കൂർ കഴിഞ്ഞപ്പോൾ ആരോഗ്യനില മെച്ചപ്പെട്ടു, തണുപ്പു മാറി, കൈകാലുകൾ സാവകാശം ചൂടായി, തലയുടെ മരവിപ്പും അകന്നു. വലിയൊരു ക്ഷീണം മാത്രം അവശേഷിച്ചു. ഡോക്ടർ കോവൂർ വന്നപ്പോഴേക്കും അസ്വസ്ഥതകൾ ഏതാണ്ടു പൂർണമായിത്തന്നെ വിട്ടുമാറിയിരുന്നു. ഭയപ്പെടാനൊന്നുമില്ല, തലച്ചോറിൽ നിന്ന് എന്തോ തെറ്റായ സിഗ്നലുകൾ പുറപ്പെട്ടതുകൊണ്ടാണ് ഈ അസ്വസ്ഥത ഉണ്ടായത്.

ഏതായാലും തമ്പുരാനു നന്ദി പറയുക. എല്ലാം വേഗം ശരിയായിക്കൊള്ളും. ആശ്വാസവചനങ്ങൾക്കുശേഷം മുറിയിൽ ഉണ്ടായിരുന്ന എല്ലാവരെയും കൂട്ടി നിർത്തി ഡോക്ടർ ഉച്ചത്തിൽ പ്രാർത്ഥിച്ചു. ആദ്യമായാണ് ഒരു ഡോക്ടർ തന്റെ പരിചരണത്തിലുള്ള രോഗിക്കു വേണ്ടി പ്രാർത്ഥിക്കുന്നതായി ഞാൻ കാണുന്നത്. പ്രാർത്ഥന കേട്ടതിന് നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹം പ്രാർത്ഥന സമാപിപ്പിച്ചു.

അന്നു രാത്രി വീട്ടിൽ നിന്ന് എല്ലാവരും എത്തി. പിറ്റേന്ന് ചാച്ചന്റെ ചരമവാർഷികമായിരുന്നു. 1983 മുതൽ മുടങ്ങാതെ എല്ലാവരും വീട്ടിൽ സമ്മേളിക്കുകയും ദിവ്യബലിയർപ്പിക്കുകയും ശവകുടീരം സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇത്തവണ അതു തൃശ്ശൂരിലായി. ചരമവാർഷികം മാത്രമല്ല ഒരു അകാല മരണത്തിൽനിന്നു രക്ഷനേടിയതിനു നന്ദിയുമായി.

*"എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക; അവിടന്നു നൽകിയ അനുഗ്രഹമൊന്നും മറക്കരുത്"* (സങ്കീ. 103, 2).

നാലാം ദിവസം സ്കാൻ ചെയ്തപ്പോൾ തലയോട്ടിയിൽ അല്പം രക്തം അവശേഷിച്ചിരിക്കുന്നതായി കണ്ടു. അതു വലിച്ചെടുക്കാനാവില്ല, താനേ വറ്റിക്കൊള്ളും, മരുന്നു കഴിച്ചാൽ മതി. അത്യധ്വാനം ഒഴിവാക്കണം, തല ഒരിടത്തും തട്ടാതെയും മുട്ടാതെയും സൂക്ഷിക്കണം. യാത്രകൾ, പ്രത്യേകിച്ചും ബസ്സുയാത്ര, ഒഴിവാക്കുകയാണ് നല്ലത്. അച്ചനു തമ്പുരാൻ അത്ഭുതകരമായി സൗഖ്യം നൽകിയിരിക്കുകയാണ്. യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെടാൻ വേണ്ടി കർത്താവ് നൽകിയ കൃപയായി ഇതിനെ കാണുക. ഇങ്ങനെ ചെറിയ ഒരു ഉപദേശവും ആശ്വാസവചനങ്ങളും നൽകി ഡോക്ടർ എന്നെ യാത്രയാക്കി. നാലാഴ്ച കഴിഞ്ഞു വീണ്ടും കാണണം എന്നായിരുന്നു നിർദ്ദേശം.

ഇനി എങ്ങോട്ട്? എന്താണിനി ചെയ്യുക? എവിടെയാണു താമസിക്കുക? ഓപ്പറേഷൻ കഴിഞ്ഞു മൂന്നാം ദിവസം എന്നെ കാണാൻ വന്ന വലിയമറ്റം പിതാവു തലശ്ശേരിയിലേക്ക് ക്ഷണിച്ചിരുന്നു. അച്ചനു തലശ്ശേരിയിൽ എവിടെ വേണമെങ്കിലും വന്നു വിശ്രമിക്കാം. സന്ദേശഭവൻ ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് കരിനാട്ടച്ചൻ എനിക്കായി സന്ദേശഭവനിൽ ഒരു മുറി ഒരുക്കിയിട്ടിരുന്നു. പാലാപ്പറമ്പിലെ വൃദ്ധമന്ദിരത്തിലേക്ക് ആരാധനാ മഠത്തിലെ സഹോദരിമാർ, പ്രത്യേകിച്ചും മന്ദിരത്തിന്റെ സുപ്പീരിയർ സിസ്റ്റർ എൽസീന ഹൃദ്യമായ സ്വാഗതം ആശംസിച്ചു. വീട്ടിൽ പോയി

താമസിക്കാമെന്ന് ആദ്യം കരുതി. ദീർഘദൂര യാത്ര ഒഴിവാക്കണമെന്ന നിർദ്ദേശവും ഇനിയും എന്തെങ്കിലും അത്യാവശ്യം ഉണ്ടായെങ്കിൽ തൃശ്ശൂർ എത്താനുള്ള വൈഷമ്യവും കാരണം ഇതെല്ലാം ഒഴിവാക്കി. ഡിവൈനിൽ എന്ത് സൗകര്യവും ചെയ്തു തരാമെന്നു പനക്കലച്ചനും പറഞ്ഞു.

അവസാനം അഗസ്റ്റിൻ വല്ലൂരാൻ അച്ചൻ വന്ന് ഇംഗ്ലീഷ് വിഭാഗത്തിൽ സൗകര്യമുള്ള മുറിയെക്കുറിച്ചു വിശദമായി പറഞ്ഞു. നാലാം നിലയിൽ വളരെ സ്വസ്ഥമായ ഒരു മുറി. പനക്കൽ അച്ചനും നായ്ക്കംപറമ്പിൽ അച്ചനും ചിലപ്പോഴൊക്കെ ഏകാന്ത പ്രാർത്ഥനയ്ക്കു വന്ന് ഒളിച്ചിരിക്കുന്ന സ്ഥലം. ലിഫ്റ്റ് ഉള്ളതിനാൽ നടകയറി വിഷമിക്കേണ്ട. ഭക്ഷണം മുറിയിൽ എത്തിച്ചു തരും. അനുവാദം കൂടാതെ ആരും സന്ദർശനത്തിന് പോലും വരില്ല. എല്ലാംകൊണ്ടും ഇതുതന്നെ മെച്ചം എന്നു തീരുമാനിച്ചു. അങ്ങനെ ജൂൺ ഇരുപത്തിമൂന്നാം തീയതി വെള്ളിയാഴ്ച ഡിവൈനിൽ വിശ്രമജീവിതം ആരംഭിച്ചു. പെങ്ങൾ സിസ്റ്റർ കൂട്ടിനുണ്ടായിരുന്നു.

എന്റെ പ്രതീക്ഷകളെയെല്ലാം പതിന്മടങ്ങു മറികടക്കുന്നതായിരുന്നു ഡിവൈനിൽ എനിക്കു കിട്ടിയ പരിചരണം. പ്രസംഗങ്ങൾ വേണമെങ്കിൽ കേൾക്കാൻ മുറിയിൽ തന്നെ സംവിധാനങ്ങൾ. ദിവസം അഞ്ചുനേരം എനിക്കായി പ്രത്യേകം തയ്യാറാക്കിയ ഭക്ഷണം മുറിയിൽ എത്തിച്ചു തരുന്നു. എന്താവശ്യമുണ്ടെങ്കിലും ഉടനെ ചെയ്തു കൊടുക്കണം എന്ന അഗസ്റ്റിനച്ചന്റെ നിർദ്ദേശം അക്ഷരംപ്രതി നിവൃത്തിയാക്കുന്ന സിസ്റ്റർമാരും പ്രേഷിതരും. ഹല്ലേലുയ്യാ അലയടിച്ചുയരുന്ന പ്രാർത്ഥനാന്തരീക്ഷം. പ്രത്യാശയും പ്രചോദനവും നൽകുന്ന പ്രഭാഷണങ്ങൾ. ഏത് ആവശ്യത്തിനും ഉടനടി സഹായവുമായി നിൽക്കുന്ന പെങ്ങൾ ഡോക്ടർ. എനിക്ക് താങ്ങാവുന്നതിലും കൂടുതലായിരുന്നു ഇതെല്ലാം.

മുമ്പ് ഒരിക്കലും ലഭിച്ചിട്ടില്ലാത്ത പരിഗണനയും പരിചരണവും. ഞാനറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി. മുമ്പ് ഒരിക്കലും കണ്ണീരൊഴുക്കിയതായി എനിക്ക് ഓർമ്മയില്ല. എന്നാൽ ഇവിടെ അശ്രുധാര നിലയ്ക്കാത്ത പ്രവാഹമായി. കർത്താവ് എത്ര നല്ലവനാണെന്നു രുചിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു അത്. നന്ദിയും സ്നേഹവും ഹൃദയത്തിൽ നിറഞ്ഞു. കർത്താവ് നൽകുന്ന ഈ കൃപകൾക്ക് എങ്ങനെ നന്ദി പറയും? പകരം ഞാൻ എന്തു കൊടുക്കും? ഇത്രമാത്രം സ്നേഹം കൊണ്ട് എന്നെ വീർപ്പുമുട്ടിക്കാൻ എന്തു നന്മയാണ് അവിടുന്ന് എന്നിൽ കാണുന്നത്? എനിക്കറിയില്ല.

പക്ഷേ ദൈവം സ്നേഹമാകുന്നു എന്ന മഹാ വാക്യത്തിന്റെ അർത്ഥം ഞാൻ സാവധാനം ഗ്രഹിക്കുകയായിരുന്നു. എന്നിലെ നന്മ കണ്ടിട്ടല്ല അവിടുന്ന് എന്നെ സ്നേഹിക്കുന്നത്. ആ സ്നേഹം എന്നിൽ നന്മ നിറയ്ക്കുകയാണ്.

*"എത്ര വൈകി ഞാൻ എന്റെ ദൈവമേ നിന്റെ സ്നേഹം അറിയാൻ നിന്നെ സ്നേഹിക്കുവാൻ"* എന്നു വിശുദ്ധ ആഗസ്റ്റിനോസിനോടൊപ്പം ഞാനും പറഞ്ഞു പോയി. നാലാഴ്ച കഴിഞ്ഞു വീണ്ടും ആശുപത്രിയിൽ എത്തി. എല്ലാ പരിശോധനകളും നടത്തി. സ്കാൻ കണ്ട ഡോക്ടറുടെ മുഖം പ്രസന്നമായി. തലച്ചോറ് ആയിരിക്കേണ്ട അവസ്ഥയിലേക്ക് മടങ്ങി വന്നിരിക്കുന്നു. രോഗം പരിപൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നു. ഇനി ശ്രദ്ധിച്ചാൽ മതി. ആറുമാസത്തേക്ക് എങ്കിലും തല പ്രത്യേകം സൂക്ഷിക്കണം. മരുന്നിന്റെ അളവു ഗണ്യമായി കുറച്ചു. എന്നാലും ഇനിയും ആരോഗ്യം പൂർവസ്ഥിതിയെ പ്രാപിച്ചിട്ടില്ല എന്നും വിശ്രമം ആവശ്യമാണെന്നും പഠിപ്പിക്കുന്ന പല സംഭവങ്ങളും പിന്നീടുണ്ടായി. ഒരിക്കൽ അശ്രദ്ധമൂലം തല കട്ടിലിന്റെ കാലിൽ മുട്ടി. അര മണിക്കൂറിനുള്ളിൽ തലകറക്കവും മരവിപ്പും ആരംഭിച്ചു. രക്തസമ്മർദ്ദം പെട്ടെന്ന് കൂടി. മുമ്പ് ആശുപത്രിയിൽ വച്ചുണ്ടായ അനുഭവത്തിന്റെ തുടക്കം പോലെ. എല്ലാം വീണ്ടും തകരുകയാണോ എന്ന ഭയം. ഡോക്ടർ കോവൂറിന്റെ നിർദ്ദേശം ഫോണിലൂടെ കിട്ടി. സൂചിയും ഗുളികയും വഴി പ്രശ്നം വീണ്ടും പരിഹരിക്കപ്പെട്ടു.

ഓരോ ദിവസവും കർത്താവു നൽകുന്ന ദാനമാണെന്ന ബോധ്യം ഇത്ര ശക്തമായി അനുഭവിച്ചറിഞ്ഞ അവസരം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഒരു പുനർജന്മം പോലെയാണിത്. തൊട്ടിലിൽ കിടക്കുന്ന ശിശുവിനെപ്പോലെ, തോടിനുള്ളിൽ ഒളിച്ചിരിക്കുന്ന പുഴുവിനെപ്പോലെ ഞാൻ കാത്തിരിക്കുകയാണ്. എന്നാണ് തൊട്ടിലിൽ നിന്നിറങ്ങി സ്വന്തം കാലിൽ നിൽക്കാനും നടക്കാനും കഴിയുക എന്നറിയില്ല. പൂമ്പാറ്റയായി പുറത്തിറങ്ങാൻ കഴിയുമോ? എനിക്കറിയില്ല. എന്നാലും പരാതിയൊന്നുമില്ല. ഇപ്പോൾ ലഭിക്കുന്നതുതന്നെ എത്രയോ അധികം. *"എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവും"* ആണെന്ന അപ്പസ്തോല വചനത്തിന്റെ ആഴവും പരപ്പും ധ്വനികളും കുറച്ചൊക്കെ മനസ്സിലായി വരുന്നു. നിരന്തരമായ തിരക്കിനിടയിൽ ശ്രദ്ധിക്കാതെ പോയ പലതും ഇന്നു ശ്രദ്ധയിൽപ്പെടുന്നു. നിസ്വാർത്ഥ സേവനത്തിലൂടെ പ്രകടമാകുന്ന നിഷ്കളങ്ക സ്നേഹത്തിന്റെ മനോഹാരിത. ഇതിനുമുമ്പ് യാതൊരു പരിചയവുമില്ലാതിരുന്ന നൂറുകണക്കിനു സഹോദരങ്ങളുടെ ഹൃദയാർദ്രത. പക്ഷികളുടെ,

കാക്കയുടെ പോലും ശബ്ദത്തിലൂറുന്ന സംഗീത മാധുരി. ദൈവം നൽകിയിരിക്കുന്ന പഞ്ചേന്ദ്രിയങ്ങളുടെ പ്രാധാന്യം; കാണാനും കേൾക്കാനും നടക്കാനും കഴിയുക എന്ന ദാനത്തിന്റെ മാഹാത്മ്യം. എത്രയെത്ര ദാനങ്ങൾ, എന്തു വലിയ കാരുണ്യം!

എന്തിനോ വേണ്ടി ഞാൻ കാത്തിരിക്കുകയാണ്. എന്താണു വരാൻ പോകുന്ന പുതിയ വെളിപ്പെടുത്തൽ, പുതിയ ദൗത്യം എന്ന് ഇനിയും അറിയില്ല. *"ഞാൻ കാവൽ ഗോപുരത്തിൽ നിലയുറപ്പിക്കും അവിടുന്ന് എന്നോട് എന്തു പറയും"* (ഹബ. 2, 11) എന്നറിയാൻ ഞാൻ കാത്തുനിൽക്കുന്നു. എസെക്കിയേൽ കണ്ട വരണ്ട അസ്ഥികൾ പോലെയാണ് ഇപ്പോഴത്തെ എന്റെ അവസ്ഥ. *"അസ്ഥികളുടെ മേൽ ഞരമ്പുകൾ വച്ചുപിടിപ്പിക്കുകയും മാംസം വളർത്തുകയും ചർമ്മം പൊതിയുകയും നിങ്ങളിൽ പ്രാണൻ നിവേശിപ്പിക്കുകയും ചെയ്യും; നിങ്ങൾ ജീവൻ പ്രാപിക്കും"* (എസ. 37, 1-10). കത്തുന്ന അടുപ്പിൽനിന്നു വലിച്ചെടുത്ത ഒരു വിറകുകൊള്ളിയാണു ഞാൻ. കത്തിക്കരിഞ്ഞു വികൃതമായി കുത്തിക്കെടുത്തി വച്ചിരിക്കയാണിപ്പോൾ. കരിക്കട്ടയായി ഉപയോഗിക്കാനോ, ഇനിയും കത്തിച്ചു ചൂടും വെളിച്ചവും പകരാനോ, ചാരമാക്കി അവന്റെ വയലിനു വളമാക്കാനോ, എന്തിനെന്നറിയില്ല. നന്ദിയാൽ നനയുന്ന കണ്ണുകളും സ്നേഹത്താൽ ആർദ്രമാകുന്ന ഹൃദയവുമായി ഞാൻ കാത്തിരിക്കുന്നു. പരാതിയില്ല, ഉത്കണ്ഠയില്ല, ഭാവി പദ്ധതികൾ ഒന്നുമില്ല. അവിടുത്തെ തിരുഹിതമറിയാൻ, അവിടുത്തെ ആത്മാവിനാൽ നിറയാൻ, ഞാൻ കാത്തിരിക്കുന്നു. സ്വന്തമായതെല്ലാം ചോർത്തിക്കളഞ്ഞ് ശൂന്യമായ ഹൃദയത്തോടെ!

# ഉപസംഹാരം

ഇരുപത്തഞ്ചു വർഷം മുമ്പ് കഠിനമായ തലവേദനയെ തുടർന്നു തലയോട്ടി തുരന്നു നടത്തിയ ശസ്ത്രക്രിയയ്ക്കു ശേഷം വിശ്രമത്തിൽ ആയിരുന്നപ്പോൾ എഴുതിവെച്ച ഓർമ്മക്കുറിപ്പുകൾ ആണ് ഇതുവരെ പങ്കുവെച്ചത്. ദൈവത്തിന് എന്നെക്കുറിച്ച് ഇനിയുള്ള പദ്ധതി എന്തെന്നറിയാൻ ഞാൻ കാത്തിരുന്നു. "കരിക്കട്ടയായി ഉപയോഗിക്കാനോ, ഇനിയും കത്തിച്ചു ചൂടും വെളിച്ചവും പകരാനോ, ചാരമാക്കി അവന്റെ വയലിനു വളമാക്കാനോ, എന്തിനെന്നറിയില്ല, നന്ദിയാൽ നനയുന്ന കണ്ണുകളും സ്നേഹത്താൽ ആർദ്രമാകുന്ന ഹൃദയവുമായി ഞാൻ കാത്തിരിക്കുന്നു" എന്നായിരുന്നു അവിടെ പറഞ്ഞു നിർത്തിയത്.

എന്നെ വീണ്ടും കത്തിച്ച് ചൂടും വെളിച്ചവും പകർന്നു തന്ന ദൈവത്തിന് നന്ദി! ഡിവൈൻ ധ്യാനകേന്ദ്രത്തിൽ രണ്ടു വർഷത്തെ വിശ്രമത്തിനുശേഷം തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയിൽ ഇരുപതു വർഷം വൈദിക വിദ്യാർത്ഥികളെ ബൈബിൾ പഠിപ്പിക്കാനും ആത്മീയ ഗുരുവായി നയിക്കാനും ദൈവം എന്നെ ഉപയോഗിച്ചു. സഭാകമ്പവും സംസാര തടസ്സവും ഉണ്ടായിരുന്ന എന്നെ സുവിശേഷ പ്രഘോഷണത്തിനായി ശക്തിപ്പെടുത്തി. ഡിവൈൻ, ശാലോം, ഗുഡ് നസ്സ്, മുതലായ പല ടെലിവിഷൻ ചാനലുകളിലൂടെ ആയിരക്കണക്കിനു ബൈബിൾ ക്ലാസുകൾ സംപ്രേഷണം ചെയ്യാൻ ദൈവം കൃപ നൽകി.

1998 ജനുവരിയിൽ തലശ്ശേരിയിൽ നിന്നു മാറിയപ്പോൾ നിർത്തിവച്ച എഴുത്തും പ്രസിദ്ധീകരണവും ഏഴു വർഷങ്ങൾക്കു ശേഷം മേരിമാതാ സെമിനാരിയിൽവച്ച് വീണ്ടും തുടങ്ങി. സത്യദീപം, സൺഡേ ശാലോം എന്നീ വാരികകളിലും അമ്മ, അസ്സീസ്സി, വചനോത്സവം, മേരിവിജയം, മുതലായ പല മാസികകളിലും ബൈബിൾ സംബന്ധമായ അനേകം ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. അതോടൊപ്പം ബൈബിളിൽ പ്രതിപാദിക്കുന്ന അനേകം വിഷയങ്ങളെ അടിസ്ഥാനമാക്കി മുപ്പതിൽപരം ഗ്രന്ഥങ്ങൾ രചിക്കാനും ദൈവം സഹായിച്ചു. ബൈബിൾ പഠനവുമായി ബന്ധപ്പെട്ട് ഞാൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ലേഖനങ്ങൾ, പല ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേഷണം ചെയ്ത ബൈബിൾ ക്ലാസുകൾ എല്ലാം https://www.karimattam.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വിശുദ്ധ ഗ്രന്ഥവുമായി ബന്ധപ്പെട്ട എന്റെ പ്രവർത്തനങ്ങളെ 2022 ജൂലൈ മൂന്നാം തീയതി സീറോ മലബാർ സഭ 'മല്പാൻ' എന്ന പദവി നൽകി അംഗീകരിച്ചു, പ്രോത്സാഹിപ്പിച്ചു. നന്ദി. ഇപ്പോൾ കരുവഞ്ചാലിൽ, തലശ്ശേരി രൂപതയുടെ ശാന്തിനിലയം എന്ന വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു, അതോടൊപ്പം എഴുത്തു തുടരുകയും ചെയ്യുന്നു. എല്ലാറ്റിനും ദൈവത്തിനു നന്ദി!

